# മദീന മുനവ്വറ

**Madeena Munawwara: The Radiant City**

## പ്രകാശം പരത്തുന്ന നഗരം

Author : Imtiaz Ahmad
Citizenship : American
Degrees : MSc, M.Phill ( London )
Experiences : Head of Physics Department
Government Degree College Islamabad,
Pakistan Principal Islamic Schools in America
General Manager: Mercy International U.S.A
Founder of Tawheed Center of Farmington Hills
Michigan and Tawheed Center of Detroit, Michigan U S A
Consultant, Arabian Advanced Systems, Saudi Arabia
Authors Address : P.O Box: 4321, Madina Munawwara, Saudi Arabia
E-mail: Mezaan22@hotmail.com
Website: www.imtiazahmad.com

His Books :
1. Historical Site of Madina Munawwara
2. How Islam Touched Their Hearts
3. Speeches for an Inquiring Mind
4. Reminders for people of understanding
5. Historical Events of Makkah
(All are in English and Urudu)

For URDU books visit : www.Quran-o-Sunnah.com

Books can be purchased at reasonable prices from the following places:

1. LAHORE, PAKISTAN
   Ammar-ul Islam 0300-8464042 - 0300-4148086
   E-mail: affanammar@gmail.com
2. BOOKS AND BOOKS store in Commercial Center,
   Satelite Town, Rawalpindi in Pakistan,
   Tel: 0092-51-4420495, 4420248, Fax: 4423025
3. DARUL HUDA, CHENNAI, TAMILNADU, INDIA
   Tel: 0091-44-25247866, 9840174121, 9840891551
4. FOR INTERNATIONAL ORDERS OF BOOKS VISIT:
   www.islamicmarkaz.com

# മദീന മുനവ്വറ

**Madeena Munawwara: The Radiant City**

## പ്രകാശം പരത്തുന്ന നഗരം

### ഇംതിയാസ് അഹമ്മദ്

പരിഭാഷ

**അഡ്വക്കറ്റ് ഹംസക്കുട്ടി**

അസ്ത്ര ബുക്സ്
കണ്ണൂർ
2009
വില: 80രൂപ

## അഡ്വ.ഹംസക്കുട്ടി

പാപ്പിനിശ്ശേരിയിലെ ഒരു സാധാരണ കർഷക കുടുംബത്തിൽ കൈതാട്ട് ഹുസൈന്റെയും ഖദീജയുടെയും മകനായി ജനനം. പാപ്പിനിശ്ശേരി വെസ്റ്റ് അൻസാറുൽ ഇസ്ലാം മദ്റസ, ഇരിണാവ് മുസ്ലിം യു.പി.സ്കൂൾ, വളപട്ടണം ഗവ:ഹൈസ്കൂൾ, തളിപ്പറമ്പ് സർ സയ്യിദ് കോളേജ്, ഉടുപ്പി ലോ കോളേജ്, അണ്ണാമലൈ യൂണിവേഴ്സിറ്റി എന്നിവിടങ്ങളിൽനിന്ന് വിദ്യാഭ്യാസം. 1985 മുതൽ കണ്ണൂർ ബാറിൽ അഭിഭാഷകനായി പ്രാക്ടീസ് ചെയ്യുന്നു. ഭാര്യ: ഡോ.ഷഹീദ, കണ്ണൂർ ജില്ലാ ആശുപത്രിയിൽ അസി.സർജനായി ജോലി ചെയ്യുന്നു. മക്കൾ: ഫർവ, കെൻസ, സലീഫ.
വിലാസം: സുറുർ, അലവിൽ ജംഗ്ഷൻ, പോസ്റ്റ് അലവിൽ, കണ്ണൂർ. Mob: 9446167701. email:sathyabhoomi@yahoo.co.in

ആദ്യകൃതി: പച്ചക്കുതിര *(നോവലറ്റുകൾ)*

MADEENA MUNAWWARA
THE RADIANT CITY

Proof Reading : Dr. Shaheeda, MBBS
E.mail : Chaitha2@yahoo.co.in
D.T.P : Muhammed Thwahir, Shahina & Abdul Khadar
Designing : Shinob
Published By : Dr. Shaheeda
Price : Rs.80/-
Distributed By : Asthra Books, South Bazar, Kannur.



# ഉള്ളടക്കം

- ആമുഖം ..... 8
- മദീനയുടെ നന്മകൾ ..... 11
- നേർമാർഗ്ഗത്തിലേക്ക് നയിച്ച ഖലീഫമാരുടെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം. ..... 15
- അബൂബക്കർ സിദ്ധീഖ് (റ.അ). ..... 15
- ഉമർ ഫാറൂഖ് (റ.അ) ..... 21
- ഉസ്മാൻ ബിൻ അഫ്ഫാൻ (റ.അ). ..... 32
- അലി (റ.അ) ..... 36
- ഉഹ്ദ് യുദ്ധം ..... 42
- അഹ്സാബ് യുദ്ധം ..... 54
- മദീനക്ക് ചുറ്റുമുള്ള പഴയ ജൂത ഗോത്രങ്ങൾ ..... 65
- ബനു നദിർ ..... 67
- ബനൂ ഖുറൈസ ..... 71
- ഖൂബാ പള്ളിയും ദിറാർ പള്ളിയും ..... 77
- രണ്ട് ഖിബ്ലകളുള്ള പള്ളി ..... 82
- ഗൂഢാലോചനകൾ ..... 87
- ചില പ്രധാനപ്പെട്ട സ്ഥലങ്ങൾ ..... 93
  - മസ്ജിദ് ഇജാബ് • മസ്ജിദ് അബീസർ
  - മസ്ജിദ് അൽ ഗമാമ • മസ്ജിദ് അൽ ജുമുഅഃ
  - ജന്നത്തുൽ ബഖീഅ്............
- പ്രവാചകന്റെ പള്ളിയുടെ അന്തപുരം ..... 97
- ഇംതിയാസ് അഹമ്മദിന്റെ പുസ്തകങ്ങളെ കുറിച്ച് വായനക്കാരുടെ കത്തുകൾ ..... 107



ഇന്ത്യൻ ഹജ്ജ് മിഷൻ 2008ലെ അംഗമെന്ന നിലയിലാണ് ഞാൻ പുണ്യനഗരമായ മദീനമുനവ്വറയിലെത്തിയത്. അല്ലാഹുവിന്റെ ദയാവായ്പിനാൽ, അവന്റെ കൽപ്പന സ്വീകരിച്ചെത്തുന്ന ഹാജിമാരെ സേവിക്കുവാൻ നിയുക്തയാക്കപ്പെട്ട ഒരു ഡോക്ടറെന്ന നിലയിൽ ഞാൻ എന്റെ കഴിവിന്റെ പരമാവധി ഉപയോഗിച്ചു സേവനം ചെയ്ത് വരികയായിരുന്നു.. ഇതിന്നിടയിൽ ഏകാഗ്രതയോടെയും വർദ്ധിച്ച വിശ്വാസത്തോടും അറിവോടും കൂടി എനിക്ക് പരിശുദ്ധ ഹജ്ജ് നിർവ്വഹിക്കുവാനും കഴിഞ്ഞു.

മദീനയിലെ സേവനത്തിന്നിടയിലാണ് ഞാൻ ഇംതിയാസ് അഹമ്മദിന്റെ മദീനയെ കുറിച്ചുള്ള പുസ്തകം കാണാനിടയായത്. മദീന സന്ദർശിക്കുന്ന ഓരോ വ്യക്തിയും അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ വ്യക്തമാക്കിയ ആ പുസ്തകത്തിന്റെ മലയാള പരിഭാഷ അത്യാവശ്യമാണെന്ന് എനിക്ക് തോന്നി. ഞാൻ ഇംതിയാസ് അഹ്മദിന്റെ അനുമതിയോടെ എന്റെ ഭർത്താവിനെ ബന്ധപ്പെടുകയും അദ്ദേഹമത് വളരെ വേഗത്തിൽ തന്നെ പരിഭാഷപ്പെടുത്തി മദീനയിലെത്തിച്ച്



തരികയും ചെയ്തു. വിശ്വാസികളുടെ ഹൃദയത്തിലേക്ക് നന്മയുടെ ഒരു ജാലകം തുറന്ന് വെക്കാൻ എന്റെ കുടുംബത്തിന്ന് സാധിച്ചതിൽ ഞാൻ സർവ്വ ലോക രക്ഷിതാവിനോട് അങ്ങേയറ്റം കടപ്പെട്ടവളാണ്. മദീനയെ കുറിച്ച് അറിയാൻ ആഗ്രഹിക്കുന്ന ഓരോ വ്യക്തിക്കും ഇതനുഗ്രഹപ്പെട്ട വഴിയടയാള മാണെന്ന കാര്യത്തിൽ സംശയമില്ല.

ഈ പുസ്തകം മലയാളത്തിൽ പരിഭാഷപ്പെടുത്തി പ്രസിദ്ധീകരിക്കുവാൻ എന്നെ പ്രേരിപ്പിക്കുകയും അതിന്നാവശ്യമായത് ചെയ്തു തരികയും ചെയ്ത ഇന്ത്യൻ ഹജ്ജ് മിഷന്റെ തലവനായ ഡോ. മുഹമ്മദ് അബ്ദുൽ ജബ്ബാറിന്റെ സഹായം ഈ അവസരത്തിൽ ഞാൻ ഹൃദയപൂർവ്വം ഓർമ്മിക്കുകയാണ്. കൂടാതെ ഇത് മലയാളത്തിലാക്കുവാൻ വേണ്ടി എന്റെ ഭർത്താവിനോട് സഹകരിച്ച ഏവരോടും ഞാൻ നന്ദി രേഖപ്പെടുത്തുന്നു. ഈ പുസ്തകം ഞങ്ങൾ ഇന്ത്യൻ ഹജ്ജ് മിഷൻ ഓഫ് മദീന 2008-ന്നായ് സമർപ്പിക്കുന്നു.

സ്നേഹാദരവോടെ

മദീന

01-01-09 **ഡോ. ഷഹീദ**

بسم الله الرحمن الرحيم

# ആമുഖം

മദീന സന്ദർശിക്കുന്ന ഓരോ വ്യക്തിയും ആദരണീയരാണ്. സർവ്വലോക രക്ഷിതാവായ അല്ലാഹു അവന്റെ ദയാവായ്പിനാലാണ് മദീന സന്ദർശിക്കുവാൻ ഓരോരുത്തരെയും തെരഞ്ഞെടുക്കുന്നത്. ഓരോ വ്യക്തിയും അവരുടെ വിലപ്പെട്ട സമയവും പണവും അദ്ധ്വാനവും ചിലവഴിച്ചാണ് ഈ അവസരം ഉപയോഗപ്പെടുത്തുന്നത്. അവസാനം, മദീന എന്ന സ്വപ്നം സാക്ഷാൽക്കരിക്കപ്പെടുമ്പോൾ ഓരോ സന്ദർശകനും മദീനയുടെ ആത്മീയ സൗരഭ്യം ശ്വസിക്കാനാവുന്നു. പ്രവാചകന്റെ പള്ളിയിൽ ഒന്നിച്ച് ചേർന്നുള്ള നമസ്ക്കാരവും ഖുർആൻ പാരായണവും മദീനയിലെത്തുന്നവരുടെ പ്രധാനപ്പെട്ട കർമ്മമാണ്. സന്ദർശകരിൽ മുഴുവൻ ആളുകളും മദീനയിലെ ചരിത്ര സ്ഥലങ്ങളും മതപരമായി പ്രാധാന്യമുള്ള സ്ഥലങ്ങളും സന്ദർശിക്കുവാൻ ശ്രമിക്കാറുണ്ട്. ഈ യാത്രകൾ പതിവു ചടങ്ങുകളായാണ് നിരീക്ഷിക്കപ്പെടുന്നത്. സന്ദർശകർ ഉഹ്ദ് യുദ്ധത്തിലെ രക്തസാക്ഷികൾക്കായി പ്രാർത്ഥിക്കുകയും അഹ്സാബ് യുദ്ധക്കളത്തിന്നടുത്തുള്ള പള്ളിയിൽ രണ്ട് റക്അത്ത് നമസ്ക്കരിക്കുവാൻ ശ്രമിക്കുകയും ചെയ്യുന്നത് ഉദാഹരണങ്ങളാണ്.

യഥാർത്ഥത്തിൽ മദീന സന്ദർശനത്തിന് മുമ്പായി ചരിത്രത്തിലെ വിലമതിക്കാനാവാത്ത സന്ദർഭങ്ങളെക്കുറിച്ച് മനസ്സിലാക്കുകയും യാത്രയെക്കുറിച്ച് ഗൃഹപാഠം നടത്തുകയും ചെയ്താൽ തീർച്ചയായും ഓരോ സന്ദർശകനും പുരുഷനാവട്ടെ സ്ത്രീയാവട്ടെ അപ്പോൾ അവർക്ക് ആത്മീയമായ ഒരനുഭൂതി കൈവരിക്കാനാകുമെന്ന് ഞാൻ കരുതുന്നു. യുദ്ധത്തിൽ നിന്നുള്ള പാഠങ്ങളാണ് സർവ്വ ലോക



രക്ഷിതാവായ അല്ലാഹു വിശുദ്ധ ഖുർആനിലെ അൽ-അഹ്സാബ് എന്ന അദ്ധ്യായത്തിലൂടെ നമുക്ക് അവതരിപ്പിച്ചിട്ടുള്ളത്. ഉഹ്ദ് യുദ്ധത്തിൽ നിന്നും പഠിക്കേണ്ടുന്ന പാഠങ്ങൾ സൂറത്ത് ആലു ഇംറാനിൽ പലയിടങ്ങളിലായി വിവരിച്ചിട്ടുണ്ട്. ഈ പാഠങ്ങൾ സംഗ്രഹിച്ച് അതേ കുറിച്ച് വിശദീകരിക്കാതെ സാധാരണക്കാരായ വായനക്കാരന്റെ സമയവും ആഗ്രഹവും കണക്കിലെടുത്ത് കാര്യങ്ങൾ വിവരിക്കാനാണ് ഞാൻ ഈ ബുക്ക്ലെറ്റിലൂടെ ഉദ്ദേശിക്കുന്നത്. ഇതിലെ ഗൃഹപാഠങ്ങൾ ഈ പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നവർക്ക് അമൂല്യമായിരിക്കുമെന്ന് ഞാൻ കരുതുന്നു.

നമ്മുടെ മുൻഗാമികളുടെ സംഭാവനകളും ത്യാഗങ്ങളും വായനക്കാരനാൽ പ്രശംസിക്കപ്പെടുന്നതാണ്. അവരുടെ ആത്മീയനുഭവങ്ങളെ ആവാഹിച്ചും തൊട്ടുതലോടിയും തീർത്ഥാടനം കഴിഞ്ഞ് ജൻമസ്ഥലത്തേക്ക് തിരിച്ച് പോകുന്ന സന്ദർശകന് തീർച്ചയായും അവന്റെ കഴിഞ്ഞു പോയ ജീവിത വീക്ഷണത്തിന് ഇത്വഴി സമൂല മാറ്റം വരുത്താൻ സാധിക്കുന്നതാണ്.

ഈ ബുക്ക്ലെറ്റിലൂടെ കടന്ന് പോകുമ്പോൾ വായിക്കപ്പെടുന്ന ചില ഗൂഢാലോചനകൾ വളരെ അവിശ്വസനീയവും മനുഷ്യത്വരഹിതവുമായി തോന്നാം. ഇത്തരത്തിലുള്ള ക്രൂരതയുള്ളവർ എല്ലാ കാലത്തും ലോകത്ത് ജീവിച്ചതായി കാണാം. മദീനയിലെ ചില പഴയ ജൂത വംശക്കാരുടെ ശക്തിയും ദൗർബല്യവും നിങ്ങൾക്ക് കാണാൻ കഴിയും. നന്മയിലൂടെ സൽപാതയിലേക്ക് നമ്മെ നയിച്ച ഖലീഫമാരുടെ ജീവിതത്തിൽ നിന്ന് നാം പാഠമുൾക്കൊള്ളേണ്ടതാണ്. അതിലേക്ക് ഒരെത്തിനോട്ടവും ഇതിലുണ്ട്.

ചരിത്ര പുസ്തകങ്ങളിലെ ദീർഘമായ വിവരണങ്ങൾ തീർച്ചയായും ആത്മീയയാത്രയെ വിരസമാക്കുകയും യഥാർത്ഥ വിവരണങ്ങൾ ഉൾക്കൊള്ളാനാവാതിരിക്കുകയും ചെയ്യുന്നതാണ്. അതുപോലെ ഹജ്ജ്, ഉംറ ഗൈഡുകൾ ചരിത്രത്തിലെ ഈ സന്ദർഭത്തെ ക്കുറിച്ച് വിവരിക്കുന്നുമില്ല. ഇതിനിടയിലെ മധ്യപാത സ്വീകരിച്ച് നിങ്ങളെ ചരിത്രത്തിലെ ആത്മീയ അനുഭവത്തിലേക്ക് നയിക്കുകയാണ് ഈ ബുക്ക്ലെറ്റ് ചെയ്യുന്നത്.

ഖുർആൻ വചനങ്ങളുടെ വിവർത്തനം ഡോ. അൽഹിലാലിയുടെയും ഡോ. മുഹമ്മദ് ബാഹസിൻ അലിയുടെയും വിവർത്തനങ്ങളെ ആസ്പദമാക്കിയാണ് രേഖപ്പെടുത്തിയത്. ഈ സംരംഭത്തിന് എന്നെ സഹായിച്ച സഹോദരൻമാരായ ബക്തിയാറുദ്ധീൻ, സയ്ദ് റഹീമുദ്ധീൻ, ഹഫീസുജാദ്, മുഹമ്മദ് അമീർ ബേഗ് എന്നിവരോട് ഞാൻ നന്ദിയുള്ളവനാണ്.

മുമ്പ് സർഗോത്തയിലെ പി.എ.എഫ് സ്കൂളിൽ ഞാൻ പഠിപ്പിച്ചിരുന്നപ്പോൾ അവിടെയുണ്ടായിരുന്ന ഇളയ സഹോദരൻ മുഹമ്മദ് സിദ്ധീഖ് ഷെയ്ഖിനെ കാണുവാൻ എനിക്ക് കഴിഞ്ഞു. ഈ ബുക്ക്ലെറ്റ് തയ്യാറാക്കുന്നതിലും വിതരണം നടത്തുന്നതിലും അദ്ദേഹത്തിന്റെ സഹായം ഉണ്ടായിട്ടുള്ളത് എടുത്ത് പറയത്തക്കതാണ്. സർവ്വേശ്വരൻ ഈ എളിയ ഉദ്യമത്തെ ഞങ്ങളിൽ നിന്നും സ്വീകരിക്കുമാറാകട്ടെ.

**ഇംതിയാസ് അഹമ്മദ്**

ഓ. ചിന്തിക്കുന്ന മനുഷ്യാ, ബുദ്ധിപരമായ നിർണ്ണയങ്ങളുണ്ടാക്കുക എന്നത് മനോഹരമാണ്. എന്നിരിക്കിലും ഒരാൾക്ക് സത്യം കാണാൻ കഴിയുന്നില്ലെങ്കിലോ ഏതൊന്നിൽ നിന്നും ഗുണപാഠങ്ങൾ പഠിക്കുന്നില്ലെങ്കിലോ അത് വെറും ഉപയോഗ ശൂന്യമായ ബൗധിക കസർത്തു മാത്രമായിരിക്കുന്നു. ( ഇഖ്ബാൽ).

*(ഈ പുസ്തകത്തിന്റെ ഇംഗ്ലീഷ് പതിപ്പിന് വേണ്ടി ഇംതിയാസ് അഹമ്മദ് എഴുതിയ ആമുഖത്തിന്റെ പരിഭാഷ)*



# മദീനയുടെ നന്മകൾ

മുഹമ്മദ് നബി(സല്ലല്ലാഹു അലൈഹി വസല്ലം) മക്കയിൽ നിന്ന് മറ്റേതെങ്കിലും ദിക്കിലേക്ക് കുടിയേറി പാർക്കാൻ ആഗ്രഹിച്ച സമയം ലോകരക്ഷിതാവായ അല്ലാഹുവിനോട് ഇങ്ങനെ പ്രാർത്ഥിച്ചു. “അല്ലാഹുവേ. നീ ... നിന്റെ ഏറ്റവും പ്രിയപ്പെട്ട ഈ നഗരത്തിൽ നിന്ന് എന്നെ സ്വീകരിച്ച് നിനക്ക് ഏറെ പ്രിയപ്പെട്ട ലോകത്തിലെ മറ്റേതെങ്കിലും നഗരത്തിലെത്തിക്കണമേ....” അല്ലാഹു പ്രവാചകന്റെ ഈ പ്രാർത്ഥന സ്വീകരിക്കുകയും അദ്ദേഹത്തെ മദീന മുനവ്വറയിലേക്ക് കുടിയേറി പാർക്കുവാൻ സഹായിക്കുകയും ചെയ്തു. അതിനാൽ മദീന ലോകത്തിലെ ഏറ്റവും ഉൽകൃഷ്ട നഗരമാണെന്ന് സാരം. മക്ക ജയിച്ചടക്കിയ ശേഷവും പ്രവാചകൻ മദീന തന്നെയാണ് തന്റെ ഇസ്ലാമിക പ്രവർത്തനത്തിന്റെയും ജീവിതത്തിന്റെയും വേദിയാക്കി നിലനിർത്തിയത്.

എപ്പോഴൊക്കെ പ്രവാചകൻ യാത്ര കഴിഞ്ഞ് മദീനയിലേക്ക് വന്നിരുന്നുവോ അപ്പോഴൊക്കെ വല്ലാത്ത വേഗത കാണിക്കുകയും മുഖാവരണം നീക്കം ചെയ്ത് മുഖത്തേക്ക് മദീനയുടെ സാന്ത്വന സ്പർശം സ്വീകരിക്കുകയും ചെയ്തിരുന്നു. മദീനയിലെ പൊടിപടലങ്ങൾക്ക് പോലും ആരോഗ്യദായകമായതും രോഗം ശമിപ്പിക്കാനുമുള്ള കഴിവുള്ളതായി പ്രവാചകൻ പറയാറുണ്ട്. അത് കൊണ്ടാവണം മദീനയെ ശഫിയ്യ അഥവാ രോഗശമനകൻ എന്നും വിളിക്കാറുള്ളത്.

നബി തിരുമേനി (സ.അ) അദ്ദേഹത്തിന്റെ അനുചരൻമാരോട് അവർ മദീനയിൽ വെച്ച് മരിക്കണമെന്ന് നിർദേശിക്കുമായിരുന്നു. മദീനയിൽ മറമാടപ്പെട്ടവർക്കായി അന്ത്യനാളിൽ പ്രവാചകൻ സാക്ഷിയാവുകയും ശുപാർശകനാവുകയും ചെയ്യുന്നതാണ്. ഖലീഫ

ഉമർ (റഅ) ഇങ്ങനെ പ്രാർത്ഥിച്ചിരുന്നു. “അല്ലാഹുവേ നീ എന്നെ രക്തസാക്ഷിയാക്കുകയും പ്രവാചകന്റെ നഗരത്തിൽ വെച്ച് മരിപ്പിക്കുകയും ചെയ്യേണമേ.” സർവ്വ ലോക രക്ഷിതാവായ അല്ലാഹു അദ്ദേഹത്തിന്റെ രണ്ട് ആഗ്രഹങ്ങളും സഫലീകരിച്ചു.

മുഹമ്മദ് നബി (സ.അ) ഇങ്ങനെ പ്രാർത്ഥിച്ചു. അല്ലാഹുവേ ഇബ്രാഹിം നബി (സ.അ) നിന്റെ ആരാധകനും സുഹൃത്തുമാണല്ലോ. അദ്ദേഹം മക്കാ നിവാസികളുടെ ശാന്തിക്കും ഉന്നതിക്കും വേണ്ടി പ്രാർത്ഥിച്ചു. ഞാൻ നിന്റെ ആരാധകനും പ്രവാചകനുമാണ്. മദീനാ നിവാസികൾക്ക് മക്കാ നിവാസികൾക്ക് നൽകിയതിന്റെ രണ്ട് മടങ്ങ് അനുഗ്രഹം നീ ചൊരിയണമെന്ന് നിന്നോട് ഞാൻ കേഴുന്നു. വ്യത്യസ്ത വസ്തുക്കളിലെ അളവുകളിലും തൂക്കത്തിലും നീ ഞങ്ങൾക്ക് നിന്റെ പൂർണ്ണമായ അനുഗ്രഹം ചൊരിയണമേ.

വെള്ളിയിലെ മാലിന്യങ്ങൾ മൂശയിലുരുക്കി നീക്കം ചെയ്യുന്നത് പോലെ ഓരോരുത്തരുടെയും പാപങ്ങൾ ഉരുക്കിക്കളയുവാൻ മദീന നിങ്ങളെ സഹായിക്കുന്നു. മദീനയിലെ ഏഴ് അജ്‌വ ഈത്തപ്പഴം പ്രാതലിന് ഒരാൾ കഴിക്കുകയാണെങ്കിൽ അദ്ദേഹത്തിന് വിഷമേൽക്കുകയോ ആഭിചാരത്തിന്റെ ദൂഷ്യമേൽക്കുകയോ ചെയ്യില്ലെന്ന് സ്വഹീഹായ ഹദീസുകളിൽ പറഞ്ഞിട്ടുള്ളത് ഓർക്കുക.

മദീനയിലെ മസ്ജിദ് നബവിയും മസ്ജിദ് ഖുബയും ഏക ദൈവ വിശ്വാസത്തിന്റെയും ഭക്തിയുടെയും കേന്ദ്രങ്ങളാണ്. മസ്ജിദു നബവിയിലെ മിമ്പർ സ്വർഗ്ഗത്തിലേക്കുള്ള പാതയാണ്. പ്രവാചകന്റെ ഭൗതീകദേഹം അടക്കം ചെയ്ത സ്ഥലത്തിന്നും മിമ്പറിന്നുമിടയിലുള്ള സ്ഥലം സ്വർഗ്ഗത്തിലെ ഒരു പൂന്തോട്ടമാണ്. ഉഹ്ദ് മല സ്വർഗ്ഗത്തിലെ മലയാണ്. പ്രവാചകൻ ഈ മലയെ അത്രയധികം സ്നേഹിച്ചിരുന്നു.

മറ്റെല്ലാ നഗരങ്ങളും യുദ്ധത്തിലൂടെയാണ് മുസ്ലിങ്ങൾ കീഴടക്കിയത്. മദീന നഗരം മാത്രമാണ് ഖുർആന്റെ അനുഗ്രഹത്തിലൂടെയും അദ്ധ്യാപനത്തിലൂടെയും ഇസ്ലാമിന്റെ കീഴിലായത്. മദീന നഗരത്തിന്റെ ഹൃദയഭാഗത്തേക്ക് ദജ്ജാലിന്റെ പ്രവേശനം തടയപ്പെട്ടിട്ടുണ്ട്.

പ്രവാചകൻ ഇങ്ങനെപറഞ്ഞു. “ഈമാൻ മദീനയിലേക്ക് തിരിച്ച് വരും ഏത് പോലെയെന്നാൽ പാമ്പ് അതിന്റെ മാളത്തിലേക്ക് തിരിച്ച് പോകുന്നത് പോലെ.”



പ്രവാചകൻ പറഞ്ഞു. മദീന നിവാസികളെ ബഹുമാനിക്കുക. മദീന ഞാൻ കുടിയേറിയ സ്ഥലം മാത്രമല്ല ഇവിടെയാണ് ഞാൻ മറമാടപ്പെടുക. ഇവിടെ നിന്നാണ് അന്തിമ വിചാരണക്കായി ഞാൻ ഉയർത്തെഴുന്നേൽക്കുകയും ചെയ്യുക. നിങ്ങൾ തീർച്ചയായും മദീനാ നിവാസികളുടെ അവകാശങ്ങൾ അംഗീകരിക്കുക. അവരെന്റെ അയൽക്കാർ കൂടിയാണ്. അവരുടെ തെറ്റുകുറ്റങ്ങൾ നിങ്ങൾ പൊറുക്കുക. എന്റെ അയൽപക്കക്കാരുടെ അവകാശങ്ങൾ ആര് അനുവദിച്ചുവോ അവർക്കായി ഞാൻ ശുപാർശകനും സാക്ഷിയുമാകുന്നതാണ്. ആര് അവരെ അവഗണിച്ചുവോ അവർക്ക് അന്ത്യനാളിൽ ദുരിതത്തിന്റെ കൈപ്പുനീർ കുടിക്കേണ്ടി വരുന്നതാണ്.

## ചില പൊതു വിവരണങ്ങൾ താഴെ ചേർക്കുന്നു.

1. മുഹമ്മദ് നബി (സ.അ) യുടെ കാലത്തോ നാല് ഖലീഫമാരുടെ കാലത്തോ മസ്ജിദുന്നബവിക്ക് മിഹ്റാബ് ഉണ്ടായിരുന്നില്ല. ഹിജ്റ 91ൽ ഒമർ ബിൻ അബ്ദുൽ അസീസിന്റെ കാലത്താണ് മിഹ്റാബ് പണിതിരുന്നത്.
2. അതുപോലെ മസ്ജിദുന്നബവിക്ക് നബിയുടെയോ നാല് ഖലീഫമാരുടെയോ കാലത്ത് മിനാരങ്ങളുണ്ടായിരുന്നില്ല. നാല് മിനാരങ്ങൾ ഹിജ്റ 91ൽ ഒമർ ബിൻ അബ്ദുൽ അസീസാണ് നിർമ്മിച്ചത്.
3. ആദ്യകാലത്ത് ഇവിടെ മിമ്പർ ഉണ്ടായിരുന്നില്ല. ഒരു മരത്തടിയിൽ ചാഞ്ഞുനിന്നാണ് പ്രവാചക തിരുമേനി (സ.അ) മതപ്രഭാഷണം നടത്തിയിരുന്നത്. ഹിജറ 8 ൽ മരത്തിന്റെ മൂന്ന് സ്റ്റെപ്പുള്ള മിമ്പർ പണിയുകയും അതിൽ കയറി നിന്ന് നബി (സ.അ) വിശ്വാസികളെ ഉൽബോധനപ്പെടുത്തുകയും ചെയ്തിരുന്നു.
4. പ്രവാചകന്റെ പഴയ പള്ളിയിലുണ്ടായിരുന്ന സ്തൂപങ്ങളും തൂണുകളും അതേ സ്ഥാനത്ത് തന്നെ ഇന്നും നിലനിർത്തിയിട്ടുണ്ട്. ചില സ്തൂപങ്ങൾക്ക് വലിയ പ്രാധാന്യങ്ങളുണ്ട്.
5. സൽപാതയിലേക്ക് സമൂഹത്തെ നയിച്ച ഖലീഫമാരുടെ ഭവനങ്ങളെക്കുറിച്ചുള്ള വിവരണങ്ങൾ താഴെ പറയും പ്രകാരമാണ്.

പ്രവാചകന്റെ പള്ളിയുടെ പടിഞ്ഞാറെ ചുമരിന്നടുത്താണ് അബൂബക്കർ (റ.അ) യുടെ ഭവനം സ്ഥിതി ചെയ്തിരുന്നത് അത് ഇപ്പോഴത്തെ സിദ്ദീഖ് വാതിലിന്റെ നേർരേഖയിലാണ്. അദ്ദേഹത്തിന്റെ

മറ്റൊരു ഭവനം പള്ളിയുടെ കിഴക്ക് ഭാഗത്ത് ജിബ്രീൽ ബാബിൽ നിന്ന് ബാഖി ബാബിലേക്കുള്ള തെരുവിലാണ്. ഈ ഭവനത്തിലാണദ്ദേഹം അവസാന ദിനങ്ങളിൽ താമസിച്ചിരുന്നത്. അദ്ദേഹത്തിന്റെ അന്ത്യവുമിവിടെയായിരുന്നു.

ഉമർ(റ.അ)യുടെ ഭവനം റഹ്മത്ത് വാതിലിന്നും സിദ്ധീഖ് വാതിലിന്നിടയിലുമാണ്. ജുമുഅഃ നമസ്ക്കാരത്തിലെ അണി ഇത്വരെ നീളുമായിരുന്നു. ഉസ്മാൻ (റ.അ) ക്ക് രണ്ട് ഭവനങ്ങളായിരുന്നു. വലിയ ഭവനം ഇപ്പോഴത്തെ ബാഖി വാതിലിന്നപ്പുറത്താണ്. അദ്ദേഹം രക്തസാക്ഷിയായത് ഈ വീടിന്റെ വടക്കുഭാഗത്തെ മൂലയിൽ വെച്ചായിരുന്നു. അലി (റ.അ) യുടെ ഭവനം ആയിശ (റ.അ ) യുടെ പുണ്യഅറയുടെ അല്ലെങ്കിൽ ആയിശ (റ.അ) യുടെ കുടിലിന് തൊട്ട് വടക്കായാണ്. അലിയുടെ ഭവനത്തിന്റെ വടക്കേ ചുമരിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ മിഹ്റാബ് ഉണ്ട്.



# നേർമാർഗ്ഗത്തിലേക്ക് നയിച്ച ഖലീഫമാരുടെ ജീവിതത്തിലേക്ക് ഒരെത്തിനോട്ടം

മുസ്ലിം ജനതയെ ചൊവ്വായ പാതയിലൂടെ നയിച്ച നാല് ഖലീഫമാരുടെ ജീവിതത്തെ കുറിച്ച് സന്ദർശകർ ഓർമ്മിക്കേണ്ടതാണ്. കാരണം അവർ നമ്മെ സൻമാർഗ്ഗത്തിലൂടെയാണ് നയിച്ചിരുന്നത്.

## അബൂബക്കർ (റ.അ) (ഹിജറ 11-13)

അല്ലാഹു (സുബഹാനവുത്താല) വിശുദ്ധഖുർആനിലെ അൽ നിസ്സാഅ് എന്ന അദ്ധ്യയത്തിലെ 69-ാ മത്തെ വചനത്തിലൂടെ ഇങ്ങനെഉൽബോധിപ്പിക്കുന്നു.

وَمَن يُطِعِ ٱللَّهَ وَٱلرَّسُولَ فَأُوْلَٰٓئِكَ مَعَ ٱلَّذِينَ أَنْعَمَ ٱللَّهُ عَلَيْهِم مِّنَ ٱلنَّبِيِّـۧنَ وَٱلصِّدِّيقِينَ
وَٱلشُّهَدَآءِ وَٱلصَّٰلِحِينَۚ وَحَسُنَ أُوْلَٰٓئِكَ رَفِيقًا ﴿٦٩﴾

*ആര് അല്ലാഹുവിനെയും അവന്റെ റസൂലിനെയും അനുസരിക്കുന്നുവോ അവർ അല്ലാഹു അനുഗ്രഹിച്ചവരായ പ്രവാചകൻമാർ, സത്യസന്ധൻമാർ, രക്തസാക്ഷികൾ, സച്ചരിതൻമാർ എന്നിവരോടപ്പമായിരിക്കും.*

പണ്ഡിതൻമാരുടെ അഭിപ്രായത്തിൽ സിദ്ധീഖ് എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ് സംശയമില്ലാതെയും യാതൊരു ആനുകൂല്യവും

പ്രതീക്ഷിക്കാതെയും ആര് നബിയെ പിൻപറ്റി മുസ്ലിമായോ അവരെ ഉദ്ധേശിച്ചാണ്. അത്തരത്തിൽ ഇസ്ലാം ആശ്ലേഷിച്ചത് അബൂബക്കർ (റ.അ)യാണ്. അത് കൊണ്ടാണദ്ദേഹം സിദ്ധീഖ് എന്ന പേരിലറിയപ്പെട്ടത്, കൂടാതെ മേൽ വചനത്തിൽ സൂചിപ്പിച്ചിട്ടുള്ള രക്തസാക്ഷി എന്ന സംജ്ഞയേക്കാൾ ഉന്നതിയിലാണ് സിദ്ധീഖ് എന്ന പദം കൊണ്ടർത്ഥമാക്കുന്നത്.

അവിശ്വാസികൾ ഓരോ ദിവസവും പുതുവിശ്വാസികളെ കഠിനമായി പീഡിപ്പിച്ചു കൊണ്ടിരുന്നു. അവർ കബ്ബാബ് (റ.അ) യെ തീ ജ്വാലകൾക്ക് മുകളിലിട്ട് പൊള്ളിപ്പിക്കുകയും അദ്ദേഹത്തിന്റെ നെഞ്ചിനുമുകളിൽ ഭാരമേറിയ കല്ലുകൾ വെച്ച് അനങ്ങാൻ പോലുമാവാത്ത അവസ്ഥയിലാക്കി പീഡിപ്പിക്കുകയും ചെയ്തിരുന്നു. ഇബ്നു ഹിശാം (റ.അ) സൂചിപ്പിച്ച പ്രകാരം അബൂബക്കർ (റ.അ)യാണ് ബിലാൽ (റ.അ), അമർബിൻ ഫൊഹാരിയ (റ.അ), കബാബ് ബിൻ അറത്ത് (റ.അ) എന്നിവരെ വിലക്ക് വാങ്ങി മോചിപ്പിച്ചത്. അടിമകളെ മോചിപ്പിക്കുകയെന്ന സൽക്കർമ്മത്തിന്റെ ആദ്യകിരണമായിരുന്നു അബൂബക്കർ സിദ്ധീഖ് (റ.അ) യുടെ ആ പ്രവൃത്തി.

അപ്രകാരം സിന്നെര (റ.അ), നഹ്ദിയ (റ.അ) ഉമ്മു അബൈസ് (റ.അ) എന്നീ സ്ത്രീ അടിമകളും ആദ്യ ഘട്ടത്തിൽ തന്നെ ഇസ്ലാംമതം വിശ്വസിച്ചിരുന്നു. ബഹുദൈവാരാധാകർ അവരെ പല വിധത്തിലും പീഡിപ്പിച്ചിരുന്നു. അബൂബക്കർ (റ.അ) അവരേയും വിലക്ക് വാങ്ങി മോചിപ്പിച്ചു.

ഖുർആനിലെ വചനങ്ങൾ പൂർണ്ണാർത്ഥത്തിൽ അബൂബക്കർ (റ.അ) മനസ്സിലാക്കിയിരുന്നു. പ്രവാചക തിരുമേനി (സ.അ) മരണപ്പെട്ടപ്പോൾ ഉമർ (റ.അ) ഉൾപ്പെടെയുള്ള സഹാബി പ്രമുഖർ നബിയുടെ മരണം ഉൾക്കൊള്ളാനാവാതെ സംഭ്രമിക്കപ്പെട്ടിരുന്നു. അപ്പോൾ അബൂബക്കർ (റ.അ) വിശുദ്ധ ഖുർആനിലെ ആലു ഇംറാനിലെ 144ാം വചനം അവർക്ക് ഓതി കേൾപ്പിച്ചു.

وَمَا مُحَمَّدٌ إِلَّا رَسُولٌ قَدْ خَلَتْ مِن قَبْلِهِ الرُّسُلُ ۚ أَفَإِن مَّاتَ أَوْ قُتِلَ انقَلَبْتُمْ عَلَىٰ
أَعْقَابِكُمْ ۚ وَمَن يَنقَلِبْ عَلَىٰ عَقِبَيْهِ فَلَن يَضُرَّ اللَّهَ شَيْئًا ۗ وَسَيَجْزِي اللَّهُ الشَّاكِرِينَ

*'മുഹമ്മദ് (സ.അ) അല്ലാഹുവിന്റെ ഒരു ദൂതൻ മാത്രമാകുന്നു,*



*അദ്ദേഹത്തിന് മുമ്പ് ദൂതൻമാർ കഴിഞ്ഞു പോയിട്ടുണ്ട്. അദ്ദേഹം മരണപ്പെടുകയോ കൊല്ലപ്പെടുകയോ ചെയ്തതെങ്കിൽ നിങ്ങൾ പുറകോട്ട് തിരിച്ച് പോകുകയോ ആരെങ്കിലും പുറകോട്ട് തിരിച്ച് പോകുന്ന പക്ഷം അല്ലാഹുവിന്ന് ഒരു ദ്രോഹവും അത് വരുത്തുകയില്ല. നന്ദി കാണിക്കുന്നവർക്ക് അല്ലാഹു തക്കതായ പ്രതിഫലം നൽകുന്നതാണ്'.*

ഈ വചനം നബി (സ.അ)യുടെ സഹാബിമാരുടെ സംശയം ദൂരീകരിക്കപ്പെടുകയും അവർ സാഹചര്യത്തോടിണങ്ങുകയും ചെയ്തു.

നബി (സ.അ) യുടെ വഫാത്തിന്നു ശേഷം സക്കാത്ത് നൽകില്ലെന്ന് പറഞ്ഞവരോട് അബൂബക്കർ (റ.അ) യുദ്ധം പ്രഖ്യാപിച്ചപ്പോൾ സഹാബികൾ ധാരാളം പേർ അതിനെ എതിർക്കുകയും ഇങ്ങനെ വാദിക്കുകയും ചെയ്തു. "നമസ്ക്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ഹജ്ജ് ചെയ്യുകയും ചെയ്തവരെ വധിക്കാനാണോ നിങ്ങൾ ആഗ്രഹിക്കുന്നത്?"

അപ്പോൾ അവരോട് അബൂബക്കർ (റ.അ) ഇങ്ങനെ പറഞ്ഞു.

"സക്കാത്ത് കൊടുക്കില്ലെന്ന് പറയുന്നവർ ഇസ്ലാമിൽ നിന്ന് പുറത്തായവരാണ്." ഇങ്ങനെ അദ്ദേഹം അനിസ്ലാമികമായ ഈ വാദങ്ങളുടെ മുനയൊടിക്കുകയുണ്ടായി". സക്കാത്ത് കൃത്യമായും സത്യമായും നിർബന്ധമായും നൽകേണ്ടതാണെന്ന് അദ്ദേഹം നമ്മെ ഓർമ്മിപ്പിക്കുകയാണ് ചെയ്തത്.

അബൂബക്കർ (റ.അ) ഇങ്ങനെ ചോദിച്ചതായി ഇബ്നു അസീർ വിവരിക്കുന്നു. ഞാൻ ഖലീഫ ആയതിന് ശേഷം ഏതൊക്കെ സാധനങ്ങളാണ് കൂടുതലായി സമ്പാദിച്ചത് എന്നറിയാമോ? അതിന്നുത്തരം അദ്ദേഹം ഇപ്രകാരം പറഞ്ഞു.

വെള്ളം കൊണ്ടുവരാനുള്ള ഒരൊട്ടകം

കുട്ടികളെ നോക്കാനും മുസ്ലിങ്ങളുടെ വാളിന്നു മൂർച്ച കൂട്ടാനുമായുള്ള ഒരടിമ

ഇന്നത്തെ ഒരു റിയാല് പോലും വിലമതിക്കാത്ത ഒരു കഷ്ണം തുണി.

ഈ സാധനങ്ങൾ വരാനിരിക്കുന്ന ഖലീഫക്ക് തന്റെ മരണ ശേഷം കൈമാറേണ്ടതാണെന്നദ്ദേഹം കല്പിക്കുകയും ചെയ്തു. ഈ സാധനങ്ങൾ ഏറ്റ് വാങ്ങിയ ഉമർ (റ.അ) കരയാൻ പോലും ആവാതെ

ഇങ്ങനെ പറഞ്ഞു. “അബൂബക്കറേ (റ.അ) നിങ്ങൾ നിങ്ങളുടെ പിന്തുടർച്ചാവകാശിക്ക് അസാധാരണമായ ഉദാഹരണത്തിലൂടെ വളരെ ദുർഘടമായ ദൗത്യമാണ് ഏൽപ്പിച്ചിരിക്കുന്നത്.” പൊതുപദവി അലങ്കരിക്കുകയും അന്യായമായി വിദേശ ബാങ്കുകളിൽ ധനം സമ്പാദിക്കുകയും ചെയ്യുന്നവർക്ക് ഒരു മുന്നറിയിപ്പ് കൂടിയാണിത്.

ഖുർആൻ ഹൃദിസ്ഥമാക്കിയവർ യുദ്ധത്തിൽ രക്ത സാക്ഷികളായതോടെ വിശുദ്ധ ഖുർആൻ ശേഖരിച്ച് ക്രമപ്പെടുത്തിയത് അബൂബക്കർ സിദ്ദീഖ് (റ.അ) യാണ്.

അന്ന് ധാരാളം സഹാബിമാരുടെ ഭവനങ്ങൾ തുറക്കപ്പെട്ടിരുന്നത് മസ്ജിദുന്നബവിയിലേക്കായിരുന്നു. ഈ വാതിലുകൾ അടക്കാൻ നബി (സ.അ) കൽപ്പിക്കുകയും അതിൽ അബൂബക്കർ (റ.അ) യുടെ വാതിൽ അടക്കേണ്ടതില്ലെന്ന് നബി (സ.അ) നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇത് അബൂബക്കർ (റ.അ) ആദ്യ ഖലീഫയാകുമെന്നതിന്റെ പ്രവചനം കൂടിയായിരുന്നു. ഭവനത്തിന്റെ യഥാർത്ഥ സ്ഥാനം ഇന്നും മസ്ജിദുന്നബവിയിൽ കാണാം. നിങ്ങൾ മിമ്പറിൽ നിന്ന് പടിഞ്ഞാറോട്ട് നടന്നാൽ സിദ്ധീഖ് വാതിലിന്റെ രേഖയിൽ മിമ്പറിൽ നിന്ന് അഞ്ചാമത്തെ സ്തൂപത്തിന്നരികെയാണത്.

നബി (സ.അ) തീവ്രജ്വരത്തെ തുടർന്ന് കിടപ്പിലായപ്പോൾ മസ്ജിദുന്നബവിയിൽ നമസ്ക്കാരത്തിന്ന് നേതൃത്വം നൽകാൻ കൽപ്പിക്കപ്പെട്ടത് അബൂബക്കർ (റ.അ) യോടാണ്.

ഇസ്ലാമിന്റെ ഉദയത്തിന്നു മുമ്പ് തന്നെ അബൂബക്കർ (റ.അ) നബി (സ.അ)യുടെ ഉറ്റ സുഹൃത്തായിരുന്നു. ആ സൗഹൃദത്തിനാൽ അദ്ദേഹം ആദ്യ ദിവസം തന്നെ ഇസ്ലാം മതം സ്വീകരിച്ചു. മക്കയിൽ നിന്ന് മദീനയിലേക്കുള്ള പലായനത്തിൽ ഒപ്പം കൂട്ടി അദ്ദേഹത്തെ നബി (സ.അ) ആദരിച്ചു. വി.ഖുർആനിലെ സൂറത്തുത്തൗബയിലെ 40ാം വചനം ഇങ്ങനെ അടയാളപ്പെടുത്തുന്നു.

إِلَّا تَنصُرُوهُ فَقَدْ نَصَرَهُ ٱللَّهُ إِذْ أَخْرَجَهُ ٱلَّذِينَ كَفَرُوا۟ ثَانِىَ ٱثْنَيْنِ إِذْ هُمَا فِى
ٱلْغَارِ إِذْ يَقُولُ لِصَٰحِبِهِۦ لَا تَحْزَنْ إِنَّ ٱللَّهَ مَعَنَا ۖ فَأَنزَلَ ٱللَّهُ سَكِينَتَهُۥ عَلَيْهِ
وَأَيَّدَهُۥ بِجُنُودٍ لَّمْ تَرَوْهَا وَجَعَلَ كَلِمَةَ ٱلَّذِينَ كَفَرُوا۟ ٱلسُّفْلَىٰ ۗ وَكَلِمَةُ
ٱللَّهِ هِىَ ٱلْعُلْيَا ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿40﴾



*നിങ്ങൾ അദ്ദേഹത്തെ സഹായിക്കുന്നില്ലെങ്കിൽ സത്യനിഷേധികൾ അദ്ദേഹത്തെ പുറത്താക്കുകയും അദ്ദേഹം രണ്ട് പേരിൽ ഒരാൾ ആയിരിക്കുകയും ചെയ്ത സന്ദർഭത്തിൽ അഥവാ അവർ രണ്ട് പേരും (നബിയും അബൂബക്കറും) ആ ഗുഹയിലായിരുന്നപ്പോൾ അല്ലാഹു അദ്ദേഹത്തെ സഹായിച്ചിട്ടുണ്ട്. അദ്ദേഹം തന്റെ കൂട്ടുകാരനോട് ദുഃഖിക്കേണ്ട അല്ലാഹു തീർച്ചയായും നമ്മുടെ കൂടെയുണ്ട്. എന്ന് പറയുന്ന സന്ദർഭം. അപ്പോൾ തന്റെ വകയായുള്ള സമാധാനം അദ്ദേഹത്തിന് ഇറക്കിക്കൊടുക്കുകയും നിങ്ങൾ കാണാത്ത സൈന്യങ്ങളെ കൊണ്ട് അദ്ദേഹത്തിന്ന് പിൻബലം നൽകുകയും സത്യനിഷേധികളുടെ വാക്കിനെ അവൻ അങ്ങേയറ്റം താഴ്ത്തിക്കളയുകയും ചെയ്തു. അല്ലാഹുവിന്റെ വാക്കാണ് ഏറ്റവും ഉയർന്ന് നിൽക്കുന്നത്. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു.*

അബൂബക്കർ(റ.അ)ക്ക് ശേഷം ഖലീഫയെ തിരഞ്ഞെടുക്കാനുള്ള ഒരു ഉപദേശക സമിതിയെ അദ്ദേഹം നിയോഗിച്ചു. നബി (സ.അ)യുടെ വഫാത്തിന്നു ശേഷമുണ്ടായത് പോലുള്ള വിഷമഘട്ടം ഉണ്ടാവരുതെന്ന് അദ്ദേഹം ആഗ്രഹിച്ചിരുന്നു. അദ്ദേഹവും മേൽ വിവരിച്ച ഉപദേശക സമിതിയും തമ്മിൽ അദ്ദേഹത്തിന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നത് സംബന്ധിച്ചുള്ള സംഭാഷണം കൗതുകമുളവാക്കുന്നതാണ്.

അബൂബക്കർ (റ.അ) അബ്ദുൽ റഹിമാൻബിൻ അൗഫ് (റ.അ) യോട് ഇപ്രകാരം ചോദിച്ചു.

എന്റെ പിൻഗാമിയായി ഉമർ(റ.അ)യെ നിങ്ങൾ എങ്ങനെ വിലയിരുത്തുന്നു.

അദ്ദേഹം ഇപ്രകാരം പറഞ്ഞു.

“യാതൊരു സംശയവുമില്ല. അദ്ദേഹം വളരെ നല്ലയാളാണ്. പക്ഷെ അദ്ദേഹം അങ്ങേയറ്റം കർക്കശക്കാരനും കടുപ്പമേറിയ ഹൃദയത്തിന്നുടമയാണ്.”

അബൂബക്കർ ( റ.അ) പറഞ്ഞു.

"അദ്ദേഹം ഇങ്ങനെയാണെങ്കിലും എന്നോട് സൗമ്യനാണ്. അദ്ദേഹം ഖലീഫയായാൽ സ്വഭാവികമായും സൗമ്യനാകും".

പിന്നീടദ്ദേഹം ഉസ്മാൻ (റ.അ) യോട് ചോദിച്ചു.

ഉമറിനെ അടുത്ത ഖലീഫയാക്കുന്നതിനെ കുറിച്ച് താങ്കൾ എന്ത് പറയുന്നു.

ഉസ്മാൻ ( റ.അ)പറഞ്ഞു.

“അദ്ദേഹത്തിന്റെ മനസ്സ് പുറമേ കാണുന്നതിനേക്കാൾ എത്രയോ നന്മ നിറഞ്ഞതാണെന്ന് എനിക്കറിയാം. യഥാർത്ഥത്തിൽ നമ്മളിലാരും അദ്ദേഹത്തേക്കാൾ ഉത്തമനല്ല”.

അബൂബക്കർ (റ.അ) ഇതേ കുറിച്ച് ധാരാളം മുഹാജിറുകളോടും അൻസാറുകളോടും ചോദിക്കുകയുണ്ടായി.

ഇബ്നു അസീറിന്റെ പ്രസ്താവനയിൽ ഇങ്ങനെകാണാം. അബൂബക്കർ (റ.അ) ഉമർ (റ.അ)യെ അടുത്ത ഖലീഫയാക്കാൻ ഉദ്ദേശിക്കുന്ന കാര്യം മനസ്സിലാക്കി തൽഹാ ഇബ്നു അബ്ദുള്ള (റ.അ) അബൂബക്കർ (റ.അ)യെ കാണുകയും ഇപ്രകാരം പറയുകയും ചെയ്തു.

“ഉമർ (റ.അ) കർക്കശക്കാരനും കടുപ്പമേറിയ ആളാണെന്ന് നിങ്ങൾക്കറിയാമല്ലോ. ഇക്കാരണത്താൽ അദ്ദഹത്തെ നിങ്ങളുടെ പിൻഗാമിയാക്കിയാൽ നാളെ അന്തിമവിചാരണ വേളയിൽ നിങ്ങളെങ്ങിനെയാണ് സർവ്വലോക രക്ഷിതാവായ അല്ലാഹുവിനോട് ഉത്തരം പറയുക”.

അബൂബക്കർ ( റ.അ) പറഞ്ഞു.

“ഞാൻ അല്ലാഹു (ത.അ) വിനോട് പറയും അല്ലാഹുവേ ഞാൻ നിന്റെ ഏറ്റവും അനുസരണയുള്ള ദാസനെ വിശ്വാസികളുടെ ഖലീഫയാക്കിയിരിക്കുന്നു എന്ന്.”

അബൂബക്കർ (റ.അ) യുടെ മരണാനന്തരം അദ്ദേഹത്തിന്റെ ഭവനത്തിന്റെ പൂമുഖത്ത് വെച്ച് അലി ( റ.അ) ഇപ്രകാരം ജനങ്ങളോട് പറഞ്ഞു.

“അബൂബക്കറേ (റ.അ) നിങ്ങളുടെ മേൽ അല്ലാഹുവിന്റെ ദയാവായ്പ് വർഷിക്കുമാറാകട്ടെ. പ്രവാചക തിരുമേനി (സ.അ) നിങ്ങളെ സ്നേഹിച്ചിരുന്നു. അദ്ദേഹത്തിന്റെ രഹസ്യങ്ങൾ നിങ്ങളെ വിശ്വസിച്ച് ഏൽപ്പിച്ചിരുന്നു. നിങ്ങളദ്ദേഹത്തിന്റെ ഉപദേശകനായിരുന്നു. നിങ്ങളാണ് ആദ്യം സത്യമതം വിശ്വസിച്ചത്. നിങ്ങൾ സത്യസന്ധനായ വിശ്വാസിയും അങ്ങേയറ്റം അല്ലാഹുവിനെ ഭയപ്പെട്ട ആളുമായിരുന്നു.”

അലി (റ.അ) പ്രസംഗം അവസാനിപ്പിച്ചപ്പോൾ മദീനയിലെ ജനത നഷ്ടബോധം സഹിക്കാനാവാതെ വേദനയോടെ ഏങ്ങിക്കരഞ്ഞ് കൊണ്ട് പറഞ്ഞു.

പ്രവാചക തിരുമേനിയുടെ ജാമാതാവേ അങ്ങ് പറഞ്ഞത് സത്യമാകുന്നു.



# ഉമർ ഫാറൂഖ് (റ.അ) (ഹിജറ 13-23)

ഇബ്നു ഹിശാം ഇങ്ങനെ വിവരിക്കുന്നു.

ഉമറിന്റെ ഗോത്രത്തിലെ ദാസിയായ ബനി അദി ഇസ്ലാം മതം വിശ്വസിച്ചു. അതേ തുടർന്ന് അന്ന് അവിശ്വാസിയായ ഉമർ ക്ഷുഭിതനാവുകയും അദ്ദേഹം ക്ഷീണിച്ചവശനാവുന്നതുവരെ ചമ്മട്ടി കൊണ്ട് ബനി അദിയെ പ്രഹരിക്കുകയും ചെയ്യുമായിരുന്നു. അദ്ദേഹം അവരോട് പറയും ”ഞാൻ ക്ഷീണിച്ചവശനായിരിക്കുന്നതിനാൽ ഇപ്പോൾ പ്രഹരം നിർത്തുന്നു”. അബൂബക്കർ (റ.അ) അവരെ വിലക്ക് വാങ്ങി മോചിപ്പിക്കുന്നതുവരെ ദിവസവും ഈ പ്രഹരം തുടർന്നിരിക്കുന്നു.

ഉമർബിൻ ഖത്താബിനെകുറിച്ചുള്ള അൽ ജൗസിയുടെ ചരിത്ര പുസ്തകത്തിൽ ഇങ്ങനെ രേഖപ്പെടുത്തുന്നു.

ഒരിക്കൽ ഉമർ (റ.അ) ഖഅബയുടെ പിൻഭാഗത്ത് ഒളിച്ചിരിക്കുമ്പോൾ നബി (സ.അ) അൽഹാഖ് സൂറത്ത് ഓതിക്കൊണ്ട് കഅബയിൽ നമസ്ക്കാരം നിർവ്വഹിക്കുകയായിരുന്നു. ആ വചനങ്ങളുടെ വാക്ക്ചാതുര്യവും സത്തയും ഉൾക്കൊണ്ട് അദ്ദേഹം അൽഭുതസ്തബ്ധനായി സ്വയം പറഞ്ഞു. ”തീർച്ചയായും മുഹമ്മദ് (സ.അ) ഒരു കവിയാണ്”. അപ്പോൾ നബി (സ.അ) അൽ ഹാഖ് സൂറത്തിലെ 41ാമത്തെ വചനം ഓതി.

وَمَا هُوَ بِقَوْلِ شَاعِرٍ ۚ قَلِيلًا مَّا تُؤْمِنُونَ ﴿٤١﴾

*ഇത് കവി വചനമല്ല. നിങ്ങൾ എത്ര കുറച്ചേ വിശ്വസിക്കുന്നുള്ളൂ !*

അപ്പോൾ ഉമർ (റ.അ) സ്വയം പറഞ്ഞു. ''തീർച്ച ഇത് ജോൽസ്യവചനങ്ങളാണ''. അപ്പോൾ നബി (സ.അ) അൽ ഹാഖിലെ 42ാംമത്തെ വചനം മുതൽ 52 വരെ ഓതി.

وَلَا بِقَوْلِ كَاهِنٍ قَلِيلًا مَّا تَذَكَّرُونَ (42) تَنزِيلٌ مِّن رَّبِّ ٱلْعَٰلَمِينَ (43) وَلَوْ تَقَوَّلَ عَلَيْنَا بَعْضَ
ٱلْأَقَاوِيلِ (44) لَأَخَذْنَا مِنْهُ بِٱلْيَمِينِ (45) ثُمَّ لَقَطَعْنَا مِنْهُ ٱلْوَتِينَ (46) فَمَا مِنكُم مِّنْ أَحَدٍ عَنْهُ
حَٰجِزِينَ (47) وَإِنَّهُۥ لَتَذْكِرَةٌ لِّلْمُتَّقِينَ (48) وَإِنَّا لَنَعْلَمُ أَنَّ مِنكُم مُّكَذِّبِينَ (49) وَإِنَّهُۥ لَحَسْرَةٌ
عَلَى ٱلْكَٰفِرِينَ (50) وَإِنَّهُۥ لَحَقُّ ٱلْيَقِينِ (51) فَسَبِّحْ بِٱسْمِ رَبِّكَ ٱلْعَظِيمِ (52)

*"ഒരു ജ്യോത്സന്റെ വാക്കുമല്ല. എത്ര കുറച്ചേ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നുള്ളൂ. ഇത് ലോക രക്ഷിതാവിങ്കൽ നിന്നവതീർണമായതാകുന്നു. അദ്ദേഹം (പ്രവാചകൻ) വല്ലതും സ്വന്തമായി കെട്ടിച്ചമച്ച് നമ്മുടെ പേരിൽ പറഞ്ഞ് പോയാൽ നാം അദ്ദേഹത്തിന്റെ വലം കൈ പിടിച്ചെടുക്കുമായിരുന്നു. ജീവനാഡി ഛേദിച്ച് കളയുകയും ചെയ്യുമായിരുന്നു. അപ്പോൾ നിങ്ങളാരും (നമ്മെ) അതിൽ നിന്നും തടയുന്നവരാവില്ല. യഥാർത്ഥത്തിൽ ഇത് ഭക്ത ജനങ്ങൾക്കുള്ള ഉൽബോധനമാകുന്നു. നിങ്ങളിൽ ചിലർ തള്ളിപ്പറയുന്നവരെന്നു നമുക്കറിയാം. അത്തരം നിഷേധികൾക്കിത് ദുഃഖ നിമിത്തം തന്നെയാകുന്നു. തികച്ചും സുദൃഢമായ സത്യമാണിത്. അതിനാൽ പ്രവാചകാ നിന്റെ നാഥന്റെ മഹനീയ നാമം പ്രകീർത്തനം ചെയ്തു കൊണ്ടിരിക്കുക".*

ഉമർ ( റ.അ) പറഞ്ഞു. ''ഖുർആനിലെ ഈ വിവരണം എന്റെ ഹൃദയത്തിൽ പതിക്കുകയും ഇസ്ലാമാണ് യഥാർത്ഥ മത വിശ്വാസമെന്ന് എന്നെ ഉണർത്തുകയും ചെയ്തു. എങ്കിലും അദ്ദേഹത്തിന്റെ പിതാമഹൻമാരുടെ മതം കൈവിടാൻ തയ്യാറാവാതെ അദ്ദേഹം ഇസ്ലാമിനെ ശക്തിയുക്തം എതിർക്കുകയും ചെയ്തു. ഒരു ദിവസം ഊരിപ്പിടിച്ച വാളുമായി അദ്ദേഹം മുഹമ്മദ് നബി (സ.അ) യെ കൊല്ലുവാനായി വീട്ടിൽ നിന്നിറങ്ങി. വഴിയിൽ അദ്ദേഹത്തിന്റെ ഒരു സുഹൃത്ത് അദ്ദേഹത്തോട് ചോദിച്ചു നിങ്ങളുടെ സഹോദരിയും ഭർത്താവും ഇസ്ലാം മതം വിശ്വസിച്ച കാര്യം നിങ്ങളറിഞ്ഞില്ലേ. ഈ ചോദ്യം അദ്ദേഹത്തെ അതിക്രുദ്ധനാക്കി. അദ്ദേഹം സഹോദരിയുടെ



വീട്ടിലേക്ക് കുതിച്ചു, സഹോദരിയുടെ ഭർത്താവിനെ അടിച്ചു. പിന്നെ സഹോദരിയേയും അടിച്ചു. അവരുടെ മുഖത്ത് നിന്ന് രക്തമൊഴുകി. അപ്പോൾ സഹോദരിയുടെ ഭർത്താവ് ഉച്ചത്തിൽ ഇങ്ങനെ പ്രഖ്യാപിച്ചു. അല്ലാഹുവല്ലാതെ ആരാധനക്കർഹനായി മറ്റൊരു ദൈവമില്ലെന്നും മുഹമ്മദ്(സ.അ) അല്ലാഹുവിന്റെ പ്രവാചകനുമാണെന്നും ഞാൻ സാക്ഷ്യം വഹിക്കുന്നു. സഹോദരിയുടെ മുഖത്ത് നിന്ന് രക്തം വാർന്നൊഴുകുന്നത് കണ്ടപ്പോൾ ഉമർ (റ.അ)ക്ക് ലജ്ജ തോന്നി. അദ്ദേഹം പെങ്ങളോട് അവർ പാരായണം ചെയ്യുന്നത് കാണിക്കാനാവശ്യപ്പെട്ടു. ഖുർആൻ തൊടുന്നതിന് മുമ്പ് കുളിക്കാനും സ്വയം ശുദ്ധനാവാനും അവർ അദ്ദേഹത്തോട് ആവശ്യപ്പെട്ടു. അദ്ദേഹം സൂറത്ത് ത്വാഹ യിലെ 1 മുതലൽ 14 വരെയുള്ള വചനം വായിച്ചു. അതിങ്ങിനെയായിരുന്നു.

طه (1) مَآ أَنزَلْنَا عَلَيْكَ ٱلْقُرْءَانَ لِتَشْقَىٰٓ (2) إِلَّا تَذْكِرَةً لِّمَن يَخْشَىٰ (3) تَنزِيلًا
مِّمَّنْ خَلَقَ ٱلْأَرْضَ وَٱلسَّمَٰوَٰتِ ٱلْعُلَى (4) ٱلرَّحْمَٰنُ عَلَى ٱلْعَرْشِ ٱسْتَوَىٰ (5) لَهُۥ مَا فِى ٱلسَّمَٰوَٰتِ
وَمَا فِى ٱلْأَرْضِ وَمَا بَيْنَهُمَا وَمَا تَحْتَ ٱلثَّرَىٰ (6) وَإِن تَجْهَرْ بِٱلْقَوْلِ فَإِنَّهُۥ يَعْلَمُ ٱلسِّرَّ وَأَخْفَى
(7) ٱللَّهُ لَآ إِلَٰهَ إِلَّا هُوَ لَهُ ٱلْأَسْمَآءُ ٱلْحُسْنَىٰ (8) وَهَلْ أَتَىٰكَ حَدِيثُ مُوسَىٰٓ (9)
إِذْ رَءَا نَارًا فَقَالَ لِأَهْلِهِ ٱمْكُثُوٓا۟ إِنِّىٓ ءَانَسْتُ نَارًا لَّعَلِّىٓ ءَاتِيكُم مِّنْهَا بِقَبَسٍ أَوْ أَجِدُ عَلَى ٱلنَّارِ هُدًى
(10) فَلَمَّآ أَتَىٰهَا نُودِىَ يَٰمُوسَىٰٓ (11) إِنِّىٓ أَنَا۠ رَبُّكَ فَٱخْلَعْ نَعْلَيْكَ إِنَّكَ بِٱلْوَادِ ٱلْمُقَدَّسِ
طُوًى (12) وَأَنَا ٱخْتَرْتُكَ فَٱسْتَمِعْ لِمَا يُوحَىٰٓ (13) إِنَّنِىٓ أَنَا ٱللَّهُ لَآ إِلَٰهَ إِلَّآ أَنَا۠ فَٱعْبُدْنِى وَأَقِمِ
ٱلصَّلَوٰةَ لِذِكْرِىٓ (14)

*ത്വാഹാ. നിനക്ക് നാം ഖുർആൻ അവതരിപ്പിച്ചു തന്നത് നീ കഷ്ടപ്പെടുവാൻ വേണ്ടിയല്ല. ഭയപ്പെടുന്നവർക്ക് ഉൽബോധനം നൽകാൻ വേണ്ടി മാത്രമാണത്. ഭൂമിയും ഉന്നതമായ ആകാശങ്ങളും സൃഷ്ടിച്ചവന്റെ പക്കൽ നിന്ന് അവതരിപ്പിക്കപ്പെട്ടതത്രേ അത്. പരമ കാരുണികൻ സിംഹാസനസ്ഥനായിരിക്കുന്നു. അവന്നുള്ളതാകുന്നു ആകാശങ്ങളിലുള്ളതും ഭൂമിയിലുള്ളതും അവയ്ക്കിടയിലുള്ളതും*

*മണ്ണിന്നടിയിലുള്ളതുമെല്ലാം. നീ വാക്ക് ഉച്ചത്തിലാക്കുക യാണെങ്കിൽ തീർച്ചയായും അവൻ (അല്ലാഹു) രഹസ്യമായതും അത്യന്തം നിഗൂഢമായതും അറിയും (എന്ന് നീ മനസ്സിലാക്കുക) അല്ലാഹു അവനല്ലാതെ ഒരു ദൈവവുമില്ല. അവന്റെയാകുന്നു ഏറ്റവും ഉൽകൃഷ്ടമായ നാമങ്ങൾ. മൂസായുടെ വർത്തമാനം നിനക്ക് വന്ന് കിട്ടിയോ. അതായത് അദ്ദേഹം ഒരു തീ കണ്ട സന്ദർഭം അപ്പോൾ തന്റെ കുടുംബത്തോട് അദ്ദേഹം പറഞ്ഞു. നിങ്ങൾ നിൽക്കൂ ഞാൻ ഒരു തീ കണ്ടിരിക്കുന്നു. ഞാൻ അതിൽ നിന്ന് കത്തിച്ചെടുത്തു കൊണ്ട് നിങ്ങളുടെ അടുത്ത് വന്നേക്കാം. അല്ലെങ്കിൽ തീയുടെ അടുത്ത് വല്ല വഴികാട്ടിയേയും ഞാൻ കണ്ടേക്കാം അങ്ങനെ അദ്ദേഹം അതിന്നടുത്ത് ചെന്നപ്പോൾ (ഇപ്രകാരം) വിളിച്ച് പറയപ്പെട്ടു. ഹേ മൂസ്സാ തീർച്ചയായും ഞാനാണ് നിന്റെ രക്ഷിതാവ്. അതിനാൽ നീ നിന്റെ ചെരുപ്പുകൾ അഴിച്ച് വെക്കുക. നീ ത്വുവാ എന്ന പരിശുദ്ധമായ താഴ്വരയിലാകുന്നു. ഞാൻ നിന്നെ തെരഞ്ഞെടുത്തിരിക്കുന്നു. അതിനാൽ ബോധനം നൽകപ്പെടുന്നത് നീ ശ്രദ്ധിച്ച് കേട്ട് കൊള്ളുക. തീർച്ചയായും ഞാനാകുന്നു അല്ലാഹു. ഞാനല്ലാതെ ഒരു ദൈവവുമില്ല അതിനാൽ എന്നെ നീ ആരാധിക്കുകയും എന്നെ ഓർമ്മിക്കുന്നതിനായി നമസ്ക്കാരം മുറപോലെ നിർവ്വഹിക്കുകയും ചെയ്യുക.*

അദ്ദേഹം ധൃതിയിൽ നബിയുടെ വസതിയിലെത്തുകയും ഇസ്ലാം മതം വിശ്വസിക്കുകയും ചെയ്തു.

ഉമർ (റ.അ) പിതാമഹൻമാരുടെ മതത്തെ തിരസ്ക്കരിച്ചതിനെ തുടർന്ന് അവിശ്വാസികളുടെ കൂട്ടം അദ്ദേഹത്തെ വധിക്കാനായി അദ്ദേഹത്തിന്റെ ഭവനം വളഞ്ഞതായി അബ്ദുള്ള ബിൻ ഉമറിന്റെ വിവരണത്തിലുടെ ബുഹാരി ഉദ്ദരിക്കുന്നുണ്ട്. ഉമറിന്റെ ഒരു സുഹൃത്ത് അവരെ മടക്കി അയക്കുകയായിരുന്നു. ചരിത്രകാരനായ അൽ ജൗസിയുടെ പുസ്തകത്തിൽ ഇങ്ങനെ വായിക്കാം. ഒരിക്കൽ ഉമർ (റ.അ) നബി (സ.അ) യോട് ചോദിച്ചു. "ഞങ്ങൾ വിശ്വാസികളെല്ലെങ്കിലും ജീവിക്കുകയും മരിക്കുകയും ചെയ്യില്ലേ".

'വാസ്തവം'

എന്ന് നബി (സ.അ) പറഞ്ഞു.

''അങ്ങനെയാണെങ്കിൽ നാമെന്തിനാണ് പ്രാർത്ഥനയും ഇസ്ലാമിക പ്രബോധനവും രഹസ്യമായി നടത്തണം. ഞാനിതാ ശപഥം



ചെയ്യുന്നു അല്ലാഹു നിങ്ങളെ അവന്റെ യഥാർത്ഥ ദൂതനായാണ് അയച്ചിട്ടുള്ളത്. ഇനി നാം പരസ്യമായി പ്രാർത്ഥിക്കുകയും പ്രബോധനം നടത്തുകയും ചെയ്യും".

ഉമർ (റ.അ) ഇസ്ലാം മതം വിശ്വസിക്കുന്നതിന് മൂന്ന് ദിവസം മുമ്പാണ് ഹംസ (റ.അ) ഇസ്ലാം മതം വിശ്വസിച്ചത്. അതേ തുടർന്ന് മുസ്ലിങ്ങൾ രണ്ട് സംഘങ്ങളായി ഇവരുടെ നേതൃത്വത്തിൽ പ്രബോധനം തുടങ്ങി. ഹംസ (റ.അ) യും ഉമർ (റ.അ) യും മുസ്ലിങ്ങളെ നയിക്കുന്നത് കണ്ടപ്പോൾ ഖുറൈശികൾ ക്രൂദ്ധരായി. മുസ്ലിങ്ങൾ പരസ്യമായി പ്രാർത്ഥിക്കുവാനും പ്രബോധനം നടത്തുവാനും തുടങ്ങി. അന്നേ ദിവസം നബി (സ.അ) ഉമർ (റ.അ)യെ അൽ ഫാറൂഖ് എന്ന് വിളിച്ചു. ഉമർ (റ.അ) ഇസ്ലാം മതം വിശ്വസിച്ചതോടെ മുസ്ലിംകൾ ശക്തരും ബഹുമാന്യരുമായെന്ന് ബുഹാരിയും ഇബ്നു മസൂദ് (റ.അ) യും വിവരിക്കുന്നു.

ഉമർ (റ.അ)ക്ക് അസാധാരണമായ ഭാവനാശക്തിയും ദീർഘ വീക്ഷണവും ഉണ്ടായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ അല്ലാഹു (തആലാ) സ്വീകരിക്കുകയും വരുന്ന തലമുറക്ക് അത് വിലപ്പെട്ട അഭിപ്രായമാക്കി നിലനിർത്തുകയും ചെയ്തിട്ടുണ്ട്. ഒരിക്കൽ ഉമർ (റ.അ) പ്രവാചകനോട് ഇങ്ങനെ പറഞ്ഞതായി ബുഹാരി അനസ് (റ.അ) യിലൂടെ വിവരിക്കുന്നുണ്ട്.

പ്രിയപ്പെട്ട പ്രവാചകരെ (സ.അ) എല്ലാ വിധത്തിലുള്ള ആളുകളും നിങ്ങളെ സന്ദർശിക്കാനായി വരും അവരിൽ ചിലർ നല്ലവരും മറ്റു ചിലർ നല്ലവരല്ലാത്തവരുമാവാം. അത് കൊണ്ട് അങ്ങ് അങ്ങയുടെ ഭാര്യമാരോട് മുഖമക്കന ധരിക്കാൻ കൽപ്പിക്കുന്നത് ഉത്തമമാണെന്ന് എനിക്ക് തോന്നുന്നു. ഇതേ തുടർന്നാണ് അല്ലാഹു (ത.ആ) അൽ അഹ്സാബ് സൂറത്തിലെ 53 ാമത്തെ വചനമിറക്കിയത്. അത് ഇങ്ങനെ വിവരിക്കുന്നു.

وَإِذَا سَأَلْتُمُوهُنَّ مَتَاعًا فَسْـَٔلُوهُنَّ مِن وَرَآءِ حِجَابٍ ۚ ذَٰلِكُمْ أَطْهَرُ لِقُلُوبِكُمْ وَقُلُوبِهِنَّ

*നിങ്ങൾ അവരോട് (നബിയുടെ ഭാര്യമാരോട്) വല്ല സാധനവും ചോദിക്കുകയാണെങ്കിൽ നിങ്ങളവരോട് മറയുടെ പിന്നിൽ നിന്ന് ചോദിച്ച് കൊള്ളുക. അതാണ് നിങ്ങളുടെ ഹൃദയങ്ങൾക്കും അവരുടെ ഹൃദയങ്ങൾക്കും കൂടുതൽ സംശുദ്ധമായിട്ടുള്ളത് .*

അൽ അഹ്സാബിലെ 59 ാമത്തെ വചനം മുഖമക്കനയെ കുറിച്ച് എടുത്ത് പറയുന്നുണ്ട്.

يَٰٓأَيُّهَا ٱلنَّبِيُّ قُل لِّأَزْوَٰجِكَ وَبَنَاتِكَ وَنِسَآءِ ٱلْمُؤْمِنِينَ يُدْنِينَ عَلَيْهِنَّ مِن جَلَٰبِيبِهِنَّ ۚ ذَٰلِكَ أَدْنَىٰٓ أَن يُعْرَفْنَ فَلَا يُؤْذَيْنَ ۗ وَكَانَ ٱللَّهُ غَفُورًا رَّحِيمًا ﴿٥٩﴾

*നബിയേ നിന്റെ പത്നിമാരോടും പുത്രിമാരോടും സത്യവിശ്വാസി കളായ സ്ത്രീകളോടും അവർ തങ്ങളുടെ മൂടുപടങ്ങൾ തങ്ങളുടെ മേൽ താഴ്ത്തിയിടാൻ പറയുക. അവർ തിരിച്ചറിയപ്പെടാനും അങ്ങനെ അവർ ശല്യം ചെയ്യപ്പെടാതിരിക്കാനും അതാണ് ഏറ്റവും അനുയോജ്യമായത്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.*

ഉമർ (റ.അ) താഴെ പറയുന്നത് പറഞ്ഞതായി ബുഹാരിയും മുസ്ലിമും വിവരിക്കുന്നുണ്ട്.

അല്ലാഹു (ത.അ) മൂന്ന് പ്രധാനപ്പെട്ട കാര്യങ്ങളിൽ എന്നോട് യോജിച്ചിരുന്നു. ഒന്ന് ഞാൻ മുഹമ്മദ് (സ.അ) യോട് മഖാം ഇബ്രാഹിമിന്നടുത്ത് നിന്ന് നമസ്ക്കരിക്കണമെന്ന് പറഞ്ഞിരുന്നു. അത് സൂറത്തുൽ ബഖറയിലെ 125ാം വചനത്തിൽ കൽപ്പിച്ചിരുന്നു.

وَٱتَّخِذُوا۟ مِن مَّقَامِ إِبْرَٰهِـۧمَ مُصَلًّى

*''ഇബ്രാഹിം നിന്ന് പ്രാർത്ഥിച്ച സ്ഥാനത്തെ നിങ്ങളുടെ നമസ്ക്കാര (പ്രാർത്ഥന) വേദിയായി സ്വീകരിക്കുക''.*

രണ്ടാമത്തേത് മുഖമക്കനധരിക്കണമെന്ന് പ്രവാചകനോട് വെളിവാക്കപ്പെട്ടതായ മുകളിലെ വചനങ്ങളാണ്.

മൂന്നാമത്തേത് നബി (സ.അ)യുടെ ഭാര്യമാരിൽ ചിലർ ശത്രുതയിലാവുകയും തമ്മിൽ അൽപ്പം അസൂയാലുക്കളാവുകയും ചെയ്തത് ഉമർ (റ.അ)ക്ക് നബിയോടുള്ള തീവ്രസ്നേഹത്താൽ സഹിക്കാനായില്ല. അദ്ദേഹം അദ്ദേഹത്തിന്റെ മകൾ ഹഫ്സ (റ.അ) ഉൾപ്പടെയുള്ളവരെ താക്കീത് ചെയ്യുകയും നിങ്ങൾ നിങ്ങളുടെ ഇഷ്ട പ്രകാരം പ്രവർത്തിക്കുന്ന പക്ഷം അല്ലാഹു (ത.അ) നിങ്ങളെ ഒഴിവാക്കി നിങ്ങളെക്കാൾ ഉത്തമകളായവരെ പകരം വെച്ചേക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിരുന്നു. ഈ കാര്യം പിന്നീട് സൂറത്തുൽ തഹ്റീമിലെ 5 ാമത്തെ വചനത്തിലൂടെ അല്ലാഹു സ്വീകരിച്ചിരുന്നു.



عَسَىٰ رَبُّهُۥٓ إِن طَلَّقَكُنَّ أَن يُبْدِلَهُۥٓ أَزْوَٰجًا خَيْرًا مِّنكُنَّ مُسْلِمَٰتٍ مُّؤْمِنَٰتٍ قَٰنِتَٰتٍ تَٰٓئِبَٰتٍ عَٰبِدَٰتٍ سَٰٓئِحَٰتٍ ثَيِّبَٰتٍ وَأَبْكَارًا ﴿٥﴾

*(പ്രവാചക പത്നിമാരെ) നിങ്ങളെ അദ്ദേഹം വിവാഹ മോചനം ചെയ്യുന്ന പക്ഷം നിങ്ങളേക്കാൾ നല്ലവരായ ഭാര്യമാരെ അദ്ദേഹത്തിന് അദ്ദേഹത്തിന്റെ രക്ഷിതാവ് പകരം നൽകിയേക്കാം. മുസ്ലിംകളും സത്യവിശ്വാസിനികളും ഭയഭക്തിയുള്ളവരും പശ്ചാത്തപമുള്ളവരും ആരാധനാനിരതരും വ്രതമനുഷ്ഠിക്കുന്നവരും വിധവകളും കന്യകമായിട്ടുള്ള സ്ത്രീകളെ.*

ഉമർ(റ.അ)യുടെ ചിന്താധാരയും വിധികളും വളരെ അർത്ഥവത്താണ്. ബദർ യുദ്ധാനന്തരം ബഹുദൈവാരാധകരായ 70 നേതാക്കൻമാരെ തടവുകാരായി പിടികൂടിയിരുന്നു. അവരെയും യുദ്ധാർജ്ജിത മുതലുകളും എന്ത് ചെയ്യണമെന്നതിനെകുറിച്ച് അല്ലാഹു (ത.അ)യിൽ നിന്ന് യാതെരു നിർദേശങ്ങളും വന്നിരുന്നില്ല. നബി (സ.അ) രണ്ട് നിർദേശങ്ങൾ വിശ്വാസികളുടെ മുന്നിൽ വെച്ചതായി അലി (റ.അ)യെ ഉദ്ധരിച്ച് തിർമദി പ്രസ്താവിച്ചിരുന്നു. ഒന്ന് എല്ലാവരെയും വധിച്ച് ശത്രുപക്ഷത്തിന്റെ ശക്തി ക്ഷയിപ്പിക്കുക. രണ്ട് മോചനദ്രവ്യം വാങ്ങി അവരെ മോചിപ്പിക്കുക. ഇതിലൊന്ന് തിരഞ്ഞെടുക്കാൻ നബി (സ.അ) സഹാബത്തിനോട് പറഞ്ഞപ്പോൾ ഉമർ (റ.അ) യും സാദ് ബിൻ മാസ് (റ.അ) യും ആദ്യത്തേതാണ് തിരഞ്ഞെടുത്തത്. പക്ഷെ മറ്റുള്ളവർ രണ്ടാമത്തെ നിർദ്ദേശത്തോടാണ് യോജിച്ചത്. അതേ തുടർന്ന് നബി (സ.അ) രണ്ടാമത്തെ നിർദ്ദേശം അംഗീകരിച്ചു. അപ്പോൾ അല്ലാഹു (ത.അ) യിൽ നിന്ന് രണ്ടാമത്തെ നിർദ്ദേശം സ്വീകരിക്കാനാവശ്യപ്പെട്ട സഹാബത്തിന്നോടായി അല്ലാഹുവിന്റെ മുന്നറിയിപ്പ് വന്നു. അത് സൂറത്ത് അൻഫാലിലെ 67-68 വചനങ്ങളിൽ കാണാം.

مَا كَانَ لِنَبِىٍّ أَن يَكُونَ لَهُۥٓ أَسْرَىٰ حَتَّىٰ يُثْخِنَ فِى ٱلْأَرْضِ ۚ تُرِيدُونَ عَرَضَ ٱلدُّنْيَا وَٱللَّهُ يُرِيدُ ٱلْـَٔاخِرَةَ ۗ وَٱللَّهُ عَزِيزٌ حَكِيمٌ ﴿٦٧﴾ لَّوْلَا كِتَٰبٌ مِّنَ ٱللَّهِ سَبَقَ لَمَسَّكُمْ فِيمَآ أَخَذْتُمْ عَذَابٌ عَظِيمٌ ﴿٦٨﴾

*ഒരു പ്രവാചകന്നും (ശത്രുക്കളെ കീഴടക്കി) നാട്ടിൽ ശക്തി സ്ഥാപിക്കുന്നത് വരെ യുദ്ധത്തടവുകാരുണ്ടായിരിക്കാൻ പാടുള്ളതല്ല. നിങ്ങൾ ഇഹലോകത്തെ ക്ഷണികമായ നേട്ടം ആഗ്രഹിക്കുന്നു. അല്ലാഹുവാകട്ടെ പരലോകത്തെയും ഉദ്ദേശിക്കുന്നു. അല്ലാഹു പ്രതാപിയും യുക്തിമാനുമാകുന്നു. അല്ലാഹുവിങ്കൽ നിന്നുള്ള ഒരു നിശ്ചയം മുൻകൂട്ടി ഉണ്ടായിരുന്നില്ലെങ്കിൽ നിങ്ങൾ ആ വാങ്ങിയതിന്റെ പേരിൽ നിങ്ങളെ വമ്പിച്ച ശിക്ഷ ബാധിക്കുക തന്നെ ചെയ്യുമായിരുന്നു .*

യുദ്ധതടവുകാരെ കുറിച്ചും യുദ്ധാർജ്ജിത മുതലുകളെ കുറിച്ചും പിന്നീട് മുഹമ്മദ് നബിയുടെ ഉമ്മത്തുകൾക്കായി അല്ലാഹു(ത.അ) പ്രത്യേക അനുമതി നൽകിയിരുന്നു. ഇത് സൂറത്ത് അൻഫാലിലെ 69ാമത്തെ വചനത്തിൽ കാണാം.

فَكُلُوا مِمَّا غَنِمْتُمْ حَلَالًا طَيِّبًا ۚ وَاتَّقُوا اللَّهَ ۚ إِنَّ اللَّهَ غَفُورٌ رَّحِيمٌ ﴿٦٩﴾

*എന്നാൽ ( യുദ്ധത്തിനിടയിൽ ) നിങ്ങൾ നേടിയെടുത്തതിൽ നിന്ന് അനുവദനീയവും ഉത്തമവുമായത് നിങ്ങൾ ഭക്ഷിച്ച് കൊള്ളുക. അല്ലാഹുവെ നിങ്ങൾ സൂക്ഷിക്കുകയും ചെയ്യുക. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു .*

ഖലീഫ ഉമർ (റ.അ) യുടെ ഭരണ കാലം ഇസ്ലാമിന്റെ സുവർണ്ണ കാലമാണ്. അദ്ദേഹം പേർഷ്യൻ, റോമൻ സാമ്രാജ്യങ്ങൾ കീഴടക്കിയിരുന്നു. കൂടാതെ പലസ്ഥീനും ഈജിപ്തും തുർക്കിയുടെ ഒരു ഭാഗവും ഇദ്ദേഹം കീഴടക്കി ഭരിച്ചിരുന്നു. ഉമർ (റ.അ) ഒരു അതുല്യ പ്രതിഭയായിരുന്നു. ജനതക്ക് വേണ്ടിയുള്ള അദ്ദേഹത്തിന്റെ ഭരണ നിയന്ത്രണവും പരിഷ്കാരങ്ങളും സേവനങ്ങളും ആശ്ചര്യജന കമായിരുന്നു. ഇസ്ലാമിക കലണ്ടർ അവതരിപ്പിച്ചത് അദ്ദേഹമാണ്.

ജറുസലേമിന്റെ പതനം വളരെ ആവേശകരമാണ്. അബു ഉബൈദുള്ള (റ.അ) ഖാലിദ് ബിൻ വാലിദ് (റ.അ) യും കൂടി ജറുസലേം നഗരം വളയുകയായിരുന്നു. ഖലീഫ ഉമർ (റ.അ) നേരിട്ട് വരുകയാണെങ്കിൽ സമാധാനസന്ധിയിൽ ഒപ്പിടാമെന്ന് നഗരത്തിലെ ജനങ്ങൾ സമ്മതിച്ചു. അത് പ്രകാരം അലി (റ.അ)യെ മദീനയിലെ ഭരണമേൽപ്പിച്ച് കൊണ്ട് അദ്ദേഹം ജറൂസലേമിലേക്ക് വേലക്കാരനായ സലീമിനോടൊപ്പം ഒരു ഒട്ടകവുമായി യാത്രയായി. ഈ യാത്രയിൽ യാതൊരു സുരക്ഷാ സംവിധാനങ്ങളും അദ്ദേഹത്തിന് ഉണ്ടായിരുന്നില്ല. ഉമർ (റ.അ) യും സലീമും ഒട്ടകപ്പുറത്ത് ഇടവിട്ട് കയറി യാത്ര തുടർന്നു.



ജറുസലേമിലെ സിറ്റിയിൽ പ്രവേശിക്കുന്ന സമയത്ത് ഒട്ടകപ്പുറത്ത് കയറാനുള്ള ഊഴം സലീമിന്റേതായിരുന്നു. സലീം അദ്ദേഹത്തിന്റെ ഊഴം ഉമർ (റ.അ)ക്ക് നൽകി അദ്ദേഹത്തോട് ഒട്ടകപ്പുറത്ത് കയറാൻ പറഞ്ഞു. അപ്പോൾ ഉമർ (റ.അ) പറഞ്ഞു. ഇസ്ലാമിന്റെ യശസ്സ് തന്നെ നമുക്കെല്ലാം വേണ്ടുവോളമുണ്ട് .

ഒട്ടകത്തിന്റെ കയറ് പിടിച്ച ഖലീഫ നഗരത്തിലേക്ക് പ്രവേശിച്ചു. സമാധാന ഉടമ്പടിയിൽ ഉമർ (റ.അ) ഒപ്പിട്ടു. ജനങ്ങളുടെ സ്വത്തിന്നും ജീവന്നും അദ്ദേഹം ഉറപ്പ് കൊടുത്തു. അവരുടെ വിശ്വാസത്തെ യാതൊരു ഭയവുമില്ലാതെ പിന്തുടരുവാനും അനുവാദം നൽകി.

ഇബ്നു അബ്ദുൽ ബർ അൽ ഖുർത്തബി (363-463 ഹി:)ലും ഹഫീസ് ഇബ്നു ഹജ്ർ അസ് ഖലാനി അൽ അസ്ഹാബ് (773-852 ഹി:) ലും എഴുതിയത് പോലെ. ഉമർ (റ.അ) വിവാഹം കഴിച്ചത് അലി (റ.അ)യുടെ മകൾ ഉമ്മുക്കുൽസുവിനെയായിരുന്നു. ഇത്വഴി ലഭിച്ച മുഹമ്മദ് നബി (സ.അ)യുടെ രക്തബന്ധത്തെക്കുറിച്ച് അദ്ദേഹം അഭിമാനം കൊണ്ടിരുന്നു.

ഹിജ്റ 17ൽ ഉമർ(റ.അ) മസ്ജിദ് നബവിയുടെ തെക്ക് ഭാഗത്ത് ഖിബ്ലക്ക് നേരെ അഞ്ച് മീറ്ററോളം വികസിപ്പിച്ചിരുന്നു. അതേ തുടർന്ന് അദ്ദേഹം നമസ്ക്കാരത്തിന് നേതൃത്വം നൽകിയത് മെഹറാബ് നബവിയുടെയും മെഹറാബ് ഉസ്മാനിയുടെയും ഇടയിൽ വെച്ചായിരുന്നു. ഹിജ്റ 23ൽ ദുൽഹജ്ജ് 26ന്ന് തീ ആരാധാകനായ ഒരു അടിമ സുബഹി നമസ്ക്കാരത്തിന് നേതൃത്വം നൽകവെ അദ്ദേഹത്തെ കുത്തിപ്പരിക്കേൽപ്പിക്കുകയാണുണ്ടായത്. കുറച്ച് ദിവസങ്ങൾക്കകം അദ്ദേഹം മരണമടഞ്ഞു.

ഉസ്മാനുബ്നു അഫ്ഫാൻ (റ.അ) അലി ബിൻ അബു താലിബ് (റ.അ) സുബൈർ ബിൻ അവ്വാം (റ.അ) തൽഹാ ബിൻ ഉബൈദുള്ള (റ.അ) അബ്ദു റഹ്മാൻ ബിൻ ഔഫ്, സഅദ് ബിൻ അബി വഖാസ് എന്നിവരെ പുതിയ ഖലീഫയെ തിരഞ്ഞെടുക്കാനുള്ള ഉപദേശക സമിതിയായി ഉമർ (റ.അ) നിശ്ചയിച്ചിരുന്നു.

ഉമർ (റ.അ) യുടെ ഭൗതീക ശരീരം നബി (സ.അ)യുടെയും അബൂബക്കർ (റ.അ)യുടെയും അടുത്ത് മറമാടുന്നതിന് വേണ്ടി ആയിശ (റ.അ)യുടെ അനുമതി വാങ്ങാൻ അദ്ദേഹം മകൻ അബ്ദുള്ള ബിൻ ഉമറി (റ.അ) നോട് പറഞ്ഞിരുന്നു. ഉമർ (റ.അ) യെ അവിടെ

മറമാടിയ ശേഷം അവരുടെ വീട് വേർതിരിക്കുവാനുള്ള ഇടച്ചുമർ കെട്ടുന്നത് വരെ ആയിഷ (റ.അ) മുഖമക്കന ധരിച്ച് മാത്രമേ അവരുടെ ഭവനത്തിൽ താമസിച്ചിരുന്നുള്ളു. ഉമർ (റ.അ) അവരുടെ ഭർത്താവോ വിവാഹം നിഷിദ്ധമായ വ്യക്തിയോ ആയിരുന്നില്ല എന്നതിനാലാണത്. മുഖമക്കന ധരിക്കണമെന്ന കാര്യം നിസ്സാരമാക്കുന്ന മുസ്ലിം സ്ത്രീ പുരുഷൻമാർക്കിത് ഒരു പ്രധാനപ്പെട്ട ഉപദേശം കൂടിയാണിത്.

## മരണം ആസന്നമായപ്പോൾ

ഉമർ (റ.അ)ക്ക് പരിക്കേറ്റ വിവരം അറിഞ്ഞ് മകൾ ഹഫ്സ (റ.അ) ഓടിയെത്തി അലമുറയിടുകയും വേദന വിളിച്ച് പറയുകയും ചെയ്തപ്പോൾ ഉമർ (റ.അ) മകളോട് പറഞ്ഞു. എനിക്ക് നിന്റെ കണ്ണുകളിൻമേൽ നിയന്ത്രണമില്ല. സൂക്ഷിക്കുക. മരിക്കാനിരിക്കുന്ന ഒരാൾക്കായി ഉച്ചത്തിൽ വിലപിച്ചാൽ ആ മൃതദേഹത്തെ മലക്കുകൾ ശപിച്ച് കൊണ്ടിരിക്കും.

അത് പോലെ സുഹൈബ് (റ.അ) പരിക്കേറ്റു കിടക്കുന്ന ഉമർ (റ.അ) യുടെ വേദനാജനകമായ അവസ്ഥ കണ്ട് ഇങ്ങനെവിലപിക്കാൻ തുടങ്ങി.

പ്രിയപ്പെട്ട ഉമറേ. . . പ്രിയപ്പെട്ട ഉമറേ . . .

അപ്പോൾ ഉമർ (റ.അ) അവരോട് പറഞ്ഞു.

പ്രിയപ്പെട്ട സഹോദരാ ക്ഷമ കൈക്കൊള്ളുക. മരിച്ചയാളെ കുറിച്ചുള്ള ഉച്ചത്തിലുള്ള വിലാപങ്ങൾ മരിച്ചയാളിന് ശിക്ഷയായി നിപതിക്കുമെന്ന് നിങ്ങൾക്കറിയില്ലെന്നാണോ .

അബ്ദുള്ള (റ.അ) യുടെ മടിയിൽ തലവെച്ച് കിടക്കുന്ന ഉമർ (റ.അ) യുടെ അന്ത്യമൊഴികൾ അബ്ദുള്ള (റ.അ) ശ്രദ്ധിക്കുകയായിരുന്നു.

ഉമർ (റ.അ) പറഞ്ഞു.

എന്റെ തല നിലത്ത് വെക്കുക.

അപ്പോൾ മകൻ ചോദിച്ചു.

പിതാവേ എന്റെ മടിസ്ഥലവും നിലവും തമ്മിലെന്താണ് വ്യത്യാസം.

പിന്നെയും ഉമർ (റ.അ) പറഞ്ഞു.

എന്റെ തല നിലത്ത് വെക്കുക . അങ്ങനെയായാൽ അല്ലാഹുവിന്റെ കൂടുതൽ ദയാവായ്പ് എനിക്ക് കിട്ടുകയും എന്നിൽ



കരുണ ചൊരിയുകയും ചെയ്യുന്നതാണ് .

അല്ലാഹു (ത.അ) നമ്മെയും ഉമറിനെ (റ.അ) പോലെ ദൈവ ഭയമുള്ളവരാക്കട്ടെ.

ഇബ്നു അബ്ബാസ് പറഞ്ഞതായി ബുഹാരി ഇങ്ങനെ വിവരിക്കുന്നു. ഉമർ (റ.അ)യുടെ മരണ ശേഷം അലി (റ.അ) ഉമർ (റ.അ)യുടെ ഭവനത്തിലേക്ക് വന്നു. എന്നിട്ട് അദ്ദേഹത്തിന്റെ കൈ എന്റെ ചുമലിൽ വെച്ചു.

എന്നിട്ട് അലി (റ.അ) പറഞ്ഞു.

ഉമറേ അല്ലാഹുവിന്റെ ദയാവായ്പ് നിനക്കുണ്ടാവട്ടെ. ഞാൻ അല്ലാഹുവിനെ ദർശിക്കുന്നതിന് മുമ്പായി എനിക്ക് അദ്ദേഹം ഇഷ്ടപ്പെടുന്ന പ്രവർത്തികളുടെ ദൂതനാകുവാൻ നീ ഒഴിച്ചല്ലാതെ മറ്റാരും അവശേഷിച്ചിട്ടില്ലല്ലോ എന്ന് ഞാൻ സത്യപ്പെടുത്തുന്നു. നിങ്ങളേയും നിങ്ങളുടെ അനുചരൻമാരെയും ഖബറിലും അല്ലാഹു സംരക്ഷിക്കുമെന്ന് എനിക്കുറപ്പുണ്ട്. പ്രവാചകൻ (സ.അ) പറയുന്നതായി ഞാൻ കേട്ടിട്ടുണ്ട്.

നബി(സ.അ) പറഞ്ഞു.

ഞാൻ പോയി. അബൂബക്കറും (റ.അ) ഉമറും (റ.അ) യും എന്നോടൊപ്പം പോയി. ഞാൻ കയറി. അബൂബക്കറും (റ.അ) ഉമറും (റ.അ) യും എന്നോടൊപ്പം കയറി. ഞാൻ പുറത്ത് വന്നു. അബൂബക്കറും (റ.അ) ഉമറും (റ.അ) എന്നോടൊപ്പം പുറത്ത് വന്നു .

ഇത് വ്യക്തമാക്കുന്നത് പ്രവാചകൻ മാത്രമല്ല അലിയും അവന്റെ സഹോദരൻമാരായ അബൂബക്കറും (റ.അ) ഉമറും (റ.അ) വളരെ ഉന്നതമായി ആദരിക്കപ്പെടുമെന്നാണ്.

# ഉസ്മാന്ബ്നു അഫാൻ ( 24ഹി–35 ഹി)

അബൂബക്കർ (റ.അ)യുടെ ഉപദേശത്തെ തുടർന്ന് ഇസ്ലാമിന്റെ ആദ്യനാളിൽ തന്നെ ഉസ്മാൻ (റ.അ) ഇസ്ലാം മതം സ്വീകരിച്ചിരുന്നു. നബി (സ.അ)യുടെ മകൾ റുഖിയ്യയേയാണ് അദ്ദേഹം വിവാഹം കഴിച്ചിരുന്നത്. ഖുറൈശികളുടെ പീഡനം സഹിക്കവയ്യാതെയായപ്പോൾ ഉസ്മാൻ (റ.അ)യും ഭാര്യ റുഖിയ്യ (റ.അ)യും കൂടി അബിസീനിയയിലേക്ക് ഹിജ്റ പോയിരുന്നു. അല്ലാഹുവിന്റെ മാർഗ്ഗം സംരക്ഷിക്കാൻ ആദ്യമായി പലായനം ചെയ്ത മുസ്ലിം കുടുംബമാണിത്. മക്കയിലെ അവസ്ഥ അത്ര മോശമല്ലെന്ന് മനസ്സിലാക്കിയതിനെതുടർന്ന് പിന്നീട് അവർ മക്കയിലേക്ക് തിരിച്ച് വന്നിരുന്നു. പക്ഷെ അവിശ്വാസികൾ അക്രമണം തുടരുന്നത് കണ്ടതിനാൽ അവർ പിന്നീട് മദീനയിലേക്ക് കുടിയേറി. അവിടെ വെച്ച് റുഖയ്യ (റ.അ) രോഗഗ്രസ്ഥയാവുകയും മരണമടയുകയും ചെയ്തു. ആ സമയത്ത് നബി (സ.അ) ബദർ രണാങ്കണത്തിലായിരുന്നു. പിന്നീട് ഉസ്മാൻ (റ.അ) നബി (സ.അ)യുടെ രണ്ടാമത്തെ മകളായ ഉമ്മുക്കുൽസുവിന്നെ വിവാഹം കഴിച്ചു. അതേ തുടർന്ന് അദ്ദേഹത്തെ ദുൻ നുറൈൻ അഥവാ രണ്ട് വെളിച്ചമുള്ള മനുഷ്യൻ എന്ന് വിളിക്കപ്പെട്ടു.

മദീനയിലെ ചില മുസ്ലിം ഗോത്രങ്ങൾ നിത്യ ആവശ്യത്തിന് വെള്ളം കണ്ടെത്താനാവാതെ ബുദ്ധിമുട്ടിയിരുന്നു. ഉസ്മാൻ (റ.അ) ഒരു ജൂതനിൽ നിന്ന് ഒരു കിണർ വിലക്ക് വാങ്ങി മുസ്ലിങ്ങളുടെ ആവശ്യത്തിനായി സൗജന്യമായി വിട്ട് കൊടുത്തു. ഈ കിണറിനെ ബിർ റുമാഹ് എന്നാണ് വിളിച്ച് വന്നിരുന്നത്. ഇതായിരുന്നു ഇസ്ലാമിലെ ആദ്യ ലാഭരഹിത ഇസ്ലാമിക് ട്രസ്റ്റ്. ഉത്തമമായ ഈ പ്രവൃത്തി കാരണം നബി



(സ.അ) ഉസ്മാൻ(റ.അ)ക്ക് സ്വർഗ്ഗം കൊണ്ടുള്ള ശുഭവാർത്ത അറിയിച്ചിരുന്നു. ഹിജ്റ 7ാം വർഷത്തിൽ പ്രവാചകന്റെ പള്ളി വിപുലീകരിക്കാൻ നബി (സ.അ) ആഗ്രഹിച്ചിരുന്നു. ഉസ്മാൻ (റ.അ) പള്ളിയുടെ വികസനത്തിനായി ഭൂമി വില കൊടുത്ത് വാങ്ങിക്കുകയും നബി (സ.അ) മസ്ജിദുന്നബവി വിപുലീകരിക്കുകയും ചെയ്തിരുന്നു. മറ്റ് പല ചിലവുകൾ നേരിടാനും അദ്ദേഹം സാമ്പത്തികസഹായം നൽകുകയും ചെയ്തിരുന്നു. അദ്ദേഹം തൊള്ളായിരം ഒട്ടകങ്ങളെയും നൂറ് കുതിരകളേയും ആയിരം ദിനാറും തബൂക്ക് യുദ്ധത്തിന് വേണ്ടി മാത്രം നൽകിയത് ഒരു ഉദാഹരണം മാത്രമാകുന്നു.

ഉമർ (റ.അ) നിശ്ചയിച്ച ഉപദേശക സമിതി ഐക്യകണ്ഠ്യേനയാണ് ഉസ്മാൻ (റ.അ)യെ ഖലീഫയായി തെരഞ്ഞെടുത്തത്.

അദ്ദേഹത്തിന്റെ ഭരണ കാലത്ത് അഫ്ഗാനിസ്ഥാൻ മുതൽ ആഫ്രിക്കയിലെ മൊറോക്കോ വരെ ഇസ്ലാമിക ഭരണകൂടം വികസിച്ചിരുന്നു. ഇത് ഭരണ നിയന്ത്രണത്തിന് വളരെ ബുദ്ധിമുട്ടുണ്ടാക്കിയിരുന്നു. ഇസ്ലാമിക സാമ്രാജ്യത്തിന്റെ ബൃഹത്തായ വികസനം കാരണം വിവിധ സംഘങ്ങൾ വ്യത്യസ്ത രീതിയിൽ ഖുർആൻ വിശദീകരിക്കപ്പെട്ടു. ഇത് വ്യത്യസ്ത ഗ്രൂപ്പുകളുടെ ഖുർആൻ വ്യാഖ്യാനത്തിന് ഇടയാവുകയും വ്യത്യസ്ത പ്രദേശങ്ങളിലുള്ള ജനങ്ങൾ തമ്മിലുള്ള പ്രശ്നങ്ങളായി ഇത് വളരാൻ ഇടയാക്കുകയും ചെയ്തിരുന്നു. തുടർന്ന് അബൂബക്കർ (റ.അ)യുടെ കാലത്ത് സമാഹരിച്ച ഖുർആൻ പതിപ്പ് മാത്രം പ്രചരിപ്പിക്കാനും മറ്റുള്ളവ നശിപ്പിക്കാനും ഉസ്മാൻ (റ.അ) കൽപ്പിച്ചിരുന്നു.

ഖുർആൻ സൂക്തങ്ങൾ എഴുതാനും സൂക്ഷിക്കാനും നബി (സ.അ) തന്നെയാണ് ഉസ്മാൻ (റ.അ) യെ നിശ്ചയിച്ചിരുന്നത്. ഇദ്ദേഹത്തിന് ഖുർആൻ മനഃപാഠവും അതേക്കുറിച്ച് ഉൽകൃഷ്ഠമായ അറിവും ഉണ്ടായിരുന്നു.

അദ്ദേഹം പ്രവാചകന്റെ പള്ളി ഹിജ്റ 29ൽ വീണ്ടും വികസിപ്പിച്ചിരുന്നു. അദ്ദേഹത്തിന്റെ നേരിട്ടുള്ള മേൽനോട്ടത്തിൽ വർണ്ണക്കല്ലുകൾ പതിക്കുകയും വികസനപ്രവർത്തനം നടത്തുകയുമാണുണ്ടായത്. ഉസ്മാൻ (റ.അ) യുടെ കാലത്തുണ്ടാക്കിയ തെക്ക് ഭാഗത്തുള്ള ചുമര് ഇന്നും അതേ സ്ഥാനത്ത് തന്നെയുണ്ടെന്നത്

കൗതുകമാണ്. ഉസ്മാൻ (റ.അ) നമസ്ക്കാരത്തിന് നേതൃത്വം നൽകിയ സ്ഥലത്ത് നിന്നു തന്നെയാണ് ഇന്നും ഇമാം നമസ്ക്കാരത്തിന് നേതൃത്വം നൽകുന്നത്.

ഇസ്ലാമിന്ന് ഉസ്മാൻ (റ.അ) പല വിധത്തിലുള്ള ശ്രദ്ധേയമായ നേട്ടങ്ങളും നൽകിയിരുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ അദ്ദേഹം ഇബ്നു സബ എന്ന ജൂത കപടഭക്തന്റെ ഗൂഡാലോചനയ്ക്ക് ഇരയായി. നിരാശരായ ചില മുസ്ലിങ്ങൾ ഇബ്നു സബയുമായി കൈകോർക്കു കയും ചെയ്തു. സ്വന്തം ഭവനത്തിൽ വെച്ച് ഖുർആൻ പരായണം നടത്തവേയാണ് അവർ അദ്ദേഹത്തെ കൊലപ്പെടുത്തിയത്. ഇപ്പോഴത്തെ ബാഖി വാതിലിന്ന് (ബാബ് ബാഖി) തൊട്ടു പുറത്താണ് ഈ വീട്. രക്തസാക്ഷിയാകുമ്പോൾ അദ്ദേഹത്തിന് 82 വയസ്സുണ്ടായിരുന്നു. അദ്ദേഹം അദ്ദേഹത്തിന്റെ എതിരാളികളുമായി പോരാട്ടം നടത്തിയിരുന്നില്ല. കാരണം മുസ്ലിങ്ങൾ തമ്മിലുള്ള ഒരു രക്ത ചൊരിച്ചിൽ അദ്ദേഹം ആഗ്രഹിച്ചിരുന്നില്ല. ഉസ്മാൻ (റ.അ) യുടെ രക്തസാക്ഷിത്വം നബി (സ.അ) യുടെ പ്രവചനത്തിൽ പെട്ടതായിരുന്നു. ഒരു ദിവസം നബി (സ.അ) സഹാബിമാരായ അബൂബക്കർ (റ.അ), ഉമർ(റ.അ), ഉസ്മാൻ (റ.അ) എന്നിവർക്കൊപ്പം ഉഹ്ദ് മലയിലേക്ക് പോയിരുന്നു. അപ്പോൾ ഉഹ്ദ് മല വിറക്കുവാൻ തുടങ്ങി. അപ്പോൾ നബി (സ.അ) കാല് കൊണ്ട് മലയിൽ ചവിട്ടുകയും ഇങ്ങനെ പറയുകയും ചെയ്തു. വിറയൽ നിർത്തൂ. ഒരു പ്രവാചകനും ഒരു സിദ്ധീഖും രണ്ട് രക്തസാക്ഷികളുമാണ് നിന്റെ മേൽ നിന്നിട്ടുള്ളത്. പെട്ടെന്ന് ഉഹ്ദ് മലയുടെ വിറയൽ നിന്നു.

അലി (റ.അ) ആയിരുന്നു പരീക്ഷണഘട്ടങ്ങളിൽ ഉസ്മാൻ (റ.അ) യുടെ ഏറ്റവും അടുത്ത ഉപദേശകൻ എന്നത് പ്രധാനപ്പെട്ട കാര്യമാണ്. അവർ തമ്മിൽ പരസ്പരവിശ്വാസവും ആത്മാർത്ഥതയും ഉണ്ടായിരുന്നു. ഉസ്മാൻ (റ.അ) യുടെ ഭവനം എതിരാളികൾ വളഞ്ഞപ്പോൾ അലി(റ.അ) വിലപ്പെട്ട ഉപദേശങ്ങൾ അദ്ദേഹത്തിന് നൽകിയിരുന്നു. അലി (റ.അ) അദ്ദേഹത്തിന്റെ മക്കളായ ഹസ്സൻ, ഹുസ്സൈൻ എന്നിവരെയാണ് ഉസ്മാൻ (റ.അ) യുടെ വീടിന്റെ കാവലേൽപ്പിച്ചത്. അവർ ഒരു മാസത്തോളം ഈ ദൗത്യം നിർവ്വഹിച്ചിരുന്നു. പക്ഷെ കുറ്റവാളികൾ മതിൽ ചാടിക്കടന്നാണ് ആ നിഷ്ഠൂരകർമ്മം നിർവ്വഹിച്ചത്. ഉമർ (റ.അ) ക്ക് ശേഷം പുതിയ



ഖലീഫയെ തിരഞ്ഞെടുക്കാൻ ഉമർ (റ.അ) യുടെ നേതൃത്വത്തിൽ ഉപദേശക സമിതി ചേർന്നപ്പോൾ ഉമർ (റ.അ) യും ഉസ്മാൻ (റ.അ) യും അടുത്ത ഖലീഫയായി അലി (റ.അ) യെ ആയിരുന്നു നിർദ്ദേശിച്ചത് എന്ന കാര്യം മറക്കാൻ കഴിയാത്തതാണ്. ഇതിൽ നിന്ന് അവർ തമ്മിലുള്ള സ്നേഹബന്ധത്തിന്റെ ഊഷ്മളത മനസ്സിലാവുന്നതാണ്.

ഈ വസ്തുതകൾ തെളിയിക്കുന്നത് അബൂബക്കർ (റ.അ), ഉമർ (റ.അ), ഉസ്മാൻ (റ.അ) അലി (റ.അ) എന്നിവർ തമ്മിൽ യാതൊരു അഭിപ്രായ വ്യത്യാസങ്ങളും ഉണ്ടായിരുന്നില്ല എന്നാണ്.

# അലി (റ.അ) (ഹി. 35- ഹി 40)

നബി (സ.അ)യാണ് അലി(റ.അ)യെ പോറ്റിവളർത്തിയത്. അത് കൊണ്ട് നബി (സ.അ)യുടെ അസാധാരണമായ സ്വഭാവങ്ങളും ഇസ്ലാമികധ്യാപനങ്ങളും പഠിക്കുവാനും പരിപോഷിപ്പിക്കുവാനും പ്രവർത്തനപഥത്തിൽ കൊണ്ടുവരാനും അലി(റ.അ)ക്ക് സാധിച്ചിരുന്നു. ഇസ്ലാം പ്രചരിപ്പിക്കാനായിരുന്നു നബി (സ.അ)ക്ക് അല്ലാഹു ആദ്യ നിർദ്ദേശം നൽകിയത്. സൂറത്ത് ശുഅറായിലെ 214 ാം വചനം ഇങ്ങനെ നിർദ്ദേശിക്കുന്നു.

وَأَنذِرْ عَشِيرَتَكَ الْأَقْرَبِينَ ﴿214﴾

*നിന്റെ അടുത്ത ബന്ധുക്കൾക്ക് നീ താക്കീത് നൽകുക.*

അതേ തുടർന്ന് നബി (സ.അ) തന്റെ ബന്ധുക്കളെ ഒരു വിരുന്നിന് ക്ഷണിക്കുകയും അവർക്ക് ഇസ്ലാമിനെ പരിചയപ്പെടുത്തുകയും ചെയ്തു. അലി (റ.അ) ഒഴിച്ച് മറ്റാരും അത് ശ്രദ്ധിച്ചതേയില്ല. പക്ഷെ അലി (റ.അ) ധൈര്യസമേതം പ്രഖ്യാപിച്ചു. ദൈവത്തിന്റെ പ്രവാചകാ ഞാൻ കണ്ണ് രോഗിയാണെങ്കിലും എന്റെ കാലുകൾ മെലിഞ്ഞതാണെ ങ്കിലും ഇവിടെ വന്നവരിൽ ഏറ്റവും വയസ്സിളയയാൾ ഞാനാകുന്നു, ഞാൻ നിങ്ങളോടൊപ്പമാണ്.

അദ്ദേഹത്തിന്റ പ്രഖ്യാപനം കേട്ട ഖുറൈശി പ്രമുഖർ ഉറക്കെ പരിഹസിച്ചു ചിരിച്ചു.

തുടർന്ന് കുട്ടിയായ അലി (റ.അ) ഇസ്ലാം മതം സ്വീകരിച്ചു. അദ്ദേഹം ജീവിതത്തിൽ ഒരിക്കൽ പോലും വിഗ്രഹങ്ങൾക്കു മുന്നിൽ



സ്വയം സാഷ്ടാംഗം വീണിരുന്നില്ല. ആയതിനാൽ ഞങ്ങളദ്ധേഹത്തെ ഖരീമുള്ളാഹി വജ്ഹിഹി എന്ന പേര് വിളിക്കുന്നു. അല്ലാഹു അദ്ദേഹ ത്തിന്റെ മുഖത്തെ ബഹുമാനിച്ചു എന്നർത്ഥം.

അലി (റ.അ) വിവാഹം കഴിച്ചത് നബി (സ.അ)യുടെ ഇഷ്ടപുത്രി ഫാത്തിമ (റ.അ)യെയാണ്. അവർക്ക് ഹസ്സൻ, ഹുസ്സൈൻ, മുഹസിൻ എന്നീ മൂന്ന് ആൺമക്കളും സൈനബ, ഉമ്മുക്കുൽസു എന്നീ പെൺമക്കളുമുണ്ടായിരുന്നു. എന്നാൽ മുഹസിൻ ശൈശവത്തിൽ തന്നെ മരണപ്പെട്ടിരുന്നു.

നബി (സ.അ) ഏറ്റവും വിശ്വസ്ഥനും സത്യസന്ധനുമാണെന്ന് അവർക്കറിയാമായിരുന്നു. മക്കയിലെ ഖുറൈശികൾ പ്രവാചകന്റെ ജീവനു വേണ്ടി ആഗ്രഹിക്കുമ്പോഴും അദ്ദേഹത്തിന്റെ ശത്രുക്കൾ വിലപിടിപ്പുളള സാധനങ്ങൾ സൂക്ഷിക്കാൻ അദ്ദേഹത്തെ ഏൽപ്പിക്കുമായിരുന്നു. അലി (റ.അ) അദ്ദേഹത്തിന്റെ വയസ്സിനേക്കാൾ നന്മയും പക്വതയും കാണിച്ചിരുന്നു. നബി (സ.അ) അദ്ദേഹത്തിന്റെ ഈ സ്വഭാവ ഗുണത്തിന് വില കൽപ്പിച്ചിരുന്നു. നബി (സ.അ) മദീന യിലേക്ക് ഹിജ്റ പോകുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കിടക്ക യിൽ കിടക്കുവാൻ അലിയോട് നിർദ്ദേശിക്കുകയും അദ്ദേഹത്തെ മക്കക്കാർ വിശ്വസിച്ച് ഏൽപ്പിച്ച വിലപ്പെട്ട മുതലുകൾ അവകാശികൾ ക്ക് തിരിച്ച് കൊടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

എല്ലാ യുദ്ധങ്ങളിലും അലി (റ.അ) പങ്കെടുത്തിരുന്നു. അപ്പോഴൊക്കെ അസാധാരണമായ ധൈര്യമാണ് അദ്ദേഹം പ്രകടിപ്പിച്ചത്. അവയിൽ ചില ഉദാഹരണങ്ങൾ മാത്രമിവിടെ സൂചിപ്പി ക്കാം. ബദർ രണാങ്കണത്തിൽ വെച്ച് വലീദ ബിൻ ഉത്തബ മുസ്ലിങ്ങളെ വെല്ലുവിളിച്ചപ്പോൾ ഉത്തബയെ കൊന്ന് കൊണ്ടാണ് അദ്ദേഹം മറുപടി പറഞ്ഞത്.

അഹ്സാബ് യുദ്ധവേദിയിൽ വെച്ച് അബ്ദ അൽ വുദ്ദ് കുതിരക്കൊപ്പം കിടങ്ങ് ചാടിക്കടന്ന് മുസ്ലിങ്ങളെ വെല്ലുവിളിക്കു കയുണ്ടായി. മുസ്ലിങ്ങളിൽ നിന്ന് അലി (റ.അ) ആ വെല്ലുവിളി സ്വീകരിച്ച് മുന്നോട്ട് വന്നപ്പോൾ വുദ്ദ് അലി (റ.അ) യോട് പറഞ്ഞു.

നിന്നെപോലെയുളള ഒരു ചെറുക്കനെ കൊല്ലുന്ന കാര്യം ഞാൻ വെറുക്കുന്നു. അറേബ്യയിലെ ധീരയോദ്ധാവായ അൽ വുദ്ദിനെ നേരിടാൻ നിങ്ങളിൽ നിന്നുളള ശക്തനായ ആരെയെങ്കിലും അയക്കൂ.

അലി (റ.അ)യെ നേരിടാൻ അദ്ദേഹം ആ അവിശ്വാസിയെ നിർബന്ധിക്കുകയും അലി (റ.അ) അദ്ദേഹത്തെ തുണ്ടം തുണ്ടമായി വധിക്കുകയും ചെയ്തു. ആ ധീരകൃത്യം കണ്ട് നബി (സ.അ) സംപ്രീതനാവുകയും അദ്ദേഹത്തെ അസദുള്ള അഥവാ അല്ലാഹുവിന്റെ സിംഹം എന്ന് വിളിക്കുകയും ചെയ്തു.

ഖൈബർ യുദ്ധത്തിന്നിടയിൽ എത്ര പരിശ്രമിച്ചിട്ടും മുസ്ലിങ്ങൾക്ക് ഒരു ജൂത കോട്ട പിടിച്ചടക്കാൻ കഴിഞ്ഞില്ല. അപ്പോൾ നബി (സ.അ) പറഞ്ഞു.

ഞാൻ നാളെ ഇസ്ലാമിക പതാക ഒരാൾക്ക് കൊടുക്കും. ആ മനുഷ്യൻ അല്ലാഹുവിനെയും അവന്റെ റസൂലിനെയും സ്നേഹിക്കുന്നയാളും അല്ലാഹുവും റസൂലും സ്നേഹിക്കുന്നയാളുമാണ്.

എല്ലാവരും ആ ബഹുമതിക്കായി ഉൽകണ്ഠയോടെ കാത്തിരുന്നു. എല്ലാവരെയും അൽഭുതപ്പെടുത്തിക്കൊണ്ട് കണ്ണ് രോഗിയായി കിടക്കുന്ന അലി (റ.അ) യെ ആണ് നബി (സ.അ) ആ പതാക ഏൽപ്പിച്ചത്. നബി (സ.അ) അദ്ദേഹത്തിന്റെ ഉമിനീർ വിരലിലെടുത്ത് അലി (റ.അ)യുടെ കണ്ണിൽ പുരട്ടിയപ്പോൾ അദ്ദേഹത്തിന് സുഖപ്പെടുകയും അലിക്ക് ഖൈബറിലെ ഖുമൂസ് കോട്ട പിടിച്ചെടുക്കാനുള്ള ദൗത്യം ഏറ്റെടുക്കുവാനും കഴിഞ്ഞു. ഹിജ്റ 9 ലെ തീർത്ഥയാത്രയ്ക്ക് അബൂബക്കർ (റ.അ)യെയാണ് നബി (സ.അ) നായകനായി നിയമിച്ചിരുന്നത്. അദ്ദേഹം മക്കയിലേക്ക് യാത്രയായ തോടെയാണ് നബി (സ.അ)ക്ക് പുതിയ ദൈവ സന്ദേശമെത്തിയത്. ആ കാര്യം ജനങ്ങളെ അറിയിക്കാൻ നബി (സ.അ) അലി(റ.അ) യെയാണ് അധികാരപ്പെടുത്തിയത്. വിശ്വാസികളും അവിശ്വാസികളും തമ്മിലുള്ള ബന്ധം സംബന്ധിച്ചും മേലിൽ നഗ്നരായി കൊണ്ട് ഹജ്ജ് ചെയ്യാൻ പാടില്ലെന്നും അദ്ദേഹം ജനങ്ങളെ അറിയിച്ചു. വളരെ പ്രാധാന്യമുള്ള ഈ സന്ദേശം ജനങ്ങളെ അറിയിക്കുവാൻ നബി (സ.അ) അലി (റ.അ)യെയാണ് അധികാരപ്പെടുത്തിയത്.

ഹിജ്റ 35ൽ ദുൽഹജ്ജ് 21ന്നാണ് അലി (റ.അ) ഖലീഫയായി സ്ഥാനാരോഹണം നടത്തിയത്. ഇബ്നു സബയുടെ സംഘം ഉൾപ്പടെയുള്ളവർ അലിയുമായി ബൈഅത്ത് ചെയ്തിരുന്നു. രാഷ്ട്രീയ കാരണങ്ങളാൽ പ്രമുഖരായ ചില സഹാബിമാർ പ്രതിജ്ഞ ചെയ്തിരുന്നില്ല. എല്ലാ ഭാഗത്ത് നിന്നും ധാരാളം പ്രശ്നങ്ങൾ അലി



(റ.അ)യെ വലയം ചെയ്തിരുന്നു. അദ്ദേഹം ഖലീഫയായതിന്റെ മൂന്നാം ദിവസം ഇബ്നു സബയുടെ അനുയായികളോട് മദീന വിട്ട് പോകാൻ അദ്ദേഹം കൽപ്പിച്ചിരുന്നു. അവരത് നിരസിക്കുകയും അവർ മദീനയിൽ കുതന്ത്രങ്ങളും കുഴപ്പങ്ങൾ ഉണ്ടാക്കുവാൻ ശ്രമിക്കുകയും ചെയ്തു.

ഉറച്ച സർക്കാർ ഉണ്ടാക്കുകയാണ് അത്യാവശ്യമായത് എന്നദ്ദേഹത്തിന്ന് തോന്നിയിരുന്നു അതോടൊപ്പം പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശക്തിയും. പക്ഷെ അദ്ദേഹത്തിന്റെ എതിരാളികൾ ഉസ്മാൻ (റ.അ) യുടെ കൊലയാളികളെ കണ്ട്പിടിച്ചേ മറ്റ് തീരുമാനങ്ങളെടുക്കാവൂ എന്ന് വാശിപിടിച്ചു. ഖലീഫയെ അനുകൂലിക്കുന്നവരും എതിർക്കുന്നവരും തമ്മിലുള്ള വിടവ് ചൂഷണം ചെയ്ത് കൊണ്ട് ഉസ്മാൻ (റ.അ) യുടെ ഘാതകർ ഒളിവിൽ പോവുകയോ രക്ഷപ്പെടുകയോ ചെയ്ത് കഴിഞ്ഞിരുന്നു. ആ ഘാതകരെ കണ്ടെത്തുക എളുപ്പമായിരുന്നില്ല. ആ സമയത്ത് അപകടകാരികളായ മറ്റൊരു ഗ്രൂപ്പ് രംഗത്ത് വന്നു. അവരെ ഖവാരിജുകൾ എന്ന് വിളിക്കപ്പെട്ടു. അവർ അലി(റ.അ) യോട് പോരാടൻ ശ്രമിക്കുകയും ദയനീയമായി പരാജയപ്പെടുകയും ചെയ്തു. അവർ ഒളിവിൽ പോവുകയും അലി (റ.അ), മുആവിയ (റ.അ), അംറ് ബിൻ ആസ് (റ.അ) എന്നിവരെ സുബ്ഹി നമസ്ക്കാര സമയത്ത് കൊല്ലാൻ പദ്ധതിയൊരുക്കുകയും ചെയ്തു.

ഹിജ്റ 40ൽ റംസാൻ 17ന്ന് മൂന്ന് ഖവാരിജുകൾ അവരുടെ പദ്ധതി നടത്താനായി എത്തി. മുആവിയ (റ.അ) ഗുരുതരമായ പരുക്കോടെ രക്ഷപ്പെട്ടു. അംറ് ബിൻ ആസ് അന്നേ ദിവസം സുബഹ് നമസ്ക്കാരത്തിന് എത്തിയില്ല. അലി (റ.അ)യെ ഇബിൻ മുൽജം ഗുരുതരമായി വെട്ടി പരിക്കേൽപ്പിച്ചു. റംസാൻ 20ന്ന് അലി (റ.അ) ദിവംഗതനായി. അന്ന് അദ്ദേഹത്തിന് 63 വയസ്സുണ്ടായിരുന്നു. 4 കൊല്ലവും 9 മാസവും അദ്ദേഹം ഖലീഫയായി ഇസ്ലാമിക സാമ്രാജ്യത്തെ നയിച്ചു.

അലി (റ.അ) ക്ക് ധാരാളം പ്രതിബന്ധങ്ങളേയും അപ്രതീക്ഷിതമായ സാഹചര്യങ്ങളേയും നേരിടേണ്ടി വന്നിരുന്നു. പ്രശ്നങ്ങൾ എണ്ണിയാലൊടുങ്ങാത്തതും സങ്കീർണ്ണമായതുമായിരുന്നു. അതൊക്കെ അലി (റ.അ) നേരിടുകയും മുസ്ലിങ്ങളെ ഒറ്റക്കെട്ടായി നില നിർത്തുകയും ചെയ്തു. ഖവാരിജുകളും ഇബ്നു സബയുടെ അനുകൂലികളും ചേർന്നാണ് മുസ്ലിം ഐക്യത്തെ തകർക്കാനുള്ള തിരി കൊളുത്തിയിരുന്നത്.

ഈ സാഹചര്യത്തിൽ അലി (റ.അ)യുടെ ആത്മാർത്ഥതയും ദൃഢതയും നിശ്ചയദാർഢ്യവും വളരെ വിലപ്പെട്ടതായിരുന്നു. ഒറ്റപ്പെട്ട സാഹചര്യങ്ങളിൽ അതിനെ നേരിടാനുള്ള അദ്ദേഹത്തിന്റെ കഴിവ് വാസ്തവത്തിൽ ബൃഹത്തായതാണ്.

മതവും മാതൃരാജ്യവും സംബന്ധിച്ച് ഇപ്പോഴത്തെ ചോദ്യങ്ങൾ ഖൈബറിനേക്കാൾ വലുതാണ്. അലി (റ.അ)യെക്കാൾ ധീരനായ ആരെങ്കിലും ഈ കാലത്തുണ്ടകുമോ.

പ്രവാചകൻ തബൂക്ക് യുദ്ധഭൂമിയിലേക്ക് പോയപ്പോൾ മദീനയുടെ ചുമതല അലിക്കാണ് നൽകിയത്. എന്നാൽ മദീനയിൽ സ്ത്രീകളുടേയും കുട്ടികളുടേയും കൂടെ ചെലവഴിക്കുന്നതിന് പകരം യുദ്ധത്തിൽ സജീവമായി പങ്കെടുക്കാനാണ് അലി ആഗ്രഹിച്ചിരുന്നത്. ബുഖാരി പരാമർശിച്ചത് പോലെയും സഅദ് ബിൻ വഖാസ് വിശദീകരിച്ചിട്ടുള്ളത് പോലെയും പ്രവാചകൻ അലിയോട് പറഞ്ഞു.

എന്റെ കണ്ണുകളിൽ നിനക്കുള്ള സ്ഥാനം മൂസയുടെ കണ്ണിൽ ഹാറൂണിനുള്ള സ്ഥാനം പോലെ തുല്യമാണെന്നറിയുന്നതിൽ നിനക്ക് ആഹ്ലാദമില്ലയോ.

ഇത് കാണിക്കുന്നത് പ്രവാചകൻ എത്ര മാത്രം അലിയുടെ അസാധാരണമായ ഗുണങ്ങളെ അദ്ദേഹത്തിന്റെ ശ്രദ്ധേയമായ ധൈര്യത്തിനോട് ചേർത്തു നിർത്തി കണ്ടിരുന്നുവെന്നതാണ്.

## ഒരു പ്രധാനപ്പെട്ട വിശദീകരണം.

അലി (റ.അ)ക്ക് അബൂബക്കർ (റ.അ) യോടുള്ള വിധേയത്വത്തെ സംബന്ധിച്ച് അലി (റ.അ.) വിശദീകരിക്കുന്നത്. അലി (റ.അ) ക്ക് അബൂബക്കർ (റ.അ.) യുടെ ഉദ്ദേശശുദ്ധിയിൽ സംശയം ഉണ്ടായിരുന്നു എന്നത് കൊണ്ടല്ല അങ്ങിനെ വിധേയപ്പെടുവാൻ താമസം നേരിട്ടത് എന്നതാണ് സത്യം. അദ്ദേഹത്തിന്റെ ദൈവത്തോടുള്ള വിധേയത്വവും ഉന്നതമായ ഗുണങ്ങളും എന്നിൽ അത്യധികം മതിപ്പുണ്ടാക്കിയിരുന്നു. കാലതാമസത്തിനു കാരണം അദ്ദേഹം എന്നെ ഉദ്ബോധിപ്പിച്ചില്ലല്ലോ എന്ന് ഞാൻ സങ്കടപ്പെട്ടതു കൊണ്ടാണ്.

എന്നിരിക്കിലും അലി (റ.അ) അബൂബക്കർ റ.അ)യെ കണ്ടുമുട്ടുകയും അലി (റ.അ) പ്രവാചകനുമായുള്ള ബന്ധം വിശദീകരിക്കുകയും ചെയ്ത സമയത്ത് അബൂബക്കറിന്റെ കണ്ണുകളിൽ



നിന്ന് കണ്ണുനീർ പൊടിഞ്ഞു. ഇതു കണ്ട മാത്രയിൽ അലി (റ.അ) സന്തോഷത്തോടെ അബൂബക്കറിന് വിധേയപ്പെടുകയും ചെയ്തു. أَشِدَّاءُ عَلَى الْكُفَّارِ رُحَمَاءُ بَيْنَهُمْ വാസ്തവത്തിൽ എല്ലാ സുഹൃത്തുക്കളും പരസ്പരം ദയാവായ്പുള്ളവരാണ്. അൽഫത്താഹ് 29ൽ പറയുന്നതുപോലെ

*അവിശ്വാസികൾക്കിടയിൽ ചങ്ങാതിമാർ കടുത്ത ഹൃദയമുള്ളവരും വിശ്വാസികൾക്കിടയിൽ മൃദുഹൃദയമുള്ളവരുമാണ്.*

ശ്രദ്ധേയമായ കാര്യം അബൂബക്കർ (റ.അ) യും ഉമർ (റ.അ)യും ഖലീഫയെ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ധൃതി വെച്ചത് മോശമായ കാര്യങ്ങൾ തലപൊക്കാതിരിക്കാനാണ്. പ്രവാചകന്റെ മൃതശരീരം മറവുചെയ്യുന്നതിനു മുമ്പായി അവർ ഈ പ്രശ്നത്തിനു പരിഹാരം കാണുന്നതിൽ വിജയിക്കുകയും ചെയ്തു. അല്ലാഹു ഞങ്ങൾക്ക് ഈ കാര്യങ്ങളൊക്കെ മനസ്സിലാക്കിത്തരുന്നതിൽ ദയാവായ്പുള്ളവനും ഞങ്ങളെ സ്നേഹമസൃണരായ സഹോദരൻമാരായി നിലനിർത്തുന്നവനാക്കുകയും ചെയ്യട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.

# ഉഹ്ദ് യുദ്ധം

## യുദ്ധത്തെക്കുറിച്ച് ചെറു വിവരണം

ബദർ യുദ്ധത്തിൽ പരാജയമടഞ്ഞ അവിശ്വാസികളുടെ ശപഥമാണ് ഉഹ്ദ് യുദ്ധത്തിലേക്ക് നയിച്ചത്. പ്രമുഖരായ 70 പേരുടെ കൊലയും മറ്റൊരു 70 പേരെ തടവുകാരായി പിടിക്കപ്പെട്ടതും അവർക്ക് അടക്കാനാവാത്ത പകയാണ് വരുത്തിയത്. മുസ്ലിംകളിൽ വെറും 14 പേർ മാത്രമാണ് രക്തസാക്ഷികളായത്. അവിശ്വാസികൾ പകയുടെ നെരിപ്പോട് ഊതി കത്തിച്ച് മൂവ്വായിരം ഭടൻമാരും മൂവ്വായിരം ഒട്ടകങ്ങളും ഇരുന്നൂറ് കുതിരകളുമായി മുസ്ലിങ്ങളെ തകർക്കാനായി പുറപ്പെട്ടു. അവർക്കൊപ്പം പാട്ട് പാടി അവരെ ആവേശഭരിതരാക്കാൻ 50 സ്ത്രീകളുമുണ്ടായിരുന്നു.

മുസ്ലിംകളുടെ സേനയിൽ തുടക്കത്തിൽ ആയിരം ഭടൻമാരാണുണ്ടായത്. എന്നാൽ മുസ്ലിം സേന ഉഹ്ദ് മലയെ സമീപിക്കവെ അബ്ദുള്ള ബിൻ ഒബേയുടെ നേതൃത്വത്തിലുള്ള കപടവിശ്വാസികളായ 300 പേർ യാതൊരു മുന്നറിയിപ്പുമില്ലാതെ മദീനയിലേക്ക് തിരിച്ച് പോയി. ജാബർ (റ.അ) യുടെ ബാപ്പ അവരെ തടയുകയും അല്ലാഹുവിനോടുള്ള ബാധ്യത നിർവ്വഹിക്കുവാൻ വേണ്ടി യുദ്ധ വേദിയിൽ തുടരാൻ ആവശ്യപ്പെട്ടെങ്കിലും അവർ കൂട്ടാക്കിയില്ല.

അല്ലാഹു (ത.അ) അവരുടെ കാപട്യം വെളിവാക്കി കൊണ്ട് സൂറത്ത് ആലു ഇംറാനിലെ 167മത്തെ വചനം ഇറക്കി.

وَلِيَعْلَمَ ٱلَّذِينَ نَافَقُوا۟ ۚ وَقِيلَ لَهُمْ تَعَالَوْا۟ قَٰتِلُوا۟ فِى سَبِيلِ ٱللَّهِ أَوِ ٱدْفَعُوا۟ ۖ قَالُوا۟ لَوْ نَعْلَمُ قِتَالًا لَّٱتَّبَعْنَٰكُمْ ۗ هُمْ لِلْكُفْرِ يَوْمَئِذٍ أَقْرَبُ مِنْهُمْ لِلْإِيمَٰنِ ۚ يَقُولُونَ بِأَفْوَٰهِهِم مَّا لَيْسَ فِى قُلُوبِهِمْ ۗ وَٱللَّهُ أَعْلَمُ بِمَا يَكْتُمُونَ (167)



*നിങ്ങൾ വരൂ അല്ലാഹുവിന്റെ മാർഗ്ഗത്തിൽ യുദ്ധം ചെയ്യൂ. അല്ലെങ്കിൽ ചെറുത്ത് നിൽക്കുകയെങ്കിലും ചെയ്യൂ . എന്ന് കൽപ്പിക്കപ്പെട്ടാൽ യുദ്ധമുണ്ടാകുമെന്ന് ഞങ്ങൾക്ക് ബോധ്യമായിരുന്നെങ്കിൽ ഞങ്ങളും നിങ്ങളുടെ പിന്നാലെ വരുമായിരുന്നു എന്ന് പറയുന്ന കാപട്യക്കാരെ അവൻ തിരിച്ചറിയുവാൻ വേണ്ടിയുമാകുന്നു അത്. അന്ന് സത്യവിശ്വാസത്തോടുള്ളതിനേക്കാൾ കൂടുതൽ അടുപ്പം അവർക്ക് അവിശ്വാസത്തോടായിരുന്നു. തങ്ങളുടെ വായ് കൊണ്ട് അവർ പറയുന്നത് അവരുടെ ഹൃദയങ്ങളിലില്ലാത്തതാണ്. അവർ മൂടി വെക്കുന്നതിനെപറ്റി അല്ലാഹു കൂടുതൽ അറിയുന്നവനാകുന്നു.*

അനന്തരം രണ്ട് പോരാളികളും നേർക്ക്നേർ ഉഹ്ദ് മലയിൽ വെച്ച് ഏറ്റ്മുട്ടി. നബി (സ.അ) യഥാർത്ഥത്തിൽ നിപുണനായ ഒരു യുദ്ധ തന്ത്രജ്ഞനായിരുന്നു. യുക്തമായ സ്ഥലങ്ങളിൽ പ്രവാചകൻ പോരാളികളെ നിർത്തുകയും അവർക്ക് നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശത്രുക്കളുടെ കടന്നുകയറ്റം തടയാൻ അമ്പെയ്ത്തുകാരെ നബി (സ.അ) ചെറിയകുന്നിന് മുകളിൽ നിർത്തി. തുടക്കത്തിൽ ശത്രുപക്ഷം തകർന്നടിഞ്ഞു. അതേ തുടർന്ന് നബി (സ.അ) യുടെ നിർദ്ദേശമില്ലാതെ ഭൂരിപക്ഷം അമ്പെയ്ത്തുകാരും സ്വസ്ഥാനത്ത് നിന്ന് ഇറങ്ങി യുദ്ധാർജിത മുതലുകൾ ശേഖരിക്കുവാൻ തുടങ്ങി. ഈ അവസരം ഉപയോഗപ്പെടുത്തി ശത്രുപക്ഷം അത് വഴി കടന്നാക്രമിക്കുകയും നബി (സ.അ)ക്ക് കഠിനമായി പരിക്കേൽക്കുകയും മുസ്ലിം പക്ഷത്തിന് നാശം സംഭവിക്കുകയും ചെയ്തു. ശത്രുക്കൾ രക്തസാക്ഷികളായ സഹാബിമാരുടെ മൃതദേഹങ്ങൾ അംഗഭംഗം വരുത്തുകയും ജയഭേരി മുഴക്കി മക്കയിലേക്ക് തിരിച്ച് പോവുകയും ചെയ്തു.

## യുദ്ധത്തിന്റെ വിശദ വിവരണങ്ങൾ

മൂവ്വായിരം വരുന്ന അവിശ്വാസികളുമായി എഴുന്നൂറ് പേരുള്ള മുസ്ലിം സേന ഏറ്റ്മുട്ടിയ വിരോജിതമായ സംഭവത്തിന്റെ ഓർമ്മകളിലൂടെ കടന്ന് പോകുന്നത് ആവേശകരമാണ്.

തുടക്കത്തിൽ സുബൈർ ബിൻ അവ്വാം(റ.അ) സഅദ് ബിൻ അബി വഖാസ്(റ.അ), അസീം ബിൻ സാബിത്ത് (റ.അ) عاصم بن ثابت അലി (റ.അ) ഹംസ (റ.അ) എന്നിവരടങ്ങുന്ന സേന ഒരു വീട്ടിലുള്ള

പത്തോളം അവിശ്വാസികളെ അവരുടെ കുടുംബത്തിൽ അവരുടെ പതാക വഹിക്കാനുള്ള ആരെയും അവശേഷിപ്പിക്കാതെ വധിച്ചു.

അമ്പെയ്ത്തുകാർ തുടക്കത്തിൽ അസാധാരണമായ മികവാണ് പുലർത്തിയിരുന്നത്. അവർ മൂന്ന് വട്ടം ശത്രുപക്ഷത്തെ തകർത്ത് തരിപ്പണമാക്കിയിരുന്നു. ശത്രുക്കൾ ഓടിപ്പോവുകയും ചെയ്തിരുന്നു. ബ്രാബിൻ അസീസ് (റ.അ)യുടെ പ്രസ്താവനപ്രകാരം ബുഹാരി ഇങ്ങനെ വിവരിക്കുന്നു.

അവരുടെ കർമ്മോൽസുകരായ നേതാക്കൾ പോലും ഭ്രാന്തൻ മാരെ പോലെ ഓടിപ്പോയിരുന്നു. ഓട്ടത്തിന്ന് വേഗത കിട്ടാൻ അവരുടെ പാദം നഗ്നമായിരുന്നു.

സുബൈറ് ബിൻ മുട്ടാന്റെ അടിമയായ വഹശി ഒരു പാറക്കെട്ടിൽ ഒളിച്ചിരുന്ന് ഹംസ (റ.അ) യെ പതിയിരുന്നാക്രമിക്കുകയും ഹംസ (റ.അ) രക്തസാക്ഷിയാവുകയും ചെയ്തു. യഥാർത്ഥത്തിൽ അപ്പോഴും മുസ്ലിങ്ങൾക്ക് മുൻകൈ ഉണ്ടായിരുന്നു.

അമ്പെയ്ത്തുകാരോട് ഒരു സാഹചര്യത്തിലും നിയമിക്കപ്പെട്ട സ്ഥലത്ത് നിന്ന് മറ്റൊരു കല്പന വരുന്നത് വരെ മാറരുതെന്ന് നബി (സ.അ) കൽപ്പിച്ചിരുന്നു. പക്ഷെ മിക്ക അമ്പെയ്ത്തുകാരും അല്ലാഹു മുസ്ലിങ്ങളെ വിജയിപ്പിച്ചതായി ധരിച്ചു. പണക്കാരായ ശത്രുക്കളുടെ യുദ്ധാർജിത മുതലുകൾ ശേഖരിക്കുന്നതിൽ അവരെ യഥാർത്ഥത്തിൽ വിലക്കുവാൻ കഴിയുമായിരുന്നില്ല. അമ്പെയ്ത്തുകാരുടെ നേതാവ് അബ്ദുള്ള ബിൻ ജുബൈർ (റ.അ) നബി (സ.അ) യുടെ നിർദ്ദേശ ത്തിനായി കുന്നിന്നു മുകളിൽ കാത്തിരുന്നു. അദ്ദേഹത്തോടൊപ്പം ഒമ്പത് അമ്പെയ്ത്തുകാർ മാത്രമേ അവിടെ ഉണ്ടായിരുന്നുള്ളു. ശത്രുക്കൾ ഈ അവസരം മുതലെടുത്ത്കൊണ്ട് അമ്പെയ്ത്തുകാരെ ആക്രമിക്കുകയുണ്ടായി. അവർ ഒമ്പത് പേരും രക്തസാക്ഷികളായി. ശത്രുക്കളുടെ കുതിര പടയാളികൾ മുന്നേറുകയും മുസ്ലിം സേനയെ വളയുകയും ചെയ്തു. മുസ്ലിങ്ങൾക്കിടയിൽ സംഭ്രാന്തി പടരുകയും അസംഘടിതരായി ജീവനും കൊണ്ട് ഓടാൻ നിർബന്ധിതരാവുകയും ചെയ്തു. വിജയം ഞൊടിയിടയിൽ അങ്ങേയറ്റത്തെ അടിയന്തര ഘട്ടത്തിലേക്ക് തള്ളിയിടപ്പെട്ടു.

ഈ സാഹചര്യത്തിലും ധാരാളം സഹാബികൾ ധീരോത്തമായ പോരാട്ടം നടത്തി. ബുഹാരിയുടെ ഉദ്ധരണി പ്രകാരം അനസ് ബിൻ



നദാർ (റ.അ) ശരീരത്തിലുടനീളം മുറിവേറ്റാണ് രക്തസാക്ഷിയായത്. അദ്ദേഹത്തിന്റെ സഹോദരി അദ്ദേഹത്തെ തിരിച്ചറിഞ്ഞത് വിരലിന്റെ അഗ്രം നോക്കിയാണ്.

നബി (സ.അ)ക്ക് ഒപ്പം വെറും ഒമ്പത് സഹാബിമാരാണുണ്ടായത്. ഏഴ് പേരും നബി (സ.അ)ക്ക് പ്രതിരോധം സൃഷ്ടിക്കവെ ഓരോരുത്തരും രക്തസാക്ഷികളായി. അവസാനം തൽഹാം ബിൻ ഉബൈദുള്ള (റ.അ)യും സഅദ് ബിൻ അബി വഖാസ് (റ.അ) യും മാത്രമാണ് നബി (സ.അ)ക്ക് പ്രതിരോധം തീർത്ത്കൊണ്ട് ബാക്കിയായത്.

## നബി (സ.അ)യുടെ പരിക്കുകൾ

ശത്രുക്കളുടെ കല്ലേറിൽ നബി (സ.അ)ക്ക് പരിക്കേറ്റു. അദ്ദേഹം നിലത്ത് വീണു. അദ്ദേഹത്തിന്റെ ഒരു കീഴ്പല്ല് പൊട്ടുകയും കീഴ് ചുണ്ടിന്ന് പരിക്കേൽക്കുകയും ചെയ്തിരുന്നു. മറ്റൊരു ശത്രു അദ്ദേഹത്തിന്റെ നെറ്റിക്ക് പരിക്കേൽപ്പിച്ചു. മറ്റൊരാൾ വാള് കൊണ്ട് ശക്തിയായി നബി (സ.അ)യെ വെട്ടിപരിക്കേൽപ്പിച്ചു. ആയതിനാൽ ഹെൽമറ്റിന്റെ രണ്ട് റിംഗുകൾ നബി (സ.അ)യുടെ കവിളിൽ തുളച്ച് കയറി. രക്തം ആ മുഖത്തിലൂടെ ഒഴുകി.

സഅദ് ബിൻ അബി വഖാസ് (റ.അ) ശത്രുക്കൾക്കെതിരെ അമ്പെയ്തു കൊണ്ടിരുന്നു. നബി (സ.അ)അങ്ങേയറ്റം സംതൃപ്തനായി താഴെ പറയും പ്രകാരം അല്ലാഹുവിനോട് പ്രർത്ഥിച്ചു.

എന്റ ഉമ്മയും ബാപ്പയും ഉണ്ടായിരുന്നെങ്കിൽ നിനക്ക് വേണ്ടി ത്യാഗം സഹിക്കുമായിരുന്നു.

തൽഹ (റ.അ)യുടെ കൈക്ക് പരിക്കേറ്റിട്ടും മുറിഞ്ഞ് വീണിട്ടും നബി (സ.അ)യെ സംരക്ഷിച്ച് കൊണ്ട് ശക്തനായി പോരാടി. നിർണ്ണായക ഘട്ടത്തിൽ അദ്ദേഹം സ്വന്തം നെഞ്ച്കാട്ടി നബിക്ക് വേണ്ടി പ്രതിരോധം തീർത്തു. തിർമിദിയുടെ ഉദ്ധരണിയിൽ നബി (സ.അ) ഇങ്ങനെ പറഞ്ഞതായി കാണാം.

ഭൂമിയിലൂടെ ഒരു രക്തസാക്ഷി നടക്കുന്നതായി നിങ്ങൾക്ക് കാണണമെങ്കിൽ അവർ തൽഹാം ബിൻ ഉബൈദുള്ളയെ നോക്കട്ടെ.

ബുഹാരിയുടെ ഉദ്ധരണിയിൽ സഅദ് ബിൻ അബി വഖാസ് ഇങ്ങനെപറഞ്ഞതായി കാണാം.

ഉഹ്ദ് യുദ്ധത്തിലെ ഒരു ദിവസം വെള്ളയുടുപ്പിട്ട രണ്ട് പേർ നബി (സ.അ)ക്ക് ചുറ്റും നിന്ന് പോരാടുന്നത് ഞാൻ കണ്ടു. അവർ നബി (സ.അ)ക്ക് വേണ്ടി തീവ്രമായി പോരാടി കൊണ്ടിരുന്നു. അവരെ ഞാൻ അതിന് മുമ്പും ശേഷവും കണ്ടിട്ടില്ല.

മറ്റൊരു വിവരണത്തിൽ ജിബ്രീൽ (അ.സ) മിഖായേൽ (അ.സ) എന്നീ മലക്കുകളാണ് അവരെന്ന് പറയപ്പെടുന്നു. അതിന്നിടയിൽ മുപ്പതോളം സഹാബിമാർ നബിക്കരികിൽ കുതിച്ചെത്തി. ഓരോരുത്തരും വീരശൂരരായി പോരാട്ടം നടത്തിയതായി ചരിത്ര പുസ്തകങ്ങൾ രേഖപ്പെടുത്തുന്നു.

മുസ്ലിങ്ങളെ അപായപ്പെടുത്താൻ ശത്രുക്കൾ കള്ളക്കുഴികൾ കുഴിച്ചിരുന്നു. ദൗർഭാഗ്യകരമെന്ന് പറയട്ടെ നബി (സ.അ) അതിൽ വീഴാൻ ഇടയായി. അലി (റ.അ)യും തൽഹാം ബിൻ ഉബൈദുള്ളയും കൂടി നബി (സ.അ)യെ കരക്ക് കയറ്റി. അബു ഉബൈദ ബിൻ ജറ (റ.അ) നബി (സ.അ)യുടെ കവിളിൽ നിന്ന് ഹെൽമറ്റിന്റെ റിംഗ് അദ്ദേഹത്തിന്റെ പല്ല് കൊണ്ട് കടിച്ചെടുക്കാൻ ശ്രമിച്ചു. ആദ്യ ശ്രമത്തിൽ അദ്ദേഹത്തിന്റെ ഒരു കീഴ്പല്ല് നഷ്ടപ്പെട്ടു. രണ്ടാമത്തെ റിംഗ് എടുക്കവെ മറ്റൊരു കീഴ്പല്ല് കൂടി പൊഴിഞ്ഞു.

## സാഹസികതയുടെ ഉദാഹരണങ്ങൾ

1. മുസ്ലിം പട്ടാളത്തിന്റെ പതാകയുമേന്തി മുസാബ് ബിൻ ഉമർ (റ.അ) തീവ്രമായി പോരാടി കൊണ്ടിരുന്നു. പോരാട്ടത്തിന്നിടയിൽ അദ്ദേഹത്തിന്റെ വലത് കൈ കൊത്തി അരിയപ്പെട്ടു. പിന്നെ അദ്ദേഹം പതാക ഇടത് കൈയ്യിലേക്ക് മാറ്റി പോരാടി. ഇടത് കൈയ്യും ശത്രുക്കൾ മുറിച്ച് മാറ്റി. അദ്ദേഹം ഇരിക്കുകയും കാൽമുട്ടിൽ പതാക വഹിച്ച് നെഞ്ചും കഴുത്തും കൊണ്ട് പതാക താങ്ങി നിർത്തി. ഈ നിലയിൽ അദ്ദേഹം രക്തസാക്ഷിയായി. മുസാബ് (റ.അ)ക്ക് നബിയുമായി വളരെ രൂപസാദൃശ്യമുണ്ടായതിനാൽ അവിശ്വാസികൾ നബി (സ.അ) വധിക്കപ്പെട്ടതായി പ്രചരിപ്പിച്ചു. ഇത് വിശ്വാസികളുടെ ഹൃദയം തകർത്തു.
2. നബി (സ.അ) യെ സംരക്ഷിക്കാനായി അബു ദജന(റ.അ) നബി (സ.അ)ക്ക് മുന്നിലായി പുറം തിരിഞ്ഞ് നിൽക്കുകയായിരുന്നു. ധാരാളം അമ്പുകൾ അദ്ദേഹത്തിന്റെ പുറത്ത് വന്ന് പതിച്ചിട്ടും അദ്ദേഹം ഒരണു പോലും നീങ്ങിയില്ല.



3. നബി (സ.അ)ക്ക് ചുറ്റും എണ്ണപ്പെടുന്ന സഹാബികൾ മാത്രം അവശേഷിച്ചപ്പോൾ ഉമ്മു അമാറ (റ.അ)യും അവരുടെ ഭർത്താവും രണ്ട് ആൺമക്കളും നബി (സ.അ) ക്ക് അടുത്തെത്തി വളഞ്ഞ് നിന്നു. ഉമ്മു അമാറ (റ.അ) ഊരിപ്പിടിച്ച വാളുമായി നബി (സ.അ)യുടെ എല്ലാ ഭാഗത്ത് നിന്നും ശത്രുക്കളെ നേരിട്ടു. ഒരു കുടുംബം മുഴുവൻ ധീര സാഹസീകമായ പോരാട്ടം നടത്തിയത് കണ്ട് നബി (സ.അ) ഇങ്ങനെപ്രാർത്ഥിച്ചു.

അല്ലാഹുവേ ഈ കുടുംബത്തിന് മേൽ നിന്റെ കരുണ ചൊരിയേണമേ. തുടർന്ന് നബി (സ.അ) ഇങ്ങനെകൂടി പ്രർത്ഥിച്ചു..
അല്ലാഹുവേ അവരെ മുഴുവൻ സ്വർഗ്ഗത്തിൽ എന്റെ അനുചരൻ മാരാക്കേണമേ.

## യുദ്ധക്കളത്തിലെ ധീരവനിതകൾ

യുദ്ധത്തിന്റെ അന്ത്യഘട്ടത്തിൽ മുസ്ലിം വനിതകൾ യുദ്ധക്കളത്തിലെത്തിയതായി അനസ് (റ.അ) യിൽ നിന്ന് ബുഹാരി ഉദ്ധരിക്കുന്നുണ്ട്. അവർ വെള്ളം നിറച്ച തോൽപാത്രവുമായി പരിക്കേറ്റ സഹാബിമാരുടെ അടുത്തേക്ക് ഓടിയെത്തി. അവർക്കൊപ്പം ആയിശ (റ.അ), ഉമ്മു സലീം (റ.അ), ഉമ്മു സലീത്ത് (റ.അ), ഉമ്മു ഐമൻ (റ.അ) എന്നിവരും ഉണ്ടായിരുന്നു.

## രക്തസാക്ഷികളുടെ അംഗഭംഗം വരുത്തിയത്.

മുസാബ് ബിൻ ഒമൈർ (റ.അ) രക്തസാക്ഷിയായപ്പോൾ അദ്ദേഹത്തിന് നബിയുമായുള്ള രൂപസാദൃശ്യം കാരണം നബിയാണ് വധിക്കപ്പെട്ടതെന്ന് ശത്രുക്കൾ പ്രചരിപ്പിച്ചിരുന്നു. ശത്രുക്കൾ അവരുടെ ദൗത്യം നിർവ്വഹിക്കപ്പെട്ടതായി കരുതി. തുടർന്ന് അവർ രക്തസാക്ഷികളുടെ മൃതശരീരങ്ങൾ വെട്ടി വികൃതമാക്കുകയും അംഗഭംഗം വരുത്തുകയും ചെയ്തു. അവരുടെ ചെവിയും മൂക്കും ലിംഗവും അറുത്തെടുത്ത് മാലകളാക്കി. അബൂ സുഫ്യാന്റെ ഭാര്യ ഹിന്ദ് ബിൻ ഉത്ബ ഹംസ (റ.അ)യുടെ വയർ പിളർന്ന് കരള് പറിച്ചെടുത്ത് ചവച്ച് തുപ്പി അവളുടെ കോപമടക്കി. വിഗ്രാഹാരാധകർ അവരുടെ ദൗത്യം പൂർത്തിയായതായി കരുതി മക്കയിലേക്ക് പോയി.

## സഹാബികളുടെ പദവികൾ

വിജയത്തെ പരാജയമാക്കിയ മുസ്ലിങ്ങളുടെ അവസ്ഥകൾക്ക് മൂന്ന് ഘടകങ്ങളുണ്ടായിരുന്നു.

1. നബി (സ.അ)യുടെ നിർദ്ദേശം അമ്പെയ്ത്തുകാർ ധിക്കരിച്ചത്.
2. നബി (സ.അ) മരിച്ചെന്ന വാർത്ത ധാരാളം സഹാബിമാരുടെ ഹൃദയം തകർത്തു.
3. യുദ്ധക്കളത്തിലെ നബി (സ.അ)യുടെ നിർദ്ദേശത്തോടുള്ള വിയോജിപ്പ് ഈ കാര്യങ്ങൾ സൂറത്ത് ആലു ഇംറാനിലെ 152മത്തെ വചനത്തിൽ ഇങ്ങനെ വിവരിക്കുന്നു.

وَلَقَدْ صَدَقَكُمُ ٱللَّهُ وَعْدَهُۥٓ إِذْ تَحُسُّونَهُم بِإِذْنِهِۦ ۖ حَتَّىٰٓ إِذَا فَشِلْتُمْ
وَتَنَٰزَعْتُمْ فِى ٱلْأَمْرِ وَعَصَيْتُم مِّنۢ بَعْدِ مَآ أَرَىٰكُم مَّا تُحِبُّونَ ۚ مِنكُم مَّن يُرِيدُ
ٱلدُّنْيَا وَمِنكُم مَّن يُرِيدُ ٱلْءَاخِرَةَ ۚ ثُمَّ صَرَفَكُمْ عَنْهُمْ لِيَبْتَلِيَكُمْ ۖ وَلَقَدْ عَفَا
عَنكُمْ ۗ وَٱللَّهُ ذُو فَضْلٍ عَلَى ٱلْمُؤْمِنِينَ ﴿١٥٢﴾

*അല്ലാഹുവിന്റെ അനുമതി പ്രകാരം നിങ്ങളവരെ കൊന്നൊടുക്കി കൊണ്ടിരുന്നപ്പോൾ നിങ്ങളോടുള്ള അല്ലാഹുവിന്റെ വാഗ്ദാനത്തിൽ അവൻ സത്യം പാലിച്ചിട്ടുണ്ട്. എന്നാൽ നിങ്ങൾ ഭീരുത്വം കാണിക്കുകയും കാര്യനിർവ്വഹണത്തിൽ അന്യോന്യം പിണങ്ങുകയും നിങ്ങളിഷ്ടപ്പെടുന്ന നേട്ടം അല്ലാഹു നിങ്ങൾക്ക് കാണിച്ച് തന്നതിന് ശേഷം നിങ്ങൾ അനുസരണക്കേട് കാണിക്കുകയും ചെയ്തപ്പോഴാണ് (കാര്യങ്ങൾ നിങ്ങൾക്കെതിരായത്). നിങ്ങളിൽ ഇഹലോകത്തെ ലക്ഷ്യമാക്കുന്നവരുണ്ട്. പരലോകത്തെ ലക്ഷ്യമാക്കുന്നവരും നിങ്ങളിലുണ്ട്. അനന്തരം നിങ്ങളെ പരീക്ഷിക്കുവാനായി അവരിൽ (ശത്രുക്കളിൽ) നിന്നു നിങ്ങളെ അല്ലാഹു പിന്തിരിപ്പിച്ച് കളഞ്ഞു. എന്നാൽ അല്ലാഹു നിങ്ങൾക്ക് മാപ്പ് തന്നിരിക്കുന്നു. അല്ലാഹു സത്യവിശ്വാസികളോട് ഔദാര്യം കാണിക്കുന്നവനാകുന്നു.*

അല്ലാഹു പറയുന്നു. ആ അങ്ങേയറ്റത്തെ കഷ്ടപ്പാട് അല്ലാഹു നൽകിയത് യഥാർത്ഥ വിശ്വാസികളേയും കപട വിശ്വാസികളേയും വേർതിരിച്ചെടുക്കാൻ വേണ്ടിയാണ്. വിശ്വാസികളോട് അല്ലാഹു ക്ഷമിച്ച് കൊണ്ട് സമാശ്വസിപ്പിച്ചിരുന്നു. അത്കൊണ്ട് അവർക്കെതിരെ



അവസാനവിചാരണ ദിവസം ഇതേക്കുറിച്ച് ചോദ്യങ്ങളില്ല. അല്ലാഹു മുസ്ലിങ്ങളോട് ഏറെ കരുണ കാട്ടുന്നവനാണ്.

കുഴപ്പംപിടിച്ച ഈ സാഹചര്യത്തെ കുറിച്ച് ആലു ഇംറാനിലെ 153-155 വചനങ്ങളിൽ ഇങ്ങനെപറഞ്ഞു.

۞ إِذْ تُصْعِدُونَ وَلَا تَلْوُۥنَ عَلَىٰٓ أَحَدٍ وَٱلرَّسُولُ يَدْعُوكُمْ فِىٓ
أُخْرَىٰكُمْ فَأَثَٰبَكُمْ غَمًّۢا بِغَمٍّ لِّكَيْلَا تَحْزَنُوا۟ عَلَىٰ مَا فَاتَكُمْ وَلَا مَآ
أَصَٰبَكُمْ ۗ وَٱللَّهُ خَبِيرٌۢ بِمَا تَعْمَلُونَ ﴿١٥٣﴾ ثُمَّ أَنزَلَ عَلَيْكُم مِّنۢ بَعْدِ ٱلْغَمِّ أَمَنَةً نُّعَاسًا
يَغْشَىٰ طَآئِفَةً مِّنكُمْ ....

إِنَّ ٱلَّذِينَ تَوَلَّوْا۟ مِنكُمْ يَوْمَ ٱلْتَقَى ٱلْجَمْعَانِ إِنَّمَا ٱسْتَزَلَّهُمُ ٱلشَّيْطَٰنُ بِبَعْضِ مَا كَسَبُوا۟ ۖ
وَلَقَدْ عَفَا ٱللَّهُ عَنْهُمْ ۗ إِنَّ ٱللَّهَ غَفُورٌ حَلِيمٌ ﴿١٥٥﴾

*"ആരെയും തിരിഞ്ഞ് നോക്കാതെ നിങ്ങൾ (പടക്കളത്തിൽ നിന്നു) ഓടിക്കയറിയിരുന്ന സന്ദർഭം (ഓർക്കുക). റസൂൽ പിന്നിൽ നിന്ന് നിങ്ങളെ വിളിക്കുന്നുണ്ടായിരുന്നു. അങ്ങനെ അല്ലാഹു നിങ്ങൾക്ക് ദുഃഖത്തിന്മേൽ ദുഃഖം പ്രതിഫലമായി നൽകി. നഷ്ടപ്പെട്ടു പോകുന്ന നേട്ടത്തിന്റെ പേരിലോ നിങ്ങളെ ബാധിക്കുന്ന ആപത്തിന്റെ പേരിലോ നിങ്ങൾ ദുഃഖിക്കുവാൻ ഇടവരാതിരിക്കുന്നതിന് വേണ്ടിയാണിത്. നിങ്ങൾ പ്രവർത്തിക്കുന്നതിനെപറ്റി അല്ലാഹു സൂക്ഷ്മമായി അറിയുന്നവനാകുന്നു.*

*പിന്നീട് ആ ദുഃഖത്തിന്നു ശേഷം അല്ലാഹു നിങ്ങൾക്ക് ഒരു നിർഭയത്വം അഥവാ മയക്കം ഇറക്കിത്തന്നു. ആ മയക്കം നിങ്ങളിൽ ഒരു വിഭാഗത്തെ പൊതിയുകയായിരുന്നു. വേറെ ഒരു വിഭാഗമാകട്ടെ സ്വന്തം ദേഹങ്ങളെപ്പറ്റിയുള്ള ചിന്തയാൽ അസ്വസ്ഥരായിരുന്നു. അല്ലാഹുവെ പറ്റി അവർ ധരിച്ചിരിക്കുന്നത് സത്യവിരുദ്ധമായ അനിസ്ലാമിക ധാരണയായിരുന്നു. അവർ പറയുന്നു. കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമുണ്ടോ (നബിയെ) പറയുക കാര്യമെല്ലാം അല്ലാഹുവിന്റെ അധീനത്തിലാകുന്നു. നിന്നോട് അവർ വെളിപ്പെടു ത്തുന്നതല്ലാത്ത മറ്റെന്തോ മനസ്സുകളിൽ അവർ ഒളിച്ച് വെക്കുന്നു. അവർ പറയുന്നു: കാര്യത്തിൽ നമുക്ക് വല്ല സ്വാധീനവുമു ണ്ടായിരുന്നെങ്കിൽ നാം ഇവിടെ വെച്ച് കൊല്ലപ്പെടുമായിരുന്നില്ല.*

*(നബിയേ) പറയുക. നിങ്ങൾ സ്വന്തം വീടുകളിൽ ആയിരുന്നാൽ പോലും കൊല്ലപ്പെടാൻ വിധിക്കപ്പെട്ടവർ തങ്ങൾ മരിച്ച് വീഴുന്ന സ്ഥാനങ്ങളിലേക്ക് (സ്വയം) പുറപ്പെട്ടു വരുമായിരുന്നു. നിങ്ങളുടെ മനസ്സുകളിലുള്ളത് അല്ലാഹു പരീക്ഷിച്ചറിയുവാൻ വേണ്ടിയും നിങ്ങളുടെ ഹൃദയങ്ങളിലുള്ളത് ശുദ്ധീകരിച്ചെടുക്കുവാൻ വേണ്ടിയുമാണിതെല്ലാം. മനസ്സുകളിലുള്ളതെല്ലാം അറിയുന്നവാനാകുന്നു അല്ലാഹു.*

*രണ്ട് സംഘങ്ങൾ ഏറ്റുമുട്ടിയ ദിവസം നിങ്ങളുടെ കൂട്ടത്തിൽ നിന്ന് പിന്തിരിഞ്ഞ് ഓടിയവരെ തങ്ങളുടെ ചില ചെയ്തികൾ കാരണമായി പിശാച് വഴിതെറ്റിക്കുകയാണുണ്ടായത്. അല്ലാഹു അവർക്ക് മാപ്പ് നൽകിയിരിക്കുന്നു. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും സഹനശീലനുമാകുന്നു.*

ഇത് വിശ്വാസികളോടുള്ള പരീക്ഷണമാകുന്നു, ഇവിടെ സൂചിപ്പിക്കപ്പെട്ട അവരുടെ പ്രവൃത്തികൾ കാരണം ചില വിശ്വാസികൾ ചെകുത്താന്റെ വലയിലകപ്പെട്ടു. അവസാനവചനത്തിലൂടെ അല്ലാഹു വ്യക്തമായ വിധി ആ കാര്യത്തിൽ പറയുകയും അവരോട് ക്ഷമിക്കുകയും ചെയ്തിരിക്കുന്നു.

അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമാകുന്നു.

അല്ലാഹുവിന്റെ മുകളിൽ സൂചിപ്പിച്ച രണ്ട് വിധിന്യായങ്ങളുടെ വെളിച്ചത്തിൽ ചിലർ സഹാബത്തിനെ കുറിച്ച് അനാവശ്യങ്ങൾ പറഞ്ഞു. മുകളിലെ വചനങ്ങൾ പ്രകാരം അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുകയും അവന്റെ അനുഗ്രഹത്തിന്റെ തണൽ ഒരു മയക്കമായി യുദ്ധക്കളത്തിൽ അവരെ പൊതിയുകയും ചെയ്തിരിക്കുന്നു. ഇത് അവരെ കൂടുതൽ സുരക്ഷിതമായി തോന്നിച്ചിരുന്നു. പടക്കളത്തിലെ ആ മയക്കം ഒരനുഗ്രഹമായി കാണേണ്ടതാണ്. തീർച്ചയായും അത് നമസ്ക്കാരത്തിന്നിടയിലെ ഒരു ശാപമായിരുന്നു. അല്ലാഹുവിന്റെ ഈ അനുഗ്രഹം മോശമായ യുദ്ധക്കളത്തിൽ അങ്ങേയറ്റം വിഷമിച്ച യോദ്ധാക്കൾക്ക് ഒരനുഗ്രഹമായിരുന്നു.

സൂറത്ത് അൽ അൻഫാൽ 11 ാം വചനം ഇങ്ങനെവായിക്കാം.

إِذْ يُغَشِّيكُمُ ٱلنُّعَاسَ أَمَنَةً مِّنْهُ

*അല്ലാഹു തന്റെ പക്കൽ നിന്നുള്ള മനശാന്തിയുമായി നിങ്ങളെ നിദ്രാമയക്കം കൊണ്ട് ആവരണം ചെയ്തിരുന്ന സന്ദർഭം ഓർക്കുക.*



സഹാബത്തിന്റെ മറ്റൊരു പിഴവിന്മേൽ അല്ലാഹു എങ്ങനെ പ്രതികരിച്ചു എന്നും മനസ്സിലാക്കുന്നത് നല്ലതാണ്. കപട വിശ്വാസികളുടെ നേതാവ് 300 അനുയായികൾക്കൊപ്പം യുദ്ധക്കളം വിട്ടപ്പോൾ അത് ചില മുസ്ലിം നേതാക്കളുടെ ധർമ്മവീര്യത്തെ ബാധിച്ചു. യഥാർത്ഥത്തിൽ ഇത് ഹർത്ത, ബനി സൽമ ഗോത്രങ്ങൾക്ക് ഹൃദയ വേദനയുണ്ടാക്കി. അവർ മുസ്ലിം സേനയെ വിട്ടേച്ച് കപടവിശ്വാസികളെ പിന്തുടർന്നാലോ എന്നും ചിന്തിച്ചു. പക്ഷെ അല്ലാഹു അവരുടെ ഹൃദയത്തെ അവന്റെ കാരുണ്യത്താൽ മാറ്റിമറിച്ചു. പിന്നെ അല്ലാഹു അവരുടെ അനുകൂലിയും പിഴവുകളിലെ സംരക്ഷകനുമായി.

ആലു ഇംറാൻ സൂറത്തിലെ 122 ാം വചനം ഇങ്ങനെ സൂചിപ്പിക്കുന്നു.

إِذْ هَمَّت طَّآئِفَتَانِ مِنكُمْ أَن تَفْشَلَا وَٱللَّهُ وَلِيُّهُمَا ۗ وَعَلَى ٱللَّهِ فَلْيَتَوَكَّلِ ٱلْمُؤْمِنُونَ ﴿١٢٢﴾

*നിങ്ങളിൽപെട്ട രണ്ട് വിഭാഗങ്ങൾ ഭീരുത്വം കാണിക്കാൻ ഭാവിച്ച സന്ദർഭം (ശ്രദ്ധേയമാണ്). എന്നാൽ അല്ലാഹുവാകുന്നു ആ രണ്ട് വിഭാഗത്തിന്റെയും രക്ഷാധികാരി. അല്ലാഹുവിന്റെ മേലാണ് സത്യവിശ്വാസികൾ ഭരമേൽപ്പിക്കേണ്ടത്.*

ഈ ഗോത്രങ്ങൾ അഭിമാനത്തോടെ ഇങ്ങനെ പറഞ്ഞിരുന്നു.

അല്ലാഹു ഞങ്ങളുടെ അനുകൂലിയും സംരക്ഷകനുമാകുന്നു.

സഹാബത്തിന്ന് പിഴവ് സംഭവിച്ചപ്പോൾ പോലും അല്ലാഹു സഹാബത്തിനോട് വളരെ ദയയുള്ളവനായിരുന്നു. ഒന്നിന് പുറമേ ഒന്നായി നന്മകൾ ചെയ്തു വന്നിരുന്നു. സഹാബത്തിനോട് അല്ലാഹു എത്രമാത്രം കരുണ കാണിച്ചു എന്ന് എന്നെ അത്ഭുതപ്പെടുത്തിയിട്ടുണ്ട്. അല്ലാഹു അവർക്ക് പൊറുത്ത് കൊടുക്കുക മാത്രമല്ല നബി (സ.അ) യോട് നല്ല നിലയിൽ അവരോട് വർത്തിക്കുവാനും നിർദ്ദേശിച്ചിരുന്നു. ആലു ഇംറാനിലെ 159 ാം വചനം കാണുക.

فَٱعْفُ عَنْهُمْ وَٱسْتَغْفِرْ لَهُمْ وَشَاوِرْهُمْ فِى ٱلْأَمْرِ

*ആകയാൽ നീ അവർക്ക് മാപ്പ് കൊടുക്കുകയും അവർക്ക് വേണ്ടി പാപമോചനം തേടുകയും ചെയ്യുക. കാര്യങ്ങളിൽ നീ അവരോട് കൂടിയാലോചിക്കുകയും ചെയ്യുക.*

## പ്രവാചകന് നൽകിയ നാല് നിർദ്ദേശങ്ങൾ

1. സഹാബത്തിന്റെ മുഴുവൻ പിഴവുകളും പൊറുക്കുക
2. അവർക്കായി പ്രാർത്ഥിക്കുക
3. അല്ലാഹുവിനോട് അവർക്ക് പൊറുത്ത് കൊടുക്കാൻ അപേക്ഷിക്കുക.
4. അവരെ പരിഗണിക്കുകയും വിശ്വാസത്തിലെടുക്കുകയും കാര്യങ്ങൾ അവരുമായി കൂടിയാലോചന നടത്തുകയും ചെയ്യുക.

മറ്റൊരു മതത്തിലും ഇത്തരത്തിലുള്ള ഉയർന്ന നീതിശാസ്ത്രവും നൈതികയും വിശാലമനസ്കതയും കാണാൻ സാധിക്കുകയില്ല. അല്ലാഹുവിന്റെ മാർഗ്ഗനിർദ്ദേശം പരിശോധിച്ച ശേഷം ഒരാൾക്ക് എങ്ങനെയാണ് നബി(സ.അ) യുടെ സഹാബത്തിനെ കുറ്റപ്പെടുത്തി പറയാൻ സാധിക്കുക.

## അല്ലാഹുവിന്റെ മറ്റൊരു സമ്മാനം

ഉഹ്ദ് യുദ്ധത്തിന്റെ അവസാനത്തോടടുക്കവേ വിഗ്രാഹാരാധകർ വിജയോൻമത്തരായിരുന്നു. അവർക്ക് മദീന ഗ്രാമത്തെ ആക്രമിച്ച് അവിടെ കനത്ത നാശങ്ങൾ വരുത്താൻ കഴിയുമായിരുന്നു. പക്ഷെ അല്ലാഹു അവരുടെ ഹൃദയത്തിൽ ഭയം നിറക്കുകയും അവർ മദീനയെ ആക്രമിക്കുന്നതിന് പകരം മക്കയിലേക്ക് തിരിച്ച് പോവുകയും ചെയ്തു. ആലു ഇംറാനിലെ 151 ാം വചനം ഇങ്ങനെപറയുന്നു.

سَنُلْقِي فِي قُلُوبِ الَّذِينَ كَفَرُوا الرُّعْبَ بِمَا أَشْرَكُوا بِاللَّهِ مَا لَمْ يُنَزِّلْ بِهِ
سُلْطَانًا وَمَأْوَاهُمُ النَّارُ وَبِئْسَ مَثْوَى الظَّالِمِينَ ﴿151﴾

*സത്യനിഷേധികളുടെ മനസ്സുകളിൽ നാം ഭയം ഇട്ട് കൊടുക്കുന്നതാണ്. അല്ലാഹു യാതൊരു പ്രമാണവും അവതരിപ്പിച്ചിട്ടില്ലാത്ത വസ്തുക്കളെ അല്ലാഹുവോട് അവർ പങ്ക് ചേർത്തതിന്റെ ഫലമാണത്. നരകമാകുന്നു അവരുടെ സങ്കേതം. ആക്രമികളുടെ പാർപ്പിടം എത്ര മോശം.*

ഉഹ്ദ് രണാങ്കണം സന്ദർശിക്കുന്നവരുടെ മനസ്സിൽ ഇവിടെ രേഖപ്പെടുത്തിയ പാഠങ്ങൾ ഗുണം ചെയ്യുമെന്ന് ഞാൻ ആശിക്കുന്നു.

നബി (സ.അ)യും സഹാബത്തും മദീനയിലേക്കുള്ള



മടക്കത്തിൽ അൽ മുഷ്ത്തറാ പള്ളി നിന്ന സ്ഥലത്ത് വിശ്രമിച്ചിരുന്നു. ഈ പള്ളി ഇപ്പോൾ സയ്യിദ്-ഷുഹദ റോഡ് എന്നറിയപ്പെടുന്ന റോഡിലാണ്. ഈ പള്ളിയിലെത്തുമ്പോൾ നാം മുസ്ലിം പടയാളികൾക്കായി പ്രാർത്ഥിക്കുകയും നബിയും സഹാബത്തും നേരിട്ട പ്രയാസങ്ങൾ നമ്മുടെ ജീവിതവുമായി തുലനം ചെയ്യുകയും ചെയ്യുന്നത് നന്നായിരിക്കും.

അല്ലാഹുവേ നീ നമുക്ക് സഹാബത്തിന്റെ സ്ഥിരോൽസാഹവും ദൃഢചിന്തയും പ്രാധാന്യം ചെയ്ത് തരണമേ.

# അഹ്സാബ് യുദ്ധം

ഈ യുദ്ധസ്ഥലത്തേക്ക് അന്നത്തെ മദീനാ ഗ്രാമത്തിൽ നിന്ന് നടന്നെത്താവുന്ന മൂന്ന് കിലോമീറ്റർ ദൂരം മാത്രമാണുള്ളത്. മുസ്ലിങ്ങളെ ഭൂമുഖത്ത് നിന്ന് നിഷ്കാസനം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് ശത്രുപക്ഷം ഈ ചെറിയ ഗ്രാമത്തിന്റെ വളരെ അടുത്തേക്ക് വന്നെത്തിയത്. അവിശ്വാസികളായ മക്കക്കാരും ജൂതൻമാരും ധാരാളം ഗോത്രങ്ങളും കൈ കോർത്താണ് അന്തിമ ലക്ഷ്യത്തിന്നായെത്തിയത്. അത് കൊണ്ടാണ് ഈ യുദ്ധത്തിൽ അഹ്സാബ് യുദ്ധം എന്ന് വിളിച്ച് വന്നത്. അഹ്സാബ് എന്നാൽ ധാരാളം സംഘങ്ങൾ എന്നർത്ഥം. പൂർണ്ണസജ്ജരും ആയുധധാരികളുമായ പതിനഞ്ചായിരം പട്ടാളക്കാരെ നേരിടാൻ ആയുധ ശേഷി കുറഞ്ഞ മൂവ്വായിരം മുസ്ലിം പടയാളികൾ മാത്രമാണുണ്ടായത്. ഇത് ഹിജ്റയുടെ 5 ാം വർഷത്തിലായിരുന്നു. വി.ഖുർആനിലെ അൽ അഹ്സാബ് സൂറത്തിലെ 10,11 വചനങ്ങൾ ആ യുദ്ധത്തെ ഇങ്ങനെ വിവരിക്കുന്നു.

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ وَإِذْ زَاغَتِ ٱلْأَبْصَٰرُ وَبَلَغَتِ ٱلْقُلُوبُ ٱلْحَنَاجِرَ
وَتَظُنُّونَ بِٱللَّهِ ٱلظُّنُونَا۠ ﴿10﴾ هُنَالِكَ ٱبْتُلِىَ ٱلْمُؤْمِنُونَ وَزُلْزِلُوا۟ زِلْزَالًا شَدِيدًا

*നിങ്ങളുടെ മുകൾഭാഗത്ത് കൂടിയും നിങ്ങളുടെ താഴ്ഭാഗത്ത് കൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം. ദൃഷ്ടികൾ തെന്നിപ്പോവുകയും, ഹൃദയങ്ങൾ തൊണ്ടകളിലെത്തുകയും, നിങ്ങൾ അല്ലാഹുവെപ്പറ്റി പല ധാരണകളും ധരിച്ച്പോവുകയും ചെയ്തിരുന്ന സന്ദർഭം .*



*അവിടെ വെച്ച് വിശ്വാസികൾ പരീക്ഷിക്കപ്പെടുകയും അവർ കിടുകിടെ വിറപ്പിക്കപ്പെടുകയും ചെയ്തു.*

## ശത്രുക്കൾ തമ്മിലുള്ള വിലപേശലുകൾ

ബനു നദിർ എന്ന ഗോത്രത്തെ അവരുടെ ചതിയും ദ്രോഹവും കാരണം മദീനയിൽ നിന്ന് പുറത്താക്കുകയും അവരിൽ ചിലർ ഖൈബറിൽ തമ്പടിക്കുകയും ചെയ്തിരുന്നു. അവർക്ക് മുസ്ലിങ്ങളുടെ വിജയം സഹിക്കാൻ കഴിയുന്നതായിരുന്നില്ല. ബനു നദിർ ഗോത്രത്തലവനായ ഹൈ ബിൻ അക്തബ് പന്ത്രണ്ടംഗ സംഘവുമായി മക്ക സന്ദർശിക്കുകയും മദീന ആക്രമിക്കാനായി ബഹുദൈവ വിശ്വാസികളെ ക്ഷണിക്കുകയും ചെയ്തു.

ഇരുപത് ജൂതൻമാരും അമ്പത് ഖുറൈശി നേതാക്കൻമാരും അവരുടെ നെഞ്ച് കഅബയുടെ ചുമരിന് ചേർത്ത് നബിക്കെതിരെ മരിക്കുന്നത് വരെ പോരാടാൻ ദൃഢപ്രതിജ്ഞയെടുത്തു.

ജൂതൻമാർ ശക്തരായ ഗറ്റ്ഫാൻ എന്ന അറബ് ഗോത്രത്തിന് കൈക്കൂലി കൊടുത്ത് അവരെ യുദ്ധത്തിന്നായി കൊണ്ടുവന്നു. ഖൈബറിൽ അക്കൊല്ലമുണ്ടാകുന്ന മുഴുവൻ ഈത്തപ്പഴവും ആ ഗോത്രത്തിന് നൽകാമെന്നായിരുന്നു വാഗ്ദാനം. വിളയുടെ പകുതി യോദ്ധാക്കൻമാർക്കാണെന്നും ചില വിവരണങ്ങളിൽ കാണാം. ഈ പ്രലോഭനത്തിന്നടിമപ്പെട്ട് ഗറ്റഫാൻ ഗോത്രക്കാർ ആർത്തിയോടെ യുദ്ധത്തിൽ പങ്കാളികളായി. ഹൈ ബിൻ അക്തബ് ബനു ഖുറൈസ ഗോത്രത്തെയും മറ്റൊരു ജൂത ഗോത്രത്തെയും സമീപിച്ചിരുന്നു. ചില വൈമനസ്യത്തോടെ അവരും മുസ്ലിങ്ങൾക്കെതിരെ പോരാടാൻ തുടങ്ങി.

## പ്രവാചകന്റെ യുദ്ധ തന്ത്രങ്ങൾ

എല്ലാ സന്ദർഭങ്ങളിലും കൂടിയാലോചന ഇസ്ലാമിലെ ഏറ്റവും പ്രധാനപ്പെട്ട നടപടിക്രമമായിരുന്നു. സൽമാൻ ഫാരിസി (റ.അ), അലി (റ.അ), ഉമർ (റ.അ), സഅദ് ബിൻ മൗസ് (റ.അ), അബൂബക്കർ (റ.അ) എന്നിവരടങ്ങുന്ന ഉപദേശക സമിതിയെ നബി (സ.അ) യുദ്ധ തന്ത്ര ങ്ങൾ നിയന്ത്രിക്കാൻ നിയമിച്ചു. അഹ്സാബ് യുദ്ധക്കളത്തിന്നടുത്ത് കാണുന്ന ചില പള്ളികൾ ഈ ഉപദേശകസമിതി അംഗങ്ങളുടെ പേരിലാണ് അറിയപ്പെടുന്നത്. മുസ്ലിങ്ങളുടെ വിജയത്തിന്നായി മുഹമ്മദ്

നബി (സ.അ) പലവട്ടം പ്രാർത്ഥിച്ച സ്ഥലത്താണ് മസ്ജിദ് ഫത്തഹ് സ്ഥിതി ചെയ്യുന്നത്.

സൽമാൻ ഫാരിസി (റ.അ) ശത്രുക്കൾക്കും മുസ്ലിങ്ങൾക്കും ഇടയിൽ ഒരു കിടങ്ങ് കുഴിക്കുന്ന കാര്യം നിർദ്ദേശിച്ചു. നബി(സ.അ)ക്ക് ഈ നിർദ്ദേശം ഇഷ്ടമായി. പത്ത് വിശ്വസികൾ അടങ്ങുന്ന ഓരോ ഗ്രൂപ്പും 40 യാഡ് നീളത്തിലും അഞ്ചടി ആഴത്തിലും കിടങ്ങ് കുഴിക്കാൻ നിശ്ചയിച്ചു. നബി (സ.അ) കിടങ്ങ് കുഴിക്കുന്നതിൽ അദ്ദേഹത്തിന്റെ പങ്ക് നിർവ്വഹിച്ചു. ഒരു സേനാതലവൻ സേനക്കൊപ്പം ഇത്തരത്തിൽ ചെയ്യുന്നത് അത്യപൂർവ്വമാണ്.

മലയുടെ പിന്നിൽ നിന്നുള്ള ശത്രുക്കളുടെ അക്രമണം ഒഴിവാക്കുവാൻ വേണ്ടിയാണ് നബി (സ.അ) ഈ സ്ഥലം തിരഞ്ഞെടുത്തത്. കിടങ്ങ് മുസ്ലിം സേനയുടെ മുന്നിലായതിനാൽ ശത്രുക്കൾക്ക് എളുപ്പം കയറി വരുവാൻ സാധിക്കുമായിരുന്നില്ല. കിടങ്ങ് കുഴിക്കവെ അബു തൽഹ (റ.അ) നബി (സ.അ)യോട് അങ്ങേയറ്റത്തെ പട്ടിണിയെ പറ്റി പരാതി പറഞ്ഞതായി തിർമുദി രേഖപ്പെടുത്തിയിട്ടുണ്ട്. അബു തൽഹ വയറിന്ന് മുകളിൽ കെട്ടിയ ഒരു കല്ല് നബി (സ.അ)ക്ക് കാണിച്ച് കൊടുത്തു. അപ്പോൾ തന്റെ വയറുകൾ നബി (സ.അ) കാണിച്ച് കൊടുത്തു. അവിടെ രണ്ട് കല്ലുകൾ ഉണ്ടായിരുന്നു.

## അൽഭുതങ്ങൾ

ഈ യുദ്ധത്തിൽ വളരെ അത്യപൂർവ്വമായ അൽഭുതങ്ങൾ സംഭവിച്ചിരുന്നു. ജാബിർ ബിൻ അബ്ദുള്ള (റ.അ)യിൽ നിന്ന് ബുഹാരി ഇങ്ങനെ ഉദ്ധരിക്കുന്നു.അങ്ങേയറ്റത്തെ പട്ടിണിയെ തുടർന്ന് നബി (സ.അ) ധാരാളം കല്ലുകൾ വയറിന്ന് വെച്ച് കെട്ടിയിരുന്നു. ജാബിർ (റ.അ) അദ്ദേഹത്തിന്റെ വീട്ടിലേക്ക് പോയി ഒരു കുഞ്ഞാടിനെ അറുത്തു. ഭാര്യ അതും 2 1/2 കിലോ മാവ് കൊണ്ട് റൊട്ടിയും ഉണ്ടാക്കി. ഭക്ഷണം ശരിയായ ഉടനെ അദ്ദേഹം നബി (സ.അ) യെ ഭക്ഷണം കഴിക്കാനായി ക്ഷണിച്ചു. കുറച്ച് സഹാബിമാരെ വിളിക്കാൻ അദ്ദേഹം നബി (സ.അ)യോട് പറഞ്ഞു. നബി ആയിരത്തോളം സഹാബിമാർക്കൊപ്പം ജാബിർ (റ.അ) യുടെ വീട്ടിൽ ഭക്ഷണം കഴിക്കാനെത്തി. അപ്പോൾ ജാബിർ (റ.അ) യും ഭാര്യയും അതീവ ദുഃഖത്തിലായി. നബി (സ.അ) സ്വന്തം കൈ കൊണ്ട് സഹാബിമാർക്ക്



ഭക്ഷണം വിളമ്പി. അൽഭുതമെന്ന് പറയട്ടെ അവരൊക്കെ കഴിച്ചിട്ടും ഭക്ഷണം ബാക്കിയായിരുന്നു. അത് അയൽവാസികൾക്കും നൽകി. ജാബിർ (റ.അ)യുടെ വീട് നിന്നിരുന്ന സ്ഥലത്താണ് സബഹ മസ്ജിദ് ഫില്ലിംഗ് സ്റ്റേഷൻ എന്നറിയപ്പെടുന്ന ഗ്യാസ് ഫില്ലിംഗ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നത്. ഇബ്നു ഹിശാം ഇങ്ങനെ വിവരിക്കുന്നു.

നുഅ്മാൻ ഇബ്നു ബഷീർ (റ.അ) യുടെ സഹോദരി യുദ്ധരംഗത്തുള്ള സഹോദരന്ന് വേണ്ടി കുറച്ച് ഈത്തപ്പഴം വാങ്ങി. നബി (സ.അ) ഒരു തുണി വിരിച്ച് ഈ ഈത്തപ്പഴം അതിലേക്ക് വിതറി. യുദ്ധത്തിനെത്തിയ എല്ലാ മുസ്ലിം യോദ്ധാക്കളും വയറു നിറയെ അതിൽ നിന്ന് ഈത്തപ്പഴം ഭക്ഷിച്ചു. അവർ തിന്നുന്നതോടൊപ്പം ഈത്തപ്പഴം പെരുകി കൊണ്ടിരുന്നു. ഈത്തപ്പഴം നിറഞ്ഞതിനാൽ ആ തുണി എടുക്കാൻ കഴിഞ്ഞില്ല.

പൊട്ടിക്കാനാവാത്ത ഒരു പാറകല്ല് സൽമാൻ ഫാരിസി കിടങ്ങ് കുഴിക്കുന്നിടത്ത് കാണാൻ കഴിഞ്ഞു. ഈ വിവരം നബി (സ.അ) യെ അറിയിച്ചു. നബി ആ ഉറച്ച പാറക്കല്ലിൻമേൽ നബി (സ.അ)യുടെ കയ്യിലുണ്ടായ ആയുധം കൊണ്ടടിച്ചു. എന്നിട്ട് അൽ അൻആം സൂറയിലെ 115 ാമത്തെ വചനത്തിലെ താഴെയുള്ള വചനം ഓതി.

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا

*നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നു.*

പൊടുന്നനെ ഒരു തീപ്പൊരി ഉണ്ടാവുകയും പാറയുടെ മൂന്നിലൊന്ന് കഷ്ണമായി ചിതറുകയും ചെയ്തു.

രണ്ടാമത് നബി (സ.അ) ആ രണ്ട്വചനം ഓതി.

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا ۚ لَا مُبَدِّلَ لِكَلِمَاتِهِ

*നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല.*

പാറയിലടിച്ചപ്പോൾ അതിന്റെ മൂന്നിലൊന്ന് കൂടി വീണ്ടും തകർന്നു. നബി (സ.അ) ആ വചനം വീണ്ടും പൂർണ്ണമായി ഓതി.

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا ۚ لَا مُبَدِّلَ لِكَلِمَاتِهِ ۚ وَهُوَ السَّمِيعُ الْعَلِيمُ ﴿١١٥﴾

*നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്.*

വീണ്ടും തീപ്പൊരി ഉണ്ടാവുകയും പാറ പൂർണ്ണമായും തകരുകയും ചെയ്തു. അപ്പോൾ സൽമാൻ ഫാരിസി (റ.അ) നബി (സ.അ) യോട് പറഞ്ഞു.

പ്രിയപ്പെട്ട പ്രവാചകരേ അങ്ങ് ഓരോ പ്രവശ്യം ഇടിക്കുമ്പോഴും ഞാൻ തീപ്പൊരി കണ്ടു.

അപ്പോൾ നബി (സ.അ) ഇപ്രകാരം പ്രവചിച്ചു.

ഒന്നാമത്തെ തീപ്പൊരിയിൽ ഞാൻ സിറിയയിലെ ചെങ്കോട്ട കണ്ടു. എന്റെ അനുയായികൾ സിറിയ കീഴടക്കുമെന്ന് ജിബ്രീൽ (അ.സ) എന്നെ അറിയിച്ചു. രണ്ടാമത്തെ തീപ്പൊരിയിൽ ഞാൻ പേർഷ്യയിലെ വെളുത്ത കോട്ടകൾ കണ്ടു. എന്റെ അനുയായികൾ അതും കീഴടക്കുമെന്ന് ജിബ്രീൽ (അ.സ) എന്നെ അറിയിച്ചു. മൂന്നാമത്തെ തീപ്പൊരി എനിക്ക് യമന്റെ താക്കോൽ തന്നു. എന്നിട്ട് എന്റെ അനുയായികൾ ഈ രാജവംശത്തെയും കീഴടക്കുമെന്ന് പറഞ്ഞു.

മുസ്ലിങ്ങൾ ഈ വാർത്ത കേട്ട് ആഹ്ലാദഭരിതായി. കപട വിശ്വാസികൾ മുസ്ലിങ്ങളെ കളിയാക്കിക്കൊണ്ട് പ്രവചനം പുഛിച്ചു തള്ളി. യുദ്ധത്തിന്റെയും പട്ടിണിയുടെയും ഇടയിലും ആത്മാർത്ഥത യുള്ള സത്യ വിശ്വാസികൾക്ക് നബി (സ.അ) യുടെ പ്രവചനത്തിൽ യാതൊരു സംശയവുമുണ്ടായിരുന്നില്ല.

അൽ അൻആമിലെ 115 ാമത്തെ വചനത്തിൽ ഖുർആൻ രണ്ട് സ്വഭാവത്തെക്കുറിച്ചാണ് വിവരിച്ചിരുന്നത്. ഖുർആന്റെ മാർഗ്ഗദർശനം പൂർണ്ണവും സത്യവും അത് നീതിയുടെ അടിസ്ഥാനത്തിലുള്ളതുമാണ്. ഈ മഹത്തായ മാർഗ്ഗദർശനം ആർക്കും മാറ്റാൻ കഴിയുകയുമില്ല. അല്ലാഹു ജനങ്ങൾ പറയുന്നത് കേൾക്കുകയും അറിയുകയും ചെയ്യുന്നു. അങ്ങേയറ്റത്തെ പ്രയാസം നേരിടുമ്പോൾ അൽ അൻആമിലെ 115ാമത്തെ വചനം പാരായണം ചെയ്യാവുന്നതാണെന്ന് വ്യക്തമാണ്.

وَتَمَّتْ كَلِمَتُ رَبِّكَ صِدْقًا وَعَدْلًا لَّا مُبَدِّلَ لِكَلِمَٰتِهِۦ وَهُوَ ٱلسَّمِيعُ ٱلْعَلِيمُ ﴿115﴾

*നിന്റെ രക്ഷിതാവിന്റെ വചനം സത്യത്തിലും നീതിയിലും പരിപൂർണ്ണമായിരിക്കുന്നു. അവന്റെ വചനങ്ങൾക്ക് മാറ്റം*



*വരുത്താനാരുമില്ല. അവൻ എല്ലാം കേൾക്കുന്നവനും അറിയുന്ന വനുമാണ്.*

## കപടവിശ്വാസികളുടെ മനഃസ്ഥിതി

പരസ്യമായി ഇസ്ലാമിക പാഠങ്ങൾ അനുസരിക്കുകയും ഹൃദയത്തിൽ ഇസ്ലാമിക ദർശനം കടത്താതിരിക്കുകയും ചെയ്യുന്നവരാണ് കപടവിശ്വാസികൾ അവർ നമസ്ക്കരിക്കുകയും നോമ്പ് നോക്കുകയും സക്കാത്ത് കൊടുക്കുകയും എന്തിനേറെ മുസ്ലിങ്ങൾക്കൊപ്പം യുദ്ധത്തിന് പങ്കെടുക്കുകയും ചെയ്യുമായിരുന്നു. അവരുടെ സാമീപ്യം ഏറ്റവും മോശം ശത്രുക്കളേക്കാൾ ഭീകരമായിരുന്നു. അവർ അപകടകാരികളും ചതിയൻമാരുമായിരുന്നു. അല്ലാഹു അവരുടെ നാണംകെട്ട സ്വഭാവത്തെ തുറന്ന് കാണിച്ചിട്ടുണ്ട്. ഈ യുദ്ധത്തിൽ അവർ ചെയ്ത പ്രവർത്തനങ്ങൾ പരിശോധിക്കുന്നത് നന്നായിരിക്കും.

1. അവിശ്വാസികളുടെ വലിയ സന്നാഹങ്ങളുള്ള സേനയെ കണ്ടപ്പോൾ കപടവിശ്വാസികൾ പറഞ്ഞതായി അൽ അഹ്സാബ് 12 ാം വചനം നമ്മെ ഓർമ്മപ്പെടുത്തുന്നു.

وَإِذْ يَقُولُ ٱلْمُنَٰفِقُونَ وَٱلَّذِينَ فِى قُلُوبِهِم مَّرَضٌ مَّا وَعَدَنَا ٱللَّهُ وَرَسُولُهُۥٓ إِلَّا غُرُورًا ﴿12﴾

*നമ്മോട് അല്ലാഹുവും അവന്റെ ദൂതനും വാഗ്ദാനം ചെയ്തത് വഞ്ചനമാത്രമാണ് ( വി. ഖു അൽ അഹ്സാബ് 12)*

അപ്പോൾ കപടവിശ്വാസികളും ഹൃദയത്തിൽ രോഗമുള്ളവരും പറഞ്ഞു.

അല്ലാഹുവും അവന്റെ റസൂലും നമ്മോട് ഒന്നും വാഗ്ദത്വം ചെയ്തില്ല. അത് മിഥ്യാധാരണ മാത്രമാണ്.

2. അവർ മുസ്ലിം സേനയോട് പറഞ്ഞു

وَإِذْ قَالَت طَّآئِفَةٌ مِّنْهُمْ يَٰٓأَهْلَ يَثْرِبَ لَا مُقَامَ لَكُمْ فَٱرْجِعُوا۟

*'വീട്ടിലേക്ക് മടങ്ങുക. ഒരു വിധത്തിലും നിങ്ങൾക്ക് ശക്തരായ ശത്രുക്കളെ നേരിടാനാവില്ല.'*

പിന്നെ അവരുടെ ഒരു കൂട്ടം പറഞ്ഞു.

യഥ്രിബ്കാരെ നിങ്ങൾക്ക് നിൽക്കക്കളിയില്ല. അതിനാൽ നിങ്ങൾ മടങ്ങിക്കളയു.

3. അവരിൽ ചിലർ റസൂൽ (സ.അ)യോട് തിരിച്ച് പോകാൻ

അനുവാദം ചോദിച്ചു. അവരുടെ ഭവനങ്ങൾ തുറന്നുകിടക്കുകയാണെന്നും അതിനാൽ ശത്രുക്കളിൽ നിന്നും ഉപദ്രവമുണ്ടാകുമെന്നും അവർ നബിയോട് പറഞ്ഞു. യഥാർത്ഥത്തിൽ അവർക്ക് നബി (സ.അ) യോട് സാമർത്ഥ്യം കാണിച്ച് യുദ്ധക്കളത്തിൽ നിന്ന് ഓടി പോവുകയാണ് വേണ്ടത്.

وَيَسْتَـْٔذِنُ فَرِيقٌ مِّنْهُمُ ٱلنَّبِىَّ يَقُولُونَ إِنَّ بُيُوتَنَا عَوْرَةٌ وَمَا هِىَ بِعَوْرَةٍ إِن يُرِيدُونَ إِلَّا فِرَارًا ﴿13﴾

*‘സത്യത്തിൽ ഞങ്ങളുടെ വീടുകൾ ശത്രുക്കൾക്ക് കയറാൻ കഴിയും വിധം ഭദ്രതയില്ലാത്ത നിലയിലാണ്.’ (അൽ അഹ്സാബ് 13)*

യഥാർത്ഥത്തിൽ അവ ഭദ്രതയില്ലാത്തതല്ല. അവർ ഓടിക്കളയാൻ ഉദ്ദേശിക്കുന്നുവെന്ന് മാത്രം.

4. ചില കപടവിശ്വാസികൾ യുദ്ധത്തിൽ നിന്ന് ഒഴിഞ്ഞു എന്ന് മാത്രമല്ല യുദ്ധത്തിന് പോയവരെ അവരോടൊപ്പം ചേരാൻ ക്ഷണിക്കുകയും ചെയ്തു.

۞ قَدْ يَعْلَمُ ٱللَّهُ ٱلْمُعَوِّقِينَ مِنكُمْ وَٱلْقَآئِلِينَ لِإِخْوَٰنِهِمْ هَلُمَّ إِلَيْنَا وَلَا يَأْتُونَ ٱلْبَأْسَ إِلَّا قَلِيلًا ﴿18﴾

*നിങ്ങളുടെ കൂട്ടത്തിലുള്ള മുടക്കികളെയും തങ്ങളുടെ സഹോദരങ്ങളോട് ഞങ്ങളുടെ അടുത്തേക്ക് വരൂ എന്ന് പറയുന്നവരേയും അല്ലാഹു അറിയുന്നുണ്ട്. ചുരുക്കത്തിലല്ലാതെ അവർ യുദ്ധത്തിന് ചെല്ലുകയില്ല.*

5. അല്ലാഹു റസൂലിനോട് പറഞ്ഞു.

ഭീകരമായ അവസ്ഥ വന്നാൽ കപടവിശ്വാസികൾ നിന്നെ തന്നെ നോക്കും. മരണവെപ്രാളമുള്ള തുറിച്ച്നോട്ടത്തോടെ. മരണഭയം നീങ്ങിയാൽ കപടവിശ്വാസികൾ കടുത്ത ഭാഷയിൽ നിന്നെ പുച്ഛിക്കുന്നതും പിശുക്ക് കാണിക്കുകയും ചെയ്യും. അൽ അഹ്സാബ് 19 വചനത്തിൽ ഇങ്ങനെപറയുന്നു.

فَإِذَا جَآءَ ٱلْخَوْفُ رَأَيْتَهُمْ يَنظُرُونَ إِلَيْكَ تَدُورُ أَعْيُنُهُمْ كَٱلَّذِى يُغْشَىٰ عَلَيْهِ مِنَ ٱلْمَوْتِ فَإِذَا ذَهَبَ ٱلْخَوْفُ سَلَقُوكُم بِأَلْسِنَةٍ حِدَادٍ أَشِحَّةً عَلَى ٱلْخَيْرِ أُو۟لَٰٓئِكَ لَمْ يُؤْمِنُوا۟ فَأَحْبَطَ ٱللَّهُ أَعْمَٰلَهُمْ وَكَانَ ذَٰلِكَ عَلَى ٱللَّهِ يَسِيرًا ﴿19﴾



*‘നിങ്ങൾക്കെതിരെ പിശുക്ക് കാണിക്കുന്നവരായിരിക്കും അവർ. അങ്ങിനെ(യുദ്ധ) ഭയം വന്നാൽ അവർ നിന്നെ ഉറ്റു നോക്കുന്നതായി നിനക്ക് കാണാം. മരണവെപ്രാളം കാണിക്കുന്ന ഒരാളെ പോലെ അവരുടെ കണ്ണുകൾ കറങ്ങികൊണ്ടിരിക്കും എന്നാൽ (യുദ്ധ) ഭയം നീങ്ങി പോയാലോ, ധനത്തിൽ ദുർമോഹം പൂണ്ടവരായി കൊണ്ട് മൂർച്ചയേറിയ നാവുകൾ കൊണ്ട് അവർ നിങ്ങളെ കുത്തിപ്പറയുകയും ചെയ്യും. അത്തരക്കാർ വിശ്വസിച്ചിട്ടില്ല. അതിനാൽ അല്ലാഹു അവരുടെ കർമ്മങ്ങൾ നിഷ്ഫലമാക്കിയിരിക്കുന്നു. അത് അല്ലാഹുവെ സംബന്ധിച്ചിടത്തോളം നിസ്സാരമായ കാര്യമാകുന്നു.’*

കപടവിശ്വാസികളുടെ നെറികെട്ട കുതന്ത്രങ്ങളെ കുറിച്ച് അൽ അഹ്സാബ് സൂറയിൽ വിശദീകരിക്കുന്നുണ്ട്.

## വിശ്വസ്ഥരായ വിശ്വാസികളുടെ മാനസീകാവസ്ഥകൾ

അവിശ്വാസികളുടെ വലിയ സൈന്യവ്യൂഹത്തെ കണ്ടപ്പോൾ വിശ്വാസികളുടെ പ്രതികരണം വ്യത്യസ്ഥങ്ങളായിരുന്നു.

وَلَمَّا رَءَا ٱلْمُؤْمِنُونَ ٱلْأَحْزَابَ قَالُوا۟ هَٰذَا مَا وَعَدَنَا ٱللَّهُ وَرَسُولُهُۥ وَصَدَقَ ٱللَّهُ وَرَسُولُهُۥ وَمَا زَادَهُمْ إِلَّآ إِيمَٰنًا وَتَسْلِيمًا ﴿22﴾

*സത്യവിശ്വാസികൾ സംഘടിത കക്ഷികളെ കണ്ടപ്പോൾ ഇപ്രകാരം പറഞ്ഞു. ഇത് അല്ലാഹുവും അവന്റെ ദൂതനും ഞങ്ങളോട് വാഗ്ദാനം ചെയ്തിട്ടുള്ളതാകുന്നു.അല്ലാഹുവും അവന്റെ ദൂതനും സത്യമാണ് പറഞ്ഞിട്ടുള്ളത്. അത് അവർക്ക് വിശ്വാസവും അർപ്പണവും വർദ്ധിപ്പിക്കുക മാത്രമേ ചെയ്തുള്ളൂ.*

ഇത് കാരണം അവർ അല്ലാഹുവിന്റെ നേർമാർഗ്ഗത്തിൽ ഉറച്ച് വിശ്വസിക്കുന്നു.

അൽ ബക്കറ 214 ലെ വചനം അതിന്ന്ഉദാഹരണങ്ങളാണ്

أَمْ حَسِبْتُمْ أَن تَدْخُلُوا۟ ٱلْجَنَّةَ وَلَمَّا يَأْتِكُم مَّثَلُ ٱلَّذِينَ خَلَوْا۟ مِن قَبْلِكُم مَّسَّتْهُمُ ٱلْبَأْسَآءُ وَٱلضَّرَّآءُ وَزُلْزِلُوا۟ حَتَّىٰ يَقُولَ ٱلرَّسُولُ وَٱلَّذِينَ ءَامَنُوا۟ مَعَهُۥ مَتَىٰ نَصْرُ ٱللَّهِ أَلَآ إِنَّ نَصْرَ ٱللَّهِ قَرِيبٌ ﴿214﴾

*നിങ്ങളുടെ മുമ്പ് കഴിഞ്ഞ്പോയവർ (വിശ്വാസികൾ) ക്കുണ്ടായത് പോലുള്ള അനുഭവങ്ങൾ നിങ്ങൾക്കും വന്നെത്താതെ നിങ്ങൾക്ക്*

*സ്വർഗ്ഗത്തിൽ പ്രവേശിക്കാനാകുമെന്ന് നിങ്ങൾ ധരിച്ചിരിക്കുകയാണോ? പ്രയാസങ്ങളും ദുരിതങ്ങളും അവരെ ബാധിക്കുകയുണ്ടായി. അല്ലാഹുവിന്റെ സഹായം എപ്പോഴായിരിക്കും എന്ന് അവരിലെ ദൈവദൂതനും അതോടൊപ്പം വിശ്വസിച്ചവരും പറഞ്ഞ് പോകുമാറ് അവർ വിറപ്പിക്കപ്പെടുകയും ചെയ്തു. എന്നാൽ അല്ലാഹുവിന്റെ സഹായം അടുത്ത് തന്നെയുണ്ട്.*

വിശ്വാസികൾക്ക് അല്ലാഹുമായി ഉണ്ടായിരുന്ന ഉടമ്പടി സത്യമായിരുന്നു. ചിലർ ആദ്യമേ ഈ വിശ്വാസത്താൽ നിറഞ്ഞിരുന്നു. മറ്റുചിലരാവട്ടെ ധൃതിയിൽ യാതൊരു ചെറിയമാറ്റവുമില്ലാതെ സത്യത്തിലേക്കെത്തിക്കൊണ്ടിരിക്കുന്നു. അൽ അഹ്സാബ് 23ാമത്തെ വചനം

مِّنَ ٱلْمُؤْمِنِينَ رِجَالٌ صَدَقُوا۟ مَا عَـٰهَدُوا۟ ٱللَّهَ عَلَيْهِ ۖ فَمِنْهُم مَّن قَضَىٰ نَحْبَهُۥ وَمِنْهُم مَّن يَنتَظِرُ ۖ وَمَا بَدَّلُوا۟ تَبْدِيلًا ﴿٢٣﴾

*'സത്യവിശ്വാസികളുടെ കൂട്ടത്തിൽ ചില പുരുഷൻമാരുണ്ട്. ഏതൊരു കാര്യത്തിൽ അല്ലാഹുവിനോട് അവർ ഉടമ്പടി ചെയ്തുവോ അതിൽ അവർ സത്യസന്ധത പുലർത്തി. അങ്ങനെ അവരിൽ ചിലർ (രക്തസാക്ഷിത്വത്തിലൂടെ) തങ്ങളുടെ പ്രതിജ്ഞ നിറവേറ്റി. അവരിൽ ചിലർ (അത്) കാത്തിരിക്കുന്നു അവർ (ഉടമ്പടിക്ക്) യാതൊരുവിധ മാറ്റവും വരുത്തിയില്ല.'*

## അല്ലാഹുവിന്റെ സഹായം

ഒരു മാസത്തെ കടുത്ത തണുപ്പിനെ രണ്ടു സൈന്യങ്ങളും നേരിട്ടു. അവസാനം അല്ലാഹു വളരെ കടുത്ത തണുപ്പും കാറ്റുമിറക്കി. ഇത് രണ്ട് സൈന്യങ്ങളേയും ബാധിച്ചു.

അല്ലാഹു അൽ അഹ്സാബിലെ 9 ാം വചനത്തിൽ ഇങ്ങനെ പറയുന്നു.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ ٱذْكُرُوا۟ نِعْمَةَ ٱللَّهِ عَلَيْكُمْ إِذْ جَآءَتْكُمْ جُنُودٌ فَأَرْسَلْنَا عَلَيْهِمْ رِيحًا وَجُنُودًا لَّمْ تَرَوْهَا ۚ وَكَانَ ٱللَّهُ بِمَا تَعْمَلُونَ بَصِيرًا ﴿٩﴾

*'സത്യവിശ്വാസികളെ നിങ്ങളുടെ അടുത്ത് കുറേ സൈന്യങ്ങൾ വരികയും അപ്പോൾ അവരുടെ നേരെ നാം ഒരു കാറ്റും നിങ്ങൾ*



*കാണാത്ത സൈന്യങ്ങളെ അയക്കുകയും ചെയ്ത സന്ദർഭത്തിൽ അല്ലാഹു നിങ്ങൾക്ക് ചെയ്ത് തന്ന അനുഗ്രഹം നിങ്ങൾ ഓർമ്മിക്കുക. അല്ലാഹു നിങ്ങൾ പ്രവർത്തിക്കുന്നത് കണ്ടറിയുന്നവനാകുന്നു'.*

ചില തെറ്റിദ്ധാരണകളുടെ പേരിൽ അൽഭുതകരമായ ഒരു പിളർപ്പ് അവിശ്വാസികളും ജൂതൻമാരും തമ്മിലുണ്ടായി. കടുത്ത കാറ്റ് ശത്രുക്കളുടെ ടെന്റുകൾ തകർക്കുകയും മറ്റു നാശങ്ങൾ വിതക്കുകയും ചെയ്തു. അവിശ്വാസികൾ ഒന്നും നേടാനാവാതെ നിരാശരായി സ്ഥലം വിടേണ്ടി വന്നു. യഥാർത്ഥത്തിൽ അവരുടെ അടിസ്ഥാനം തന്നെ തകരുകയും ഭാവിയിൽ മുസ്ലിങ്ങളെ ഒരിക്കലും പോരിന്ന് വിളിക്കുകയില്ലെന്ന അവസ്ഥയിലെത്തുകയും ചെയ്തു. നബി (സ.അ) ഇങ്ങനെ പറഞ്ഞതായി സൽമാൻ ബിൻ സഅദിയിൽ നിന്ന് ബുഹാരി ഉദ്ധരിക്കുന്നുണ്ട്.

ഇപ്പോൾ അവർ ഒരിക്കലും നമ്മെ പോരിന്ന് വിളിക്കില്ല എന്നായിരിക്കുന്നു. യഥാർത്ഥത്തിൽ നാമവരെ അക്രമിക്കുകയും അവരെ മുൻ കടക്കുകയും വേണം.

മുമ്പ് പ്രസ്താവിച്ച പോലെ സിറിയയും പേർഷ്യയും യമനും കീഴടക്കുമെന്ന നബി (സ.അ) യുടെ സന്തോഷ വാർത്ത മുസ്ലിം സേനയെ ആഹ്ലാദചിത്തരാക്കുകയും മുസ്ലിങ്ങളുടെ ധർമ്മവീര്യത്തിന്റെ ശക്തി വർദ്ധിപ്പിക്കുകയും ചെയ്തു. കപടവിശ്വാസികൾ അത് കേട്ട് ചിരിക്കുകയും ഇങ്ങനെ പറയുകയും ചെയ്തു. ദാരിദ്രത്തിന്റെ ബലഹീനതയിൽ വിരലിലെണ്ണാവുന്ന വിശ്വാസികളായ ചെറിയ പട്ടാളത്തിന് അതിശക്തൻമാരെ ജയിക്കാ നാവുമോ.

കപടവിശ്വാസികളുടെ ഈ തമാശക്ക് അല്ലാഹു ആലു ഇംറാനിലെ 26 മത്തെ വചനം കൊണ്ട് മറുപടി പറഞ്ഞു.

قُلِ ٱللَّهُمَّ مَـٰلِكَ ٱلْمُلْكِ تُؤْتِى ٱلْمُلْكَ مَن تَشَآءُ وَتَنزِعُ ٱلْمُلْكَ مِمَّن تَشَآءُ وَتُعِزُّ مَن تَشَآءُ وَتُذِلُّ مَن تَشَآءُ ۖ بِيَدِكَ ٱلْخَيْرُ ۖ إِنَّكَ عَلَىٰ كُلِّ شَىْءٍ قَدِيرٌ ﴿٢٦﴾

*പറയുക ആധിപത്യത്തിന്റെ ഉടമസ്ഥനായ അല്ലാഹുവേ, നീ ഉദ്ധേശിക്കുന്നവർക്ക് നീ ആധിപത്യം നൽകുന്നു. നീ ഉദ്ധേശിക്കുന്ന വരിൽ നിന്ന് നീ ആധിപത്യം എടുത്ത് നീക്കുകയും ചെയ്യുന്നു. നീ ഉദ്ധേശിക്കുന്നവർക്ക് നീ പ്രതാപം നൽകുന്നു. നീ ഉദ്ധേശിക്കുന്നവർക്ക് നീ നിന്ദ്യത വരുത്തുകയും ചെയ്യുന്നു. നിന്റെ കൈവശമത്രെ*

*നന്മയുള്ളത്. നിശ്ചയമായും നീ എല്ലാ കാര്യത്തിനും കഴിവുള്ള നാകുന്നു.*

നന്മയിലൂടെ നയിച്ച നാലു ഖലീഫമാരുടെ കാലത്ത് ഈ പ്രവചനം യാഥാർത്ഥ്യമായത് ചരിത്രം രേഖപ്പെടുത്തി കഴിഞ്ഞു. താഴെയുള്ള ചോദ്യം വീണ്ടും വീണ്ടും ആവർത്തിച്ച് ചോദിക്കപ്പെടുന്നു. എങ്ങനെയാണ് മുസ്ലിങ്ങൾ വർത്തമാനകാലത്തെ നേർവഴിക്കല്ലാത്ത അതിശക്തൻമാരെ അതിജീവിക്കുക. ഉത്തരം വളരെ വ്യക്തമാണ്. മുസ്ലിങ്ങൾ ക്ഷമയോടും ആത്മാർത്ഥതയോടും ഖുർആനും നബി (സ.അ)യുടെ സുന്നത്തും അനുസരിക്കുകയും സഹാബത്തിന്റെ കാലടികൾ പിന്തുടരുകയും ചെയ്താൽ അല്ലാഹുവിന്റെ സഹായം നമ്മെ ആലിംഗനം ചെയ്യും തീർച്ച.



# മദീനക്കു ചുറ്റിലുമുണ്ടായിരുന്ന പഴയ ജൂത ഗോത്രങ്ങൾ

വരാനിരിക്കുന്ന പ്രവാചകന്റെ (നബി സ.അ) ശാരിരീക ഘടനയെ കുറിച്ചും അടയാളങ്ങളെ കുറിച്ചും പഴയ നിയമത്തിൽ പ്രതിപാദിച്ചത് ധാരാളം ജൂതപണ്ഡിതൻമാർക്ക് വ്യക്തമായി അറിവുള്ളതായിരുന്നു. ഈ ജൂതഗോത്രങ്ങളിൽ ചിലത് മുഹമ്മദ് നബിയുടെ വരവിനെ പ്രതീക്ഷിക്കുകയും അദ്ദേഹത്തിന്റെ അനുയായികളാവുന്നതിൽ അഭിമാനിക്കുന്നവരുമായിരുന്നു. ഇവർ സിറിയയിൽ നിന്നും മദീനയിലേക്ക് കുടിയേറി പാർത്തവരാണ്. നബി (സ.അ) മദീനയിൽ കുടിയേറിയപ്പോൾ ആ കാര്യം അവർ മനസ്സിലാക്കിയെങ്കിലും അദ്ദേഹത്തെ പ്രവാചകനായി അംഗീകരിക്കാൻ തയ്യാറാവാതിരിക്കുകയുമാണുണ്ടായത്. കാരണം നബി (സ.അ) ഇസ്മയിൽ (അ.സ)മിന്റെ പിന്തുടർച്ചക്കാരനും ഇസ്ഹാക്കിന്റെ (അ.സ) പിന്തുടർച്ചക്കാരനായിരുന്നുമില്ല താനും.

നബി (സ.അ) മദീനയിൽ കുടിയേറിയ ശേഷം അദ്ദേഹം അവിടെ ചെറിയ ഇസ്ലാമികരാഷ്ട്രം സ്ഥാപിക്കുകയും ചെയ്തു. സമീപ വാസികളായ ജൂതഗോത്രങ്ങുമായി അദ്ദേഹം കരാറിലേർപ്പെടുകയും ചെയ്തിരുന്നു. കരാറിലെ ചില നിബന്ധനകൾ താഴെ പറയും പ്രകാരമാണ്.

1. ജൂതൻമാർ മുസ്ലിങ്ങൾക്കെതിരെ യുദ്ധം ചെയ്യാതിരിക്കുക.
2. മുസ്ലിങ്ങളെ ആക്രമിക്കുന്ന ഒരു ഗ്രൂപ്പിനെയും ജൂതൻമാർ സഹായിക്കാതിരിക്കുക.
3. ജൂതൻമാരെ ആരെങ്കിലും ആക്രമിച്ചാൽ മുസ്ലിങ്ങൾ ജൂതൻമാരെ സഹായിക്കുക.

മദീനയിൽ നിന്ന് രണ്ടര കിലോമീറ്റർ മാറി ഖൂബ സമൂഹത്തോട് ചേർന്നാണ് ഈ ജൂതഗോത്രങ്ങൾ അവരുടെ കേന്ദ്രം സ്ഥാപിച്ചിരുന്നത്. അവർ പണക്കാരും അധികാരമുള്ളവരും ധാരാളം തോട്ടങ്ങളുടെ ഉടമസ്ഥൻമാരുമായിരുന്നു. അവരുടെ സംരക്ഷണത്തിനായി അവർ കോട്ടകൾ കെട്ടിയിരുന്നു. അവരുടെ കോട്ടകൊത്തളങ്ങളുടെ അവശിഷ്ടങ്ങൾ ഇന്നും നമുക്കിവിടെ കാണാൻ കഴിയുന്നതാണ്.

അവരുടെ ഭൗതീകവശിഷ്ടങ്ങൾ സന്ദർശിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ:

മസ്ജിദ് നബവിയിൽ നിന്ന് ഖുർബാൻ തെരുവിലൂടെ (അമീർ അബ്ദുൽ മൊഹസിൻ റോഡെന്ന് കൂടി അറിയപ്പെടുന്ന) തെക്കോട്ട് പോവുക. ജുമാ മസ്ജിദിന്നടുത്തുള്ള ആദ്യത്തെ ട്രാഫിക്ക് ലൈറ്റ് കഴിഞ്ഞ് രണ്ടാമത്തെ ട്രാഫിക്ക് ലൈറ്റും കഴിഞ്ഞ് ഖൂബ പള്ളിയിലേക്കുള്ള ഹിജ്റ റോഡിലെത്തുന്നു. തുടർന്ന് നടന്ന് മൂന്നാമത്തെ ട്രാഫിക്ക് ലൈറ്റിന്നടുത്തുന്നു. ഇവിടെയാണ് മിഡിൽ റിംഗ് റോഡും ഖുർബാൻ സ്ട്രീറ്റും വിഭജിക്കുന്നത്. ഈ വിഭജനത്തിന്നടുത്ത് നിന്ന് വലത്തോട്ട് തിരിഞ്ഞാൽ ബനു നദിർ ഗോത്രത്തിന്റെ ഭൗതീകവശിഷ്ടങ്ങൾ കാണാം. ഖുർബാൻ സ്ട്രീറ്റിന്റെ പുറത്ത്കൂടി സഞ്ചരിച്ച് നിങ്ങൾ മദീനയിലേക്കുള്ള രണ്ടാമത്തെ റിംഗ് റോഡിലെത്തുകയും രണ്ടാം റിംഗ്റോഡിന്റെ പുറത്തുള്ള കറുത്ത മല കടന്ന് പോവുകയും ചെയ്യുക. ഇതിനെ ബനു ഖുറൈസ മല എന്നാണ് വിളിക്കുന്നത്. ബനു ഖുറൈസ മലക്കും മദീന ആശുപത്രിക്കും ഇടയിലാണ്. പഴയ ജൂത ഗോത്രമായ ബനു ഖുറൈസക്കാർ അധിവസിച്ചിരിക്കുന്നത്. ആ ഗോത്രത്തെക്കുറിച്ചുള്ള വിവരണം ഇവിടെ ചേർക്കുന്നുണ്ട്.



# ബനു നദിർ

കഅബ് ബിൻ അശ്രഫ് എന്നയാളായിരുന്നു ബനു നദിർ ഗോത്രത്തിന്റെ തലവൻ. ഇസ്ലാമിന്റെ ശത്രുക്കളെ ഉത്തേജിപ്പിക്കുന്നതിലും സഹായിക്കുന്നതിലും മുഴുകുകയാണ് ഇദ്ദേഹവും ഇദ്ദേഹത്തിന്റെ ഗോത്രവും ചെയ്തിരുന്നത്. മുസ്ലിങ്ങളും ജൂതൻമാരും ഉണ്ടാക്കിയ കരാറിനെ പരസ്യമായി ലംഘിക്കുകയുമാണ് അയാൾ ചെയ്തത്. ഉഹ്ദ് യുദ്ധാനന്തരം കഅബ് ബിൻ അശ്രഫ് നാൽപ്പത് അനുയായികൾക്കൊപ്പം മക്കയിലേക്ക് പോയി. ഖുറൈശി നേതാക്കൻമാരെ ഇയാൾ മുസ്ലിങ്ങൾക്ക് എതിരായി ഉത്തേജിപ്പിച്ചു. വിഗ്രഹാരാധകർ അയാളോട് ചോദിച്ചു.

'മുസ്ലിങ്ങളുടെ മതമാണോ ഞങ്ങളുടെ മതത്തേക്കാൾ ഉത്തമമായിട്ടുള്ളത്?'

കഅബ് ബിൻ അശ്രഫ് വേദക്കാരനായിട്ടു കൂടി ബഹുദൈവാധാരകരോട് അയാൾ പറഞ്ഞു.

''നിങ്ങളുടെ മതമാണ് മുസ്ലിങ്ങളെക്കാൾ ഉത്തമമായിട്ടുള്ളത്.'

സൂറത്ത് നിസ്സയിലെ 51 മത്തെ വചനം ഇങ്ങനെ രേഖപ്പെടുത്തുന്നു.

أَلَمْ تَرَ إِلَى الَّذِينَ أُوتُوا نَصِيبًا مِّنَ الْكِتَابِ يُؤْمِنُونَ بِالْجِبْتِ وَالطَّاغُوتِ وَيَقُولُونَ
لِلَّذِينَ كَفَرُوا هَٰؤُلَاءِ أَهْدَىٰ مِنَ الَّذِينَ آمَنُوا سَبِيلًا ﴿٥١﴾

*വേദത്തിൽ നിന്ന് ഒരു വിഹിതം നൽകപ്പെട്ടവരും നീ നോക്കിയില്ലേ. അവർ ക്ഷുദ്രവിദ്യകളിലും ദുർമൂർത്തികളിലും വിശ്വസിക്കുന്നു. സത്യനിഷേധികളെ പറ്റി അവർ പറയുന്നു. ഇക്കൂട്ടരാണ് വിശ്വാസികളേക്കാൾ നേർമാർഗ്ഗം പ്രാപിച്ചവരെന്ന് .*

അത് കൊണ്ടാണ് അല്ലാഹു ഖുർആനിൽ ജൂതൻമാർ അവരുടെ മതത്തെ ഈ ലോകത്തെ ചെറിയ ലാഭത്തിന്നായി വിൽക്കുമെന്ന് പറഞ്ഞിട്ടുള്ളത്.

വിഗ്രഹാരാധകരും കഅബ് ബിൻ അശ്രഫിന്റെ സംഘവും അവരുടെ നെഞ്ച് കഅബയുടെ ചുമരിന്ന് ചേർത്ത് അവരിൽ ഒരാൾ മാത്രം ബാക്കിയായാൽ പോലും മുസ്ലിങ്ങൾക്ക് എതിരെ പോരാടുമെന്ന് പ്രതിജ്ഞ ചെയ്തു.

ജിബ്രീൽ (അ.സ) മുഖേന റസൂലിന്ന് (സ.അ) അല്ലാഹു ഇത് വെളിവാക്കി കൊടുത്തു. അതിനാൽ റസൂൽ (സ.അ) ഒരു സഹാബിയോട് കഅബ് ബിൻ അശ്രഫിനെ കൊല്ലാൻ കൽപ്പന കൊടുത്തു. മുഹമ്മദ് ബിൻ മുസ്ലിമയാണ് ഈ കർത്തവ്യം നിർവ്വഹിച്ചത്. രണ്ടാമത്തെ ഉദാഹരണം കൂടുതൽ ഭയാനമാകുന്നു. ഒരിക്കൽ റസൂൽ (സ.അ) ബനു നദിർ സന്ദർശിക്കുകയായിരുന്നു. ഇത് അദ്ദേഹത്തെ കൊല്ലാൻ പറ്റിയ സുവർണ്ണാവസരമാണെന്ന് അവർ കരുതി. അവർ റസൂൽ (സ.അ) നോട് ഒരു മതിലിന്നരികിൽ ഇരിക്കാൻ പറഞ്ഞു. മതിലിന്റെ മുകളിൽ നിന്ന് വലിയ കല്ല് ഇട്ട് റസൂലിനെ(സ.അ) വധിക്കാനായിരുന്നു അവരുടെ തന്ത്രം. അല്ലാഹു അതേക്കുറിച്ച് നബി (സ.അ)ക്ക് അറിവ് കൊടുത്തു. റസൂൽ പൊടുന്നനെ അവിടുന്ന് പോവുകയും അങ്ങിനെ അദ്ദേഹത്തിന്റെ ജീവൻ അല്ലാഹു രക്ഷപ്പെടുത്തുകയും ചെയ്തു.

ബനു നദിർ ഗോത്രക്കാർ മുസ്ലിങ്ങളുമായി ഉണ്ടാക്കിയ കരാർ ലംഘിച്ചതായി നബി (സ.അ) അവരെ അറിയിച്ചു. പ്രവാചകൻ (സ.അ) അവരോട് പറഞ്ഞു.

ഞാൻ നിങ്ങൾക്ക് ഈ സ്ഥലം വിട്ടു പോകാൻ 10 ദിവസം തരാം നിങ്ങൾ ഇഷ്ടപ്പെടുന്ന ഏത് സ്ഥലത്തേക്കും നിങ്ങൾക്ക് പോകാം.

കപടവിശ്വാസികളുടെ നേതാവ് അബ്ദുള്ള ബിൻ ഒബേ അവരോട് പറഞ്ഞു.

നിങ്ങൾ ഇവിടം വിട്ട് പോകരുത്. ഞാൻ എന്റെ രണ്ടായിരം അനുയായികൾക്കൊപ്പം നിങ്ങളെ സഹായിക്കാം.

അങ്ങനെ അവർ അവരുടെ കോട്ടക്കകത്ത് കയറി ഒളിച്ച് കൊണ്ട് നബി(സ.അ)യുടെ കൽപ്പനയെ ധിക്കരിച്ചു.

നബി(സ.അ)യും അനുയായികളും ബനു നദിർകാരുടെ കോട്ട



വളഞ്ഞു. കപടവിശ്വാസികൾ ബനു നദിർകാരെ സഹായിക്കാനെത്തിയില്ല.

അല്ലാഹു അവരുടെ ഉദാഹരണത്തെ അൽ ഹശറിലെ 16ാമത്തെ വചനത്തിലൂടെ വെളിവാക്കി.

كَمَثَلِ الشَّيْطَانِ إِذْ قَالَ لِلْإِنسَانِ اكْفُرْ فَلَمَّا كَفَرَ قَالَ إِنِّي بَرِيءٌ مِّنكَ إِنِّي أَخَافُ
اللَّهَ رَبَّ الْعَالَمِينَ ﴿16﴾

*പിശാചിന്റെ അവസ്ഥ പോലെ തന്നെ മനുഷ്യനോട് നീ അവിശ്വാസിയാകു എന്ന് അവൻ പറഞ്ഞ സന്ദർഭം. അങ്ങിനെ അവൻ അവിശ്വസിച്ചു കഴിഞ്ഞപ്പോൾ അവൻ (പിശാച്) പറഞ്ഞു.തീർച്ചയായും ഞാൻ നീയുമായുള്ള ബന്ധത്തിൽ നിന്ന് വിമുക്തനാകുന്നു. തീർച്ചയായും ലോക രക്ഷിതാവായ അല്ലാഹുവേ ഞാൻ ഭയപ്പെടുന്നു.*

നബി (സ.അ) യുടെ അനുചരന്മാർ മരങ്ങൾ മുറിച്ചും മറ്റ് സാധനങ്ങൾ കത്തിച്ചും അവർക്ക് പ്രയാസങ്ങളുണ്ടാക്കി. അവസാനം അവർ മോഹഭംഗത്തോടെ ആ പ്രദേശം വിട്ട് പോയ്കൊള്ളാമെന്ന് സമ്മതിച്ചു. നബി (സ.അ) അവരുടെ വസ്തു വഹകൾ എടുക്കുവാൻ അവരെ അനുവദിക്കുകയും ചെയ്തു. അവരിൽ ചിലർ സിറിയയിലും മറ്റു ചിലർ ഖൈബറിലും താമസമാക്കി. അവർ വാതിലുകളും ജനലിന്റെ പലകകളും പോലും എടുത്ത് കൊണ്ട് പോയിരുന്നു. ഇവരിൽ നിന്ന് ചിന്തിക്കുന്നവർക്ക് പഠിക്കാനുണ്ട് ( വി.ഖു അൽ ഹശർ 2 വചനം)

هُوَ الَّذِي أَخْرَجَ الَّذِينَ كَفَرُوا مِنْ أَهْلِ الْكِتَابِ مِن دِيَارِهِمْ لِأَوَّلِ الْحَشْرِ ۚ مَا ظَنَنتُمْ أَن يَخْرُجُوا ۖ
وَظَنُّوا أَنَّهُم مَّانِعَتُهُمْ حُصُونُهُم مِّنَ اللَّهِ فَأَتَاهُمُ اللَّهُ مِنْ حَيْثُ لَمْ يَحْتَسِبُوا ۖ وَقَذَفَ فِي قُلُوبِهِمُ الرُّعْبَ ۚ
يُخْرِبُونَ بُيُوتَهُم بِأَيْدِيهِمْ وَأَيْدِي الْمُؤْمِنِينَ فَاعْتَبِرُوا يَا أُولِي الْأَبْصَارِ ﴿2﴾

*വേദക്കാരിൽപ്പെട്ട സത്യനിഷേധികളെ ഒന്നാമത്തെ തുരത്തിയോടിക്കലിൽ തന്നെ അവരുടെ വീടുകളിൽ നിന്ന് പുറത്താക്കിയവൻ അവനാകുന്നു. അവർ പുറത്തിറങ്ങുമെന്ന് നിങ്ങൾ വിചാരിച്ചിരുന്നില്ല. തങ്ങളുടെ കോട്ടകൾ അല്ലാഹുവിൽ നിന്ന് തങ്ങളെ പ്രതിരോധിക്കുമെന്ന് അവർ വിചാരിക്കുന്നു. എന്നാൽ അവർ കണക്കാക്കാത്ത വിധത്തിൽ അല്ലാഹു അവരുടെ അടുക്കൽ*

*ചെല്ലുകയും അവരുടെ മനസ്സുകളിൽ ഭയം ഇടുകയും ചെയ്തു. അവർ സ്വന്തം കൈകൾ കൊണ്ടും സത്യ വിശ്വാസികളുടെ കൈകൾ കൊണ്ടും അവരുടെ വീടുകൾ നശിപ്പിച്ചിരുന്നു. ആകയാൽ കണ്ണുകളുള്ളവരേ നിങ്ങൾ ഗുണപാഠം ഉൾക്കൊള്ളുക .*

താഴെ പറയുന്ന കാര്യങ്ങൾ നാം മനസ്സിൽ കുറിച്ചിടേണ്ടതാണ്. ബനു നദിർ ഗോത്രം തുടർച്ചയായി ഉടമ്പടി ലംഘിച്ചപ്പോഴൊന്നും നബി അവരെ കൊല്ലാൻ കൽപ്പിച്ചിരുന്നില്ല. അവരുടെ കുഴപ്പങ്ങൾ കാരണം അവർ നഗരം വിട്ടു പോവണമെന്നാണ് കൽപ്പിച്ചത്. നബി (സ.അ) അവർക്ക് യാത്രക്കൊരുങ്ങാൻ പത്തു ദിവസം അനുവദിച്ചു.

മരങ്ങൾ മുറിച്ചും മറ്റ് ചിലവ കത്തിച്ചും അവർക്ക് ബുദ്ധിമുട്ടുണ്ടാക്കി പുറത്ത് ചാടിക്കുവാനാണ് നബി കൽപ്പിച്ചത്. വർത്തമാനകാല സംഭവങ്ങൾ പോലെ കോട്ട തകർക്കാൻ നിർദ്ദേശം നൽകിയില്ല എന്നത് സ്മരണീയം

ഇതിൽ നിന്ന് മുസ്ലിങ്ങൾ കടുത്ത ശത്രുവിനോട് പോലും മനുഷ്യാവകാശം നിലനിർത്തി കൊണ്ട് മാത്രമേ വർത്തിച്ചിരുന്നുള്ളൂ എന്ന് കാണാം. പക്ഷെ പരിഷ്കൃതരാഷ്ട്രങ്ങൾ ഇതിന്ന് വിരുദ്ധമായി മനുഷ്യാവകാശം പൂർണ്ണമായി തകർത്താണ് കാര്യങ്ങൾ നിർവ്വഹിക്കുന്നത്.



# ബനു ഖുറൈസ

ഉൽക്കടമായ ആഗ്രഹത്തോടെ പ്രവാചകനായ മുഹമ്മദ് നബി (സ.അ)യുടെ വരവിനെ കാത്തിരുന്ന്, മദീനയിൽ താമസമാക്കിയ പണക്കാരും അധികാരമുള്ളവരുമായ മറ്റൊരു ജൂത ഗോത്രമാണ് ബനു ഖുറൈസ. അവർക്ക് തൗറാത്തിൽ പറഞ്ഞ പ്രവാചകന്റെ രൂപവും സ്ഥലവും സമയവും അറിയാമായിരുന്നു. അവരായിരിക്കും വരാനിരിക്കുന്ന പ്രവാചകന്റെ ആദ്യ അനുയായികളെന്നും ആ പ്രവാചകന്റെ സഹായത്തോടെ ശത്രുക്കളെ തുരത്തി ഓടിക്കുമെന്ന് പൊങ്ങച്ചം പറയുകയും ചെയ്യാറുണ്ടായിരുന്നു. മുഹമ്മദ് നബി (സ.അ) മാർഗ്ഗദർശനവുമായി വന്നപ്പോൾ അവർ പരസ്യമായി ആ മാർഗ്ഗദർശനം തള്ളിക്കളയുകയും അദ്ദേഹത്തെ പല്ലും നഖവുമായി ഉപയോഗിച്ച് എതിർക്കുകയും ചെയ്തു.

وَلَمَّا جَاءَهُمْ كِتَابٌ مِنْ عِنْدِ اللَّهِ مُصَدِّقٌ لِمَا مَعَهُمْ وَكَانُوا مِنْ قَبْلُ يَسْتَفْتِحُونَ عَلَى الَّذِينَ
كَفَرُوا فَلَمَّا جَاءَهُمْ مَا عَرَفُوا كَفَرُوا بِهِ فَلَعْنَةُ اللَّهِ عَلَى الْكَافِرِينَ ﴿89﴾

അവരുടെ കൈവശമുള്ള വേദത്തെ ശരി വെക്കുന്ന ഒരു ഗ്രന്ഥം (ഖുർആൻ) അല്ലാഹുവിങ്കിൽ നിന്ന് അവർക്ക് വന്നു കിട്ടിയപ്പോൾ (അവരത് തള്ളിക്കളയുകയാണ് ചെയ്തത്) അവരാകട്ടെ (അത്തരം ഒരു ഗ്രന്ഥവുമായി വരുന്ന പ്രവാചകൻ മുഖേന) അവിശ്വാസികൾക്കെതിരിൽ വിജയം നേടിക്കൊടുക്കുവാൻ വേണ്ടി മുമ്പ് (അല്ലാഹുവിനോട്) പ്രാർത്ഥിക്കാറുണ്ടായിരുന്നു. അവർക്ക് സുപരിചിതമായ ആ സന്ദേശം വന്നെത്തിയപ്പോൾ അവരത് നിഷേധിക്കുകയാണ് ചെയ്തത്. അതിനാൽ ആ നിഷേധികൾക്കത്രെ അല്ലാഹുവിന്റെ ശാപം.

മുഹമ്മദ് നബി (സ.അ) ബനു ഖുറൈസക്കാരുമായി ഒരു ഉടമ്പടി ഉണ്ടാക്കിയ കാര്യം മുമ്പ് സൂചിപ്പിച്ചിരുന്നുവല്ലോ. ബനു നദിർ ഗോത്രത്തലവൻ ഹൈബിൻ അഖ്ത്തബ് ബനു ഖുറൈസ ഗോത്രത്തലവൻ കഅബ് ബിൻ അസദിന്റെ അടുത്തേക്ക് അഹ്സാബ് യുദ്ധത്തിൽ സഹായം ആവശ്യപ്പെട്ടു കൊണ്ടു പോയി. വൈമനസ്യത്തോടെ ബനു ഖുറൈസ ഗോത്രം അഹ്സാബ് യുദ്ധത്തിൽ പങ്കാളികളായി. ഇവരുടെ ഉടമ്പടി ലംഘനം നബി (സ.അ) യിൽ പ്രയാസങ്ങളും വിഷമങ്ങളും ഉണ്ടാക്കി. കൂടാതെ ബനു ഖുറൈസക്കാർ മദീനയിലെ പുരുഷൻമാർ യുദ്ധക്കളത്തിലായിരിക്കേ അവരുടെ സ്ത്രീകളെയും കുട്ടികളെയും അക്രമിച്ചു. ഇതേക്കുറിച്ച് ഖുർആൻ ഇങ്ങനെ സൂചിപ്പിക്കുന്നുണ്ട്.

ശത്രുക്കൾ നിങ്ങളുടെ മുകളിൽ നിന്നും നിങ്ങളുടെ താഴ് ഭാഗത്ത് നിന്നും വന്നു. ബനു ഖുറൈസക്കാർ മുകളിൽ നിന്നും മറ്റു സംഘങ്ങൾ താഴ്ഭാഗത്ത് നിന്നും വന്നു എന്ന് സാരം. (അൽ അഹ്സാബ് – 10)

إِذْ جَآءُوكُم مِّن فَوْقِكُمْ وَمِنْ أَسْفَلَ مِنكُمْ

*നിങ്ങളുടെ മുകൾഭാഗത്ത് കൂടിയും നിങ്ങളുടെ താഴ് ഭാഗത്ത് കൂടിയും അവർ നിങ്ങളുടെ അടുക്കൽ വന്ന സന്ദർഭം .*

അല്ലാഹുവിന്റെ സഹായത്തോടെ മുസ്ലിങ്ങൾ അഹ്സാബ് യുദ്ധം വിജയിച്ച് അവർ മദീനയിലേക്ക് മടങ്ങി. ആ വിജയം നടന്നത് ഹിജ്റ 5ാം വർഷം ദുൽ ഖഅദിലാണ്.

ആയിശ (റ.അ)യെ ഉദ്ധരിച്ച് ബുഹാരി സൂചിപ്പിക്കുന്നത് ഇങ്ങനെയാണ്. പ്രവാചകൻ (സ.അ) എത്തി കുളി നിർവ്വഹിച്ച ശേഷം ജിബ്രീൽ (അ.സ) പ്രവാചകന്റെ അടുത്തെത്തി കൊണ്ട് പറഞ്ഞു. നിങ്ങൾ യുദ്ധം നിർത്തുന്നത് വരെ ഞങ്ങൾ (മലക്കുകൾ) നിങ്ങൾക്കൊപ്പം യുദ്ധ വേഷത്തിലുണ്ടായിരുന്നു. അതിനാൽ നിങ്ങൾ ഞങ്ങൾക്കൊപ്പം ബനു ഖുറൈസക്കാരെ ശിക്ഷിക്കുവാനായി വരിക. ജിബ്രീൽ ( അ.സ ) നബിയെ സന്ദർശിച്ച സ്ഥലം പള്ളിയുടെ കിഴക്ക് ഭാഗത്തെ ചുമരിലുള്ള ജനലിന്നടുത്ത് താഴെ പറയും പ്രകാരം എഴുതി വെച്ചിട്ടുണ്ട്.

إِنَّ ٱللَّهَ وَمَلَـٰٓئِكَتَهُۥ يُصَلُّونَ عَلَى ٱلنَّبِىِّ ۚ يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ صَلُّوا۟ عَلَيْهِ وَسَلِّمُوا۟ تَسْلِيمًا



*തീർച്ചയായും അല്ലാഹുവും അവന്റെ മലക്കുകളും നബിയോട് കാരുണ്യം കാണിക്കുന്നു. സത്യവിശ്വാസികളേ നിങ്ങൾ അദ്ദേഹത്തിന്റെ മേൽ ( അല്ലാഹുവിന്റെ ) കാരുണ്യവും ശാന്തിയും ഉണ്ടാവാൻ പ്രാർത്ഥിക്കുക.*

ഇതിന്ന് വ്യത്യസ്ഥ നിർവചനങ്ങൾ പറയപ്പെടുന്നുണ്ട്. ഇപ്പോൾ കിഴക്കേ ചുമരും ജനാലയും കുറച്ച് കൂടി കിഴക്കോട്ട് മാറ്റിയിട്ടുണ്ട്.

അസർ നമസ്ക്കാരത്തിന്നു മുമ്പായി ബനു ഖുറൈസയുടെ അതിർത്തിയിലെത്താൻ നബി (സ.അ) അനുയായികൾക്ക് അറിയിപ്പ് നൽകി. ക്ഷീണിതരും മ്ളാനരുമായ സഹാബികൾ നബി (സ.അ)യുടെ വിളിക്കുത്തരം നൽകി കൊണ്ട് ആവശ്യപ്പെട്ട സ്ഥലത്തെത്തി. ബനു ഖുറൈസക്കാർ കോട്ട വാതിലുകടച്ച് ഗോപുരങ്ങളുള്ള കോട്ടകത്ത് കയറി ഒളിച്ചു. ഇരുപത്തഞ്ച് ദിവസം മുസ്ലിങ്ങൾ കോട്ട വളഞ്ഞ് വെച്ചതായും ബനു ഖുറൈസ ഗോത്രത്തലവൻ കഅബ് ബിൻ അസദ് അനുയായികളോട് താഴെ പറയുന്ന മൂന്ന് നിർദ്ദേശങ്ങൾ വെച്ചതായും ഇബനു ഹശം രേഖപ്പെടുത്തുന്നു.

നിങ്ങളെല്ലാവരും ഇസ്ലാം മതം വിശ്വസിക്കുകയും മുഹമ്മദിനെ അനുധാവനം ചെയ്യുകയും ചെയ്യുക. ഞാൻ സത്യബോധന പ്പെടുത്തുന്നതെന്തെന്നാൽ മുഹമ്മദ് സത്യത്തിന്റെ പാതയിലാണ് നിങ്ങളും അത് ഹൃദയം കൊണ്ട് സ്വീകരിക്കുക. ഇത് പുതിയ കാര്യമല്ല. ബൈബിളിൽ വ്യക്തമായി എഴുതിയതാണ്. ഇത് നിങ്ങൾ അനുസരിച്ചാൽ നിങ്ങളുടെ ജീവൻ മാത്രമല്ല സ്വത്തുക്കളും സുരക്ഷിതമാവുകയും അന്തിമ വിചാരണയിൽ നിങ്ങൾക്ക് വിജയിക്കാൻ സാധിക്കുകയും ചെയ്യും അല്ലെങ്കിൽ നിങ്ങൾ നിങ്ങളുടെ സ്വന്തം കൈ കൊണ്ട് നിങ്ങളുടെ ഭാര്യമാരെയും കുട്ടികളേയും കൊന്നു കളഞ്ഞ ശേഷം നിങ്ങളുടെ അന്ത്യം വരെ മുസ്ലിങ്ങളുമായി പോരാടുക. മൂന്നാമത്തേത് ശനിയാഴ്ച മുസ്ലിങ്ങളെ അക്രമിക്കുക. നമുക്ക് യുദ്ധം വിരോധിച്ച ദിവസമാണ് ശനിയാഴ്ചയെന്നവർക്കറിയുന്നതിനാൽ അവർ തയ്യാറെടുപ്പില്ലാത്ത അവസ്ഥയിലും യുദ്ധത്തെ കുറിച്ചുള്ള വിവരമില്ലാത്ത നിലയിലുമായിരിക്കും. ജൂതർ അവരുടെ നേതാവിനോട് പറഞ്ഞു. തൗറാത്തല്ലാത്ത ഒരു ഗ്രന്ഥവും ഞങ്ങൾ അംഗീകരിക്കാൻ തയ്യാറല്ലാത്തതിനാൽ ഒന്നാമത്തെ നിർദ്ദേശം അപ്പാടെ തള്ളി കളയുന്നു. നിരപരാധികളായ ഞങ്ങളുടെ ഭാര്യമാരെയും കുട്ടികളേയും

ഞങ്ങളെന്തിന്ന് കൊലപ്പെടുത്തണം. മൂന്നാമത്തെ നിർദ്ദേശം തൗറാത്തിന്നും നമ്മുടെ മതത്തിന്നുമെതിരാണ്. ആയതിനാൽ മൂന്ന് നിർദ്ദേശങ്ങളും ഞങ്ങൾക്ക് സ്വീകാര്യമെല്ലന്നവർ പറഞ്ഞു.

ഇതിന്നിടയിൽ അല്ലാഹു അവരുടെ ഹൃദയത്തിൽ ഭയം നിറച്ചു. അങ്ങനെ എല്ലാ ജൂതൻമാരും ഭയത്തിന്നടിമയായി കോട്ടയിൽ നിന്ന് പുറത്തേക്ക് വരികയും പ്രവാചകന്റെ അടുത്തേക്ക് അദ്ദേഹത്തിന്റെ തീരുമാനത്തിന്നായി എത്തുകയും ചെയ്തു. (അൽ അഹ്സാബ് 26–27)

وَأَنزَلَ ٱلَّذِينَ ظَٰهَرُوهُم مِّنْ أَهْلِ ٱلْكِتَٰبِ مِن صَيَاصِيهِمْ وَقَذَفَ فِى قُلُوبِهِمُ ٱلرُّعْبَ
فَرِيقًا تَقْتُلُونَ وَتَأْسِرُونَ فَرِيقًا ﴿26﴾ وَأَوْرَثَكُمْ أَرْضَهُمْ وَدِيَٰرَهُمْ وَأَمْوَٰلَهُمْ وَأَرْضًا لَّمْ تَطَـُٔوهَا
وَكَانَ ٱللَّهُ عَلَىٰ كُلِّ شَىْءٍ قَدِيرًا ﴿27﴾

*വേദക്കാരിൽ നിന്ന് അവർക്ക് (സത്യ നിഷേധികൾക്ക്) പിന്തുണ നൽകിയവരെ അവരുടെ കോട്ടകളിൽ നിന്ന് അവൻ ഇറക്കി വിടുകയും അവരുടെ ഹൃദയങ്ങളിൽ അവൻ ഭയം ഇട്ടു കൊടുക്കുകയും ചെയ്തു. അവരിൽ ഒരു വിഭാഗത്തെ നിങ്ങളിതാ കൊല്ലുന്നു. ഒരു വിഭാഗത്തെ നിങ്ങൾ തടവിലാക്കുകയും ചെയ്യുന്നു.*

*അവരുടെ ഭൂമിയും വീടുകളും സ്വത്തുക്കളും നിങ്ങൾ (മുമ്പ്) കാലെടുത്ത് വെച്ചിട്ടില്ലാത്ത ഒരു ഭൂപ്രദേശം നിങ്ങൾക്കവൻ അവകാശപ്പെട്ട് തരികയും ചെയ്തു. അല്ലാഹു എല്ലാ കാര്യത്തിലും കഴിവുള്ളവനാകുന്നു.*

മുകളിലത്തെ വചനത്തിലൂടെ അല്ലാഹു അവന്റെ സഹായത്തേയും ഔദാര്യത്തേയും അനുഗ്രഹത്തേയും കുറിച്ച് മാത്രമല്ല ഓർമ്മപ്പെടുത്തുന്നത്. ഭാവിയിലുണ്ടായേക്കാവുന്ന വിജയത്തെ ക്കുറിച്ചുള്ള സന്തോഷ വാർത്ത കൂടിയാണ്.

പ്രവാചകൻ സഅദ് ബിൻ മാസിനെ ബനു ഖുറൈസക്കാരുടെ കാര്യത്തിൽ തീരുമാനമെടുക്കാൻ അധികാരപ്പെടുത്തി. ജൂതൻമാർ എന്നും വളരെ സമർത്ഥൻമാരാണ്. അവർ അദ്ദേഹത്തിന്ന് പകരം അബു ലുബാബയെ നിയമിക്കുവാനായി അപേക്ഷിച്ചു, അബു ലുബാബയിൽ നിന്ന് കൂടുതൽ സഹായാനുഭൂതി കിട്ടുമെന്ന് അവർ പ്രതീക്ഷിച്ചു. കാരണം അദ്ദേഹത്തിന്ന് ആ ഭാഗത്ത് ധാരാളം



സ്വത്തുക്കളുണ്ടായിരുന്നു. പ്രവാചകൻ ആയത് സമ്മതിക്കുകയും ചെയ്തു.

അബു ലുബാബയെ കണ്ടയുടനെ ജൂതൻമാർ ഏങ്ങിക്കരയാൻ തുടങ്ങി. അവർ അ്ദ്ദേഹത്തോട് ചോദിച്ചു. ഞങ്ങൾ കോട്ടയിൽ നിന്ന് പുറത്ത് വന്നാൽ ഞങ്ങളുടെ വിധിയെന്തായിരിക്കും? അബു ലുബാബ കൊന്നു കളയുമെന്നർത്ഥത്തിൽ അദ്ദേഹത്തിന്റെ വിരൽ കഴുത്തിന്ന് വെച്ചു. പ്രവാചകന്റെ രഹസ്യം പുറത്താക്കിയ കാര്യം അബു ലുബാബ പെട്ടെന്ന് തിരിച്ചറിഞ്ഞു. അദ്ദേഹം പ്രവാചകന്റെ പള്ളിയിലേക്ക് തിരിച്ച് പോയി. ഒരു രഹസ്യം പുറത്ത് പറഞ്ഞതിലുള്ള ലജ്ജ കൊണ്ട് ഒരു മരത്തിന്ന് സ്വയം കെട്ടിയിട്ടു.

ഈ കാര്യം അറിഞ്ഞ പ്രവാചകൻ പറഞ്ഞു.

അദ്ദേഹം നേരിട്ട് എന്റെ അടുത്ത് വന്നിരുന്നെങ്കിൽ ഞാൻ അദ്ദേഹത്തിന്ന് വേണ്ടി പ്രാർത്ഥിക്കുമായിരുന്നു. ഇനി അദ്ദേഹത്തിന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതുവരെ കാത്തിരിക്കട്ടെ.

അദ്ദേഹത്തിന്റെ പശ്ചാത്താപം അല്ലാഹു സ്വീകരിക്കുന്നതുവരെ ഏഴ് ദിവസം അദ്ദേഹം മരത്തിൽ കെട്ടിയിട്ട നിലയിൽ കിടന്നു. പ്രവാചകന്റെ പള്ളിയിലേക്കുള്ള വഴിയിലെ സ്തൂപം പൊതുവേ അറിയപ്പെടുന്നത് അബു ലുബാബ സ്തൂപം അല്ലെങ്കിൽ ‘പശ്ചാത്താപ സ്തൂപം’ എന്നാണ്. ഖുർആൻ ഈ സാഹചര്യത്തെ വിവരിക്കുന്നു. (അൽ അൻഫാൻ 27–28)

يَٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَخُونُوا۟ ٱللَّهَ وَٱلرَّسُولَ وَتَخُونُوٓا۟ أَمَٰنَٰتِكُمْ وَأَنتُمْ تَعْلَمُونَ ﴿27﴾ وَٱعْلَمُوٓا۟
أَنَّمَآ أَمْوَٰلُكُمْ وَأَوْلَٰدُكُمْ فِتْنَةٌ وَأَنَّ ٱللَّهَ عِندَهُۥٓ أَجْرٌ عَظِيمٌ ﴿28﴾

*സത്യ വിശ്വാസികളെ നിങ്ങൾ അല്ലാഹുവോടും റസൂലിനോടും വഞ്ചനകാണിക്കരുത്. നിങ്ങൾ വിശ്വസിച്ചേൽപ്പിക്കപ്പെട്ട കാര്യങ്ങളിൽ അറിഞ്ഞ കൊണ്ട് വഞ്ചന കാണിക്കുകയും ചെയ്യരുത്.*

*നിങ്ങളുടെ സ്വത്തുക്കളും നിങ്ങളുടെ സന്താനങ്ങളും ഒരു പരീക്ഷണമാണെന്നും അല്ലാഹുവിങ്കലാണ് മഹത്തായ പ്രതിഫലമുള്ളതെന്നും നിങ്ങൾ മനസ്സിലാക്കുകയും ചെയ്യുക. .*

അവസാനം സഅദ് ബിൻ മാസ് ബനു ഖുറൈസക്കാരുടെ വിധി പ്രസ്താവിച്ചു.

പുരുഷൻമാർ കൊല്ലപ്പെടും സ്ത്രീകളും കുട്ടികളും തടവുകാരാക്കപ്പെടും.

ബനു ഖുറൈസക്കാർ ഉടമ്പടി ലംഘിക്കുകയും ശത്രുക്കളെ രഹസ്യമായും പരസ്യമായും സഹായിച്ച് കൊണ്ട് മുസ്ലിങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കിയവരുമായതിനാലാണ് ഈ വിധിക്കർഹരായത്. അവർ ഇസ്ലാമിന്റെ ശത്രുക്കൾക്ക് വലിയ തരത്തിലുള്ള ആയുധങ്ങളും വെടിക്കോപ്പുകളും നൽകുകയും ചെയ്തിരുന്നു. വലിയ പണക്കാരായ ജൂതൻമാരിൽ നിന്ന് മുസ്ലിങ്ങൾക്ക് ധാരാളം യുദ്ധാർജിതമുതലുകൾ കിട്ടി. ഇത് അൽ അഹ്സബിലെ 26,27 വചനങ്ങളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇത് പ്രവാചകൻ ആ യുദ്ധത്തിൽ പങ്കെടുത്തവർക്കായി വിതരണം ചെയ്തു.



# ഖുബാ പള്ളിയും ദിറാർ പള്ളിയും

റസൂലും (സ.അ) അനുയായിയായ അബൂബക്കർ (റ.അ)യും മക്കയിൽ നിന്ന് മദീനയിലേക്ക് കുടിയേറി പാർത്തതായിരുന്നു. മദീനയിൽ നിന്ന് കുറച്ച് കിലോമീറ്റർ തെക്ക് ഭാഗത്തുള്ള ഖുബയിലാണ് അവർ ആദ്യം എത്തിയത്. റസൂൽ (സ.അ) അവിടെ കുറച്ച് ദിവസം താമസിക്കുകയും അവിടെ ഒരു പള്ളി പണിയുകയും ചെയ്തു. അതാണ് ഖുബാ പള്ളി. റസൂൽ (സ.അ) യുടെ ഈ പ്രവൃത്തി അല്ലാഹുവിന്ന് വളരെ ഇഷ്ട്ടപ്പെട്ടു. ഈ പ്രവൃത്തി അല്ലാഹുവിന്നോടുള്ള ഭയഭക്തി കാരണമായതിനാൽ അല്ലാഹുവിന് സന്തോഷമുണ്ടാവുകയും ചെയ്തു. (അൽ തൗബ 108)

لَّمَسْجِدٌ أُسِّسَ عَلَى التَّقْوَىٰ مِنْ أَوَّلِ يَوْمٍ أَحَقُّ أَن تَقُومَ فِيهِ ۚ فِيهِ رِجَالٌ يُحِبُّونَ أَن
يَتَطَهَّرُوا ۚ وَاللَّهُ يُحِبُّ الْمُطَّهِّرِينَ ﴿١٠٨﴾

*ആദ്യ ദിവസം മുതൽ തന്നെ ഭക്തിയിൻമേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്ക്കരിക്കാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധി കൈവരിക്കാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട് ആ പള്ളിയിൽ. ശുദ്ധി കൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു.*

റസൂൽ മദീനയിലെത്തിയപ്പോൾ മദീനയിൽ പ്രവാചകൻ അല്ലാഹുവോടുള്ള ഭയഭക്തിയിൽ മസ്ജിദ് നബവി പണിതു. അതിനാൽ മുകളിലെ വചനം ഈ പള്ളിയുടെ കാര്യത്തിലും സൂചിപ്പിക്കപ്പെട്ടതുമാവാം.

ഖൂബ പ്രദേശത്തുള്ളവർ ബനു അമർ ബിൻ അൗഫ് ഗോത്രത്തിൽ പെട്ടവരാണ്.

ഒരിക്കൽ പ്രവാചകൻ അവരോട് ചോദിച്ചു.

അല്ലാഹു നിങ്ങളെ ഇഷ്ടപ്പെടാനും അതേ തുടർന്ന് നിങ്ങൾ ശുദ്ധിയുള്ളവരും പരിശുദ്ധരുമാണെന്ന് വിളിക്കുവാനും നിങ്ങൾ എന്ത് പ്രവൃത്തിയാണ് പ്രത്യേകമായി ചെയ്ത് വരുന്നത്.

അവർ പറഞ്ഞു.

പ്രിയപ്പെട്ട റസൂലെ മല മൂത്ര വിസർജ്ജനം കഴിഞ്ഞാൽ ഞങ്ങൾ കല്ല് ഉപയോഗിക്കുക മാത്രമല്ല കൂടാതെ വെള്ളം കൊണ്ട് കുളിച്ച് ശുദ്ധി വരുത്തുകയും ചെയ്യുന്നതല്ലാതെ മറ്റ് യാതെരു പ്രവൃത്തിയും ചെയ്യാറില്ല .

അപ്പോൾ പ്രവാചകൻ പറഞ്ഞു

വാസ്തവം ഈ പ്രവർത്തി തന്നെയാണ് അല്ലാഹു നിങ്ങൾക്ക് ബഹുമതി തരാൻ കാരണം. ഇത് നിങ്ങൾ നിലനിർത്തേണ്ടുന്നതാണ്.

തിർമുദിയുടെ ഹദീസ് പ്രകാരം ഖുബാ പള്ളിയിൽ വെച്ചുള്ള നമസ്ക്കാരം ഉംറ ചെയ്തതിന് തുല്ല്യമോ അത്രത്തോളം നന്മക്കർഹതയുള്ളതോ ആണ്.

ബുഹാരിയുടെ ഉദ്ധരണിയിൽ ഇങ്ങനെ കാണാം. റസൂൽ (സ.അ) ആഴ്ചയിൽ ഒരു ദിവസം നടന്നോ അല്ലാതെയോ ഖൂബാ പള്ളി സന്ദർശിക്കുമായിരുന്നു. നബിയുടെ ഈ സുന്നത്ത് അബ്ദുള്ള ബിൻ ഉമർ അനുഷ്ഠിച്ചിരുന്നു.

കപടവിശ്വാസികൾ വിശ്വാസികളുടെ പ്രവർത്തനത്തിനെതിരായി തിടുക്കത്തിൽ എല്ലായ്പ്പോയും പ്രവർത്തിച്ചിരുന്നു. കൃസ്ത്യൻ പണ്ഡിതനായ അബു അമറിനെ കുറിച്ച് ഖുർത്തബി വിശദമായി പ്രതിപാദിക്കുന്നുണ്ട്. അയാൾ റസൂലിനെ മദീനയിൽ വെച്ച് കണ്ടെങ്കിലും ഇസ്ലാമിന്റെ തത്വങ്ങളുമായി പൂർണ്ണതൃപ്തനായില്ല. അതേ തുടർന്ന് അയാൾ റസൂലിനെ വെല്ലുവിളിക്കുകയും ഇപ്രകാരം പറയുകയും ചെയ്തു. നമ്മിൽ കള്ളം പറയുന്ന ആൾ ബന്ധു മിത്രാതികളിൽ നിന്ന് വളരെ അകന്നാണ് മരിക്കുക.

അയാൾ ഇസ്ലാമിന്റെ ശത്രുക്കളെ സഹായിക്കുമെന്ന് ശപഥം ചെയ്തു. ഹുനൈൻ യുദ്ധം വരെയുള്ള യുദ്ധങ്ങളിൽ അയാൾ ഇസ്ലാമിന്റെ ശത്രുക്കൾക്കൊപ്പം ഇസ്ലാമിനെതിരെ യുദ്ധം ചെയ്തു. അവസാനം നിരാശനായി കൃസ്ത്യാനികൾ കൂടുതലുള്ള സിറിയയിലേക്ക് ഓടി പോയി. ആ സമയത്ത് അവിടെ കൃസ്ത്യാനികളുടെ



പ്രവർത്തനകേന്ദ്രമായിരുന്നു. ബന്ധുമിത്രാദികളിൽ നിന്ന് വളരെ അകലെയുള്ള സിറിയയിൽ വെച്ച് അയാൾ മരിച്ചു.

അയാളുടെ സിറിയ വാസത്തിന്നിടയിൽ അയാൾ മുസ്ലിങ്ങൾക്കെതിരെ ഒരു ഗൂഢാലോചന ഒരുക്കി. റോമാ ചക്രവർത്തിയോട് മദീന അക്രമിക്കാൻ അപേക്ഷിച്ചു. മദീനയിലെ കപടവിശ്വാസികളോട് മുസ്ലിങ്ങൾക്കെതിരെ ഒരു പള്ളി പണിയാൻ ആവശ്യപ്പെട്ട് കത്തെഴുതി. അയാൾ പറഞ്ഞു, ഈ പള്ളി ഐക്യത്തിന്നായി ഉപയോഗിക്കാം. റോമാ സാമ്രാജ്യം മദീനയെ ആക്രമിക്കുമ്പോൾ നിങ്ങൾ റോമക്കാർക്ക് ഒരു താങ്ങായി പ്രവർത്തിക്കണം.

തുടർന്ന് ഒമ്പത് കപടവിശ്വാസികൾ ഖൂബ പള്ളിക്ക് വളരെ അടുത്തായി ഒരു പള്ളി പണിതു. രോഗികൾക്കും വയസ്സുള്ളവർക്കും പ്രാർത്ഥിക്കാനുള്ള സൗകര്യമൊരുക്കിയിട്ടുണ്ടെന്നും ഖൂബ പള്ളിയിലെ തിരക്ക് ഒഴിവാക്കുവാൻ ഈ പള്ളി സഹായകമാകുമെന്ന് അവർ പറഞ്ഞു.

ഈ പള്ളിക്ക് നല്ല അഭിപ്രായം കിട്ടാൻ വേണ്ടി റസൂലിനോട് അവിടെ വന്ന് നമസ്ക്കാരം നിർവ്വഹിക്കാൻ അവർ അപേക്ഷിച്ചു.

റസൂൽ (സ.അ) പറഞ്ഞു.

ഞാൻ തബൂക്ക് യുദ്ധത്തിന്നുള്ള ഒരുക്കത്തിലായതിനാൽ തിരക്കിലാണ്. തിരിച്ച് വരുമ്പോൾ ഞാൻ നിങ്ങളുടെ ആഗ്രഹം പൂർത്തീകരിക്കാം.

വിശുദ്ധ ഖുർആനിലെ തൗബാ സൂറത്തിലെ 107 വചനം ഇങ്ങനെപറയുന്നു.

وَالَّذِينَ اتَّخَذُوا مَسْجِدًا ضِرَارًا وَكُفْرًا وَتَفْرِيقًا بَيْنَ الْمُؤْمِنِينَ وَإِرْصَادًا لِمَنْ حَارَبَ
اللَّهَ وَرَسُولَهُ مِنْ قَبْلُ ۚ وَلَيَحْلِفُنَّ إِنْ أَرَدْنَا إِلَّا الْحُسْنَىٰ ۖ وَاللَّهُ يَشْهَدُ إِنَّهُمْ لَكَاذِبُونَ (107)

*ദ്രോഹബുദ്ധിയാലും സത്യനിഷേധത്താലും വിശ്വാസികൾക്കിടയിൽ ഭിന്നതയുണ്ടാക്കാൻ വേണ്ടിയും മുമ്പ് തന്നെ അല്ലാഹുവോടും അവന്റെ ദൂതനോടും യുദ്ധം ചെയ്യുന്നവർക്ക് താവളമുണ്ടാക്കിക്കൊടുക്കാൻ വേണ്ടിയും ഒരു പള്ളിയുണ്ടാക്കിയവരും (ആ കപടൻമാരുടെ കൂട്ടത്തിലുണ്ട്) ഞങ്ങൾ നല്ലതല്ലാതെ ഒന്നും ഉദ്ദേശിച്ചിട്ടില്ല. എന്ന് അവർ ആണയിട്ട് പറയുകയും ചെയ്യും.*

*തീർച്ചയായും അവർ കള്ളം പറയുന്നവർ തന്നെയാണ് എന്നതിന് അല്ലാഹു സാക്ഷ്യം വഹിക്കുന്നു.*

റസൂൽ തബൂക്ക് യുദ്ധം കഴിഞ്ഞ് മടങ്ങുമ്പോൾ അല്ലാഹു റസൂലിന്ന് കപടവിശ്വാസികളുടെ വൃത്തികെട്ട പദ്ധതിയെ കുറിച്ച് അറിവ് കൊടുത്തു. അതിനാൽ റസൂൽ ധാരാളം സഹാബിമാരെ ഈ പള്ളി നശിപ്പിക്കാനും ചുട്ടെരിക്കാനും അയച്ചു. ആ പള്ളിയെ ദിറാർ പള്ളി അഥവാ ദ്രോഹപ്പള്ളി എന്നാണ് വിളിച്ചുവന്നിരുന്നത്. ഈ സംഭവം തൗബയിലെ 108-110 വചനത്തിൽ വിവരിക്കുന്നുണ്ട്.

لَا تَقُمْ فِيهِ أَبَدًا
أَفَمَنْ أَسَّسَ بُنْيَانَهُ عَلَىٰ تَقْوَىٰ مِنَ اللَّهِ وَرِضْوَانٍ خَيْرٌ أَمْ مَنْ أَسَّسَ بُنْيَانَهُ عَلَىٰ
شَفَا جُرُفٍ هَارٍ فَانْهَارَ بِهِ فِي نَارِ جَهَنَّمَ ۗ وَاللَّهُ لَا يَهْدِي الْقَوْمَ الظَّالِمِينَ ﴿١٠٩﴾ لَا يَزَالُ
بُنْيَانُهُمُ الَّذِي بَنَوْا رِيبَةً فِي قُلُوبِهِمْ إِلَّا أَنْ تَقَطَّعَ قُلُوبُهُمْ ۗ وَاللَّهُ عَلِيمٌ حَكِيمٌ ﴿١١٠﴾

*(നബിയേ) നീ ഒരിക്കലും അതിൽ നമസ്ക്കാരത്തിന് നിൽക്കരുത്. ആദ്യ ദിവസം മുതൽ തന്നെ ഭക്തിയിൻ മേൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള പള്ളിയാണ് നീ നിന്നു നമസ്ക്കരിക്കാൻ ഏറ്റവും അർഹതയുള്ളത്. ശുദ്ധി കൈവരിക്കാൻ ഇഷ്ടപ്പെടുന്ന ചില ആളുകളുണ്ട്. ആ പള്ളിയിൽ ശുദ്ധി കൈവരിക്കുന്നവരെ അല്ലാഹു ഇഷ്ടപ്പെടുന്നു*

*അല്ലാഹുവെ സംബന്ധിച്ച് ഭക്തിയിൻമേലും അവന്റെ പ്രീതിയിൻമേലും അവന്റെ കെട്ടിടം സ്ഥാപിച്ചവനോ അതെല്ലാ പൊളിഞ്ഞ് വീഴാൻ പോകുന്ന ഒരു മണൽ തിട്ടയുടെ വക്കത്ത് കെട്ടിടം സ്ഥാപിക്കുകയും എന്നിട്ടത് തന്നെയും കൊണ്ട് നരകാഗ്നിയിൽ പൊളിഞ്ഞ് വീഴുകയും ചെയ്തവനോ ഉത്തമൻ? അക്രമികളായ ജനങ്ങളെ അല്ലാഹു നേർവഴിയിലാക്കുകയില്ല.*

*അവർ സ്ഥാപിച്ച അവരുടെ ആ കെട്ടിടം അവരുടെ ഹൃദയങ്ങളിൽ ഒരു ആശങ്കയുമായി തുടരുന്നതാണ്. അവരുടെ ഹൃദയങ്ങൾ കഷ്ണം കഷ്ണമായി തീർന്നെങ്കിലല്ലാതെ, അല്ലാഹു എല്ലാം അറിയുന്നവനും യുക്തിമാനുമാകുന്നു.*

ദിറാർ പള്ളിയുടെ ഉദാഹരണം പുഴയോരത്ത് ഒരു കെട്ടിടം പണിയുന്നതിന്റെ ഉദാഹരണം പോലെയാണ്. ആ സ്ഥലം



ഉറച്ചതാണെന്ന് തോന്നുന്നുവെങ്കിലും കാല് വെള്ളത്തിലെന്നപോലെ അമർന്ന് താണ് പോകും. ശത്രുക്കൾ അത്തരം സ്ഥലത്ത് പണിയുന്ന കെട്ടിടം വേഗത്തിൽ തന്നെ വീഴുന്നതാണ്. അത് പൂർണ്ണമായും തകരുന്നതും നാശത്തിലുമാണെന്നും സാരം.

അസൂയ നാളങ്ങളില്ലാത്ത തീ പോലെയാണ്. അസൂയയും സംശയവും കപടവിശ്വാസവും ഉള്ള അത്തരം രോഗികളായ ആളുകൾ നിരാശയോടെ അവരുടെ വൃത്തികെട്ട ലക്ഷ്യത്തിലെത്തുകയും അവർ വർദ്ധിക്കുകയും ചെയ്യുന്നതാണ്. അവരുടെ അസൂയ അവരുടെ മരണം വരെ നശിക്കുകയില്ല. അവർ എത്ര മാത്രം നിർഭാഗ്യവാൻമാരാണെന്നാണ് ഇത് കാണിക്കുന്നു.

ഈ ലേഖനത്തിൽ നിന്ന് ഞങ്ങൾ താഴെ പറയുന്ന അനുമാനങ്ങളിലെത്തുന്നു.

1. ദിറാർ പള്ളി പണിതത് മുസ്ലിങ്ങൾക്കിടയിൽ പിളർപ്പുണ്ടാക്കുവാനാണ്. മുസ്ലിങ്ങളുടെ ശത്രുക്കൾക്ക് അഭയവും സഹായവും നൽകാൻ അവർക്ക് മുസ്ലിങ്ങൾക്കെതിരെ സംഘടിക്കാനുള്ള ഒരു കേന്ദ്രവും ആക്കുകയുമായിരുന്നു.
2. ആരെങ്കിലും മേൽ ലക്ഷ്യത്തിന് വേണ്ടി പള്ളി പണിയുകയാണെങ്കിൽ അവർ പാപികളായിരിക്കുന്നു.
3. നാം എപ്പോഴും ആത്മാർത്ഥതയോടും അല്ലാഹുവിനോടുള്ള ഭയഭക്തിയോടും പ്രവർത്തിക്കുക.
4. നാം ശുദ്ധിയുടെ കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കുകയും പള്ളിയുടെ ചുറ്റുപാടുകൾ ശുദ്ധിയോടെ സംരക്ഷിക്കുകയും വേണം.
4. ശുദ്ധി എന്നാൽ പാപത്തിൽ നിന്നും വിലകുറഞ്ഞ ശീലങ്ങളിൽ നിന്നുമുള്ള മുക്തിയെന്നർത്ഥം

# രണ്ട് ഖിബ്ലകളുള്ള പള്ളി

മസ്ജിദു ഖിബ്ലത്തൈൻ എന്ന് പറഞ്ഞാൽ രണ്ട് ഖിബ് ലകളുള്ള പള്ളിയെന്നർത്ഥം. ഒന്ന് ജറുസലേമിലേക്കുള്ള അൽ ഖുദ്സ് പള്ളിയും മറ്റൊന്ന് മക്കയിലുള്ള അല്ലാഹുവിന്റെ ഭവനം അഥവാ ഖഅബാലയം.

ഖിബ്ല എന്നാൽ നമസ്ക്കാരത്തിലുള്ള നോട്ട സ്ഥാനം എന്നർത്ഥം. തീർച്ചയായും നമ്മുടെ മനസ്സിൽ ധാരാളം ചോദ്യങ്ങളുയരും എന്ത് കൊണ്ട് രണ്ട് ഖിബ്ല? എന്ത് കൊണ്ട്? എപ്പോൾ? എങ്ങനെ ഈ മാറ്റമുണ്ടായി? ഈ മാറ്റത്തിനുള്ള കൽപ്പന ആരുടേത്? ഈ മാറ്റത്തിന്റെ പ്രതികരണമെന്താണ്?

എല്ലാ പ്രവാചകൻമാരും ഖിബ്ലയാക്കിയിരുന്നത് അല്ലാഹുവിന്റെ ഭവനമായ ഖഅബാലയമായിരുന്നു. ഇത് ആദം നബി (സ.അ)യുടെ കാലത്ത് തന്നെ പണി കഴിപ്പിക്കപ്പെട്ടതാണ്.

ആലു ഇംറാൻ 96

إِنَّ أَوَّلَ بَيْتٍ وُضِعَ لِلنَّاسِ لَلَّذِي بِبَكَّةَ مُبَارَكًا وَهُدًى لِّلْعَالَمِينَ ﴿٩٦﴾

*തീർച്ചയായും മനുഷ്യർക്ക് വേണ്ടി സ്ഥാപിക്കപ്പെട്ട ഒന്നാമത്തെ ആരാധന മന്ദിരം ബക്കയിൽ (മക്കയിൽ ) ഉള്ളതത്രേ. (അത്) അനുഗ്ര ഹീതമായും ലോകർക്ക് മാർഗ്ഗദർശകമായും (നിലകൊള്ളുന്നു)*

ഇബ്രാഹിം നബി (സ.അ)യും ഇസ്മായിൽ നബി (സ.അ) യും ഖഅ്ബാലയമാണ് ഖിബ്ലയായി സ്വീകരിച്ചത്. ഇസ്രായീലുകൾ ക്കായി അല്ലാഹു നിയോഗിച്ചിരുന്ന പ്രവാചകൻമാരിൽ ചിലർ ജറുസലേമിലെ അൽ ഖുദ്സ് പള്ളി ഖിബ്ലയായി സ്വീകരിച്ചിരുന്നു.



യഥാർത്ഥത്തിൽ അൽ ഖുദ്സും മക്കയിലുള്ള അല്ലാഹവിന്റെ പള്ളിയായ ഖഅബാലയവും അവരുടെ മുന്നിലാണ് സ്ഥിതി ചെയ്യുന്നത്.

ബുഹാരിയുടെ വിവരണ പ്രകാരം മുഹമ്മദ് നബി (സ.അ) ഹജറുൽ അസ്വദിന്നും റുഖ്നേയമനിക്കും ഇടയിൽ നിന്നാണ് നമസ്ക്കരിച്ചിരുന്നത്. അപ്പോൾ രണ്ട് പള്ളികളും അദ്ദേഹത്തിന്റെ മുന്നിലായാണ് സ്ഥിതി ചെയ്യുന്നത്.

ബുഹാരിയുടെ വിവരണ പ്രകാരം മുഹമ്മദ് നബി (സ.അ) മദീനയിൽ എത്തിയിട്ട് പതിനാറോ പതിനേഴോ മാസം ജറുസലേമിലെ അൽ ഖുദ്സ് പള്ളി ഖിബ്ലയായി സ്വീകരിച്ചാണ് നമസ്ക്കരിച്ചത്. അദ്ദേഹം അല്ലാഹുവിന്റെ കൽപ്പനകൾ പൂർണ്ണമായും അനുസരിക്കുകയായിരുന്നു. എന്നിരുന്നാലും ആദം നബി (സ.അ) യുടെയും ഇബ്രാഹം നബി (സ.അ)യുടെയും ഖിബ്ല അദ്ദേഹം ആഗ്രഹിക്കുകയും അല്ലാഹു തന്റെ ആഗ്രഹം പൂർത്തീകരിച്ച് തരുമെന്ന് പ്രതീക്ഷിക്കുകയും ചെയ്തിരുന്നു. അദ്ദേഹം അത്തരത്തിലുള്ള ദൈവ സന്ദേശത്തിന്നായി കാത്തിരിക്കുകയും ആകാശത്തിലേക്ക് വീണ്ടു വീണ്ടും നോക്കുകയും ചെയ്തതായി അൽബഖറ 144ൽ കാണുന്നു.

قَدْ نَرَىٰ تَقَلُّبَ وَجْهِكَ فِي السَّمَاءِ ۖ فَلَنُوَلِّيَنَّكَ قِبْلَةً تَرْضَاهَا ۚ فَوَلِّ وَجْهَكَ شَطْرَ الْمَسْجِدِ الْحَرَامِ ۚ وَحَيْثُ مَا كُنتُمْ فَوَلُّوا وُجُوهَكُمْ شَطْرَهُ ۗ

*(നബിയേ) നിന്റെ മുഖം ആകാശത്തേക്ക് തിരിഞ്ഞ് കൊണ്ടിരിക്കുന്നത് നാം കാണുന്നുണ്ട്. അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്ലയിലേക്ക് നിന്നെ നാം തിരിക്കുകയാണ്. ഇനിമേൽ നീ നിന്റെ മുഖം മസ്ജിദുൽ ഹറമിന്റെ നേർക്ക് തിരിക്കുക. നിങ്ങൾ എവിടെയായിരുന്നാലും അതിന്റെ നേർക്കാണ് നിങ്ങൾ മുഖം തിരിക്കേണ്ടത് .*

ഈ ദൈവ സന്ദേശത്തിലൂടെ അല്ലാഹു മുഹമ്മദ് നബി (സ.അ)യുടെ ആഗ്രഹം സഫലീകരിക്കുകയാണുണ്ടായത്. ഖിബ്ലയുടെ മാറ്റം അല്ലാഹുവിന്റെ കൽപ്പനയാണെന്നും പ്രവാചകന്റെ തീരുമാനമല്ലെന്നും ഇതിൽ നിന്നും വ്യക്തമാകുന്നതാണ്.

ഖിബ്ല മാറ്റിയതിലുള്ള പ്രതികരണം രണ്ടു തരത്തിലാണ് സംഭവിച്ചത്. മുസ്ലിങ്ങളുടെ ഖിബ്ല വളരെ മുമ്പ് തന്നെ അൽ ഖുദ്സിന്ന്

പകരം കഅബയാണെന്ന് ജൂതൻമാർക്കറിയാമായിരുന്നു. അവർ ആ കാര്യത്തിൽ മുസ്ലിങ്ങളെ ഇങ്ങനെ കളിയാക്കുമായിരുന്നു.

ഖിബ്ലയിൽ മാറ്റം വരുത്തിക്കൊണ്ടിരുക്കുന്നത് എന്ത് തരം മതമാണ്.

പുതിയ ഖിബ്ലയിലെ മാറ്റം ജൂതൻമാരെ വല്ലാതെ ഭയപ്പെടുത്തി. അത്വരെ ജൂതൻമാർ സ്വീകരിച്ചതിനെ മുസ്ലിങ്ങൾ പിൻപറ്റുകയായിരുന്നു. ഖിബ്ലയുടെ മാറ്റത്തോടെ മുസ്ലിങ്ങൾ വ്യത്യസ്ഥമായ സംഘമോ ദേശമോ ആണെന്ന ധാരണ അവരിലുണ്ടായി. അതിനാൽ മുസ്ലിങ്ങൾക്കെതിരെയുള്ള എതിർപ്പിന്ന് വേഗത കൂട്ടുകയും ശത്രുക്കളായി കരുതുകയും ചെയ്തു.

അതിന്ന് പുറമേ അല്ലാഹുവിന്ന് അവന്റേതായ പദ്ധതിയും അറിവും ഉണ്ട്. ഖിബ്ലയുടെ മാറ്റത്തിലൂടെ ആത്മാർത്ഥരായ മുസ്ലിങ്ങളെ കപടവിശ്വാസികളിൽ നിന്ന് വേർതിരിച്ചെടുക്കുവാനും സാധിച്ചു. അൽ ബക്കറ 143.

وَمَا جَعَلْنَا ٱلْقِبْلَةَ ٱلَّتِى كُنتَ عَلَيْهَآ إِلَّا لِنَعْلَمَ مَن يَتَّبِعُ ٱلرَّسُولَ مِمَّن يَنقَلِبُ عَلَىٰ عَقِبَيْهِۚ وَإِن كَانَتْ لَكَبِيرَةً إِلَّا عَلَى ٱلَّذِينَ هَدَى ٱللَّهُۗ وَمَا كَانَ ٱللَّهُ لِيُضِيعَ إِيمَٰنَكُمْۚ إِنَّ ٱللَّهَ بِٱلنَّاسِ لَرَءُوفٌ رَّحِيمٌ ﴿143﴾

*റസൂലിനെപിൻപറ്റുന്നതാരൊക്കെയാണെന്നും പിൻമാറിക്കളയുന്ന താരൊക്കെയാണെന്നും തിരിച്ചറിയുവാൻ വേണ്ടി മാത്രമായിരുന്നു നീ ഇത് വരെ തിരിഞ്ഞ് നിന്നിരുന്ന ഭാഗത്തെ നാം ഖിബ്ലയായി നിശ്ചയിച്ചത്. അല്ലാഹു നിങ്ങളുടെ വിശ്വാസത്തെ പാഴാക്കിക്കളയുന്നതല്ല. തീർച്ചയായും അല്ലാഹു മനുഷ്യരോട് അത്യധികം ദയയുള്ളവനും കരുണാനിധിയുമാകുന്നു.*

നബി (സ.അ) മസ്ജിദു നബവിയിൽ നിന്ന് അസർ നിസ്ക്കാരം നിർവ്വഹിക്കവേയാണ് അല്ലാഹുവിന്റെ കൽപ്പന പ്രകാരം ഖിബ്ല മാറ്റിയതെന്ന് ബുഹാരിയും മുസ്ലിമും വിവരിക്കുന്നു. എന്നാലത് ളുഹർ നമസ്ക്കാര സമയത്താണെന്ന് മറ്റു ചില വിവരണങ്ങളിലും കാണുന്നു. നബി (സ.അ)യും അനുയായികളും നമസ്ക്കാരത്തിന്നിടയിലാണ് ഖിബ്ല മാറ്റിയത്.



ചില അനുയായികൾ നമസ്ക്കാരം പൂർത്തിയാക്കി അവരുടെ സമൂഹത്തിലേക്ക് തിരിച്ച് പോയി. അവരുടെ സമീപത്തുള്ള പള്ളിയിൽ നിന്ന് അവരുടെ സുഹൃത്തുക്കളായ മുസ്ലിങ്ങൾ അൽ ഖുദ്സിന്ന് നേരെ നമസ്ക്കരിക്കുന്നതായി അവർ കണ്ടു. അപ്പോൾ ഒരു സഹാബി ഉച്ചത്തിൽ ഖിബ്ല മക്കയിലെ അല്ലാഹുവിന്റെ പള്ളിയിലേക്ക് മാറ്റിയതായും അവരിപ്പോൾ നബിയോടൊപ്പം നമസ്ക്കരിച്ച കാര്യവും വിളിച്ച് പറഞ്ഞു. ഇത് കേട്ട് മുസ്ലിം സഹോദരൻമാർ നമസ്ക്കാരത്തിന്നിടയിൽ യാതൊരു ചോദ്യം ചെയ്യലോ കോലാഹലമോ ഇല്ലാതെ അവരുടെ ഖിബ്ല കഅബയിലേക്ക് മാറ്റുകയും ചെയ്തു. ഇസ്ലാമിൽ ചില കാര്യങ്ങളിൽ ഒരു സാക്ഷിയുടെ വിശ്വസീനിയത അംഗീകരിച്ചിരുന്നു.

ഖിബ്ലയിൽ മാറ്റം വരുത്തിയ വാർത്ത ഖൂബയിൽ പിറ്റേ ദിവസമാണ് എത്തിയത്. ഖിബ്ലയിൽ മാറ്റം വരുത്തിയ വാർത്ത ഖുബയിലെ ജനങ്ങളും നമസ്ക്കാരത്തിന്നിടയിലാണ് ഒരാളിൽ നിന്നറിഞ്ഞതെന്നും അത് പ്രകാരം അവരും മാറ്റം വരുത്തിയതായി ബുഹാരിയും മുസ്ലിമും സാക്ഷ്യപ്പെടുത്തുന്നു. പ്രവാചകന്റെ സഹാബിമാർ തമ്മിൽ എന്ത് മാത്രം പരസ്പര ബഹുമാനവും വിശ്വാസവും വെച്ച് പുലർത്തിയിരുന്നു എന്ന് ഇതിൽ നിന്ന് ബോദ്ധ്യമാവുന്നു.

മദീനപള്ളിയിലെ മിഹ്റാബിന്ന് മുകളിൽ എഴുതിയത് കാണുന്നതിൽ ഞാൻ ആഹ്ലാദമുള്ളവനാണ്. അൽ ബഖറ 144

فَلَنُوَلِّيَنَّكَ قِبْلَةً تَرْضَىٰهَا

*'അതിനാൽ നിനക്കിഷ്ടമാകുന്ന ഒരു ഖിബ്ലയിലേക്ക് നാം നിന്നെ തിരിക്കുകയാണ്'.*

ഈ സമ്മാനം അല്ലാഹു മുഹമ്മദ് നബിക്കും അദ്ദേഹത്തിന്റെ മസ്ജിദു ഖിബ്ലത്തൈനിലുള്ള അനുയായികൾക്കും നൽകിയ സമ്മാനമായിരുന്നു.

മാറ്റം വരുത്തുന്നതിന്ന് മുമ്പ് നബി (സ.അ) മസ്ജിദു നബവിയിൽ നിന്ന് നമസ്ക്കാരം നിർവ്വഹിച്ചിരുന്നത് പഴയ ജിബ്രീൽ വാതിലിൽ നിന്ന് വടക്കോട്ട് തിരിഞ്ഞായിരുന്നു. ഖിബ്ല മാറ്റിക്കൊണ്ടുള്ള ദൈവ സന്ദേശം ലഭിച്ച ശേഷം നബി(സ.അ) കുറച്ചുദിവസം നമസ്ക്കാരം നിർവ്വഹിച്ചിരുന്നത് ആയിശ സ്തൂപത്തിന്നടുത്ത് വെച്ചും പിന്നീട്

ഇപ്പോൾ മിഹ്റാബ് കാണുന്ന സ്ഥലത്ത് വെച്ചുമായിരുന്നു. ഖിബ്ല മാറ്റിയതോടെ നമസ്ക്കാരത്തിൽ അദ്ദേഹത്തിന്റെ മുഖം തെക്ക് ഭാഗത്തേക്ക് അഥവാ അല്ലാഹുവിന്റെ ഭവനമായ കഅബയിലേക്ക് ആയിരുന്നു.

ഖിബ്ല മാറ്റിയതോടെ പഴയ ബാബ് ജിബ്രീൽ ഭാഗം മസ്ജിദുന്നബവിയുടെ പിന്നിലേക്ക് മാറ്റുകയായിരുന്നു. ഈ ഭാഗം അസ്ഹാബുസ്സുഫഹാക്കൾ അവരുടെ പഠനത്തിന്നും താമസത്തിന്നുമായി നീക്കി വെക്കുകയായിരുന്നു. പ്രവാചകന്റെ പള്ളിയിലുള്ള സംരക്ഷകരായ ജോലിക്കാർക്കുള്ള പ്ലാറ്റ്ഫോം ചില സന്ദർശകർ തെറ്റായി ധരിച്ചിട്ടുള്ളത് പോലെ അസ്ഹാബുസ്സുഫഹാകൾക്കുള്ള സ്ഥലമല്ലെന്നും ഞാൻ വ്യക്തമാക്കാൻ ആഗ്രഹിക്കുന്നു.



# ഗൂഢാലോചനകൾ

മുഹമ്മദ് നബി (സ.അ) യുടെയും പ്രിയപ്പെട്ട രണ്ട് ശിഷ്യൻമാരുടെയും ഭൗതീക ശരീരം കടത്തി കൊണ്ട് പോകാൻ അവിശ്വാസികൾ ധാരാളം ഗൂഡാലോചനകൾ നടത്തിയിരുന്നു. ഹിജ്റ 1025ൽ മരണമടഞ്ഞ ശേഖ് അബ്ദുൽ ഹഖ് പഴയ പണ്ഡിതൻമാരിൽ നിന്ന് മനസ്സിലാക്കിയ മൂന്ന് പ്രധാനപ്പെട്ട ഗൂഡാലോചനകൾ വിവരിക്കുന്നുണ്ട്. ഈ ഗൂഡാലോചനകൾ പരാജയപ്പെട്ടത് പ്രവാചകന്റെ അൽഭുതകൃത്യമായി മാത്രമേ കാണാനാവൂ.

## ഒന്നാമത്തെ ഗൂഢാലോചന

ഇബ്നു നജ്ജാർ എഴുതിയ 'ബാഗ്ദാദിന്റെ ചരിത്രം' എന്ന പുസ്തകത്തിൽ ഇത് രേഖപ്പെടുത്തിയിട്ടുണ്ട്. ഹിജ്റ 386ന്നും 411ന്നുമിടയിൽ ഈജിപ്ത് ഭരിച്ചിരുന്നത് ഫത്തമി എന്ന രാജാവായിരുന്നു. അദ്ദേഹത്തിന്റെ കീഴിലായിരുന്നു മദീന. ജനങ്ങളുടെ ശ്രദ്ധ മദീനയിൽ നിന്ന് ഈജിപ്തിലേക്ക് തിരിച്ച് വിടാൻ വേണ്ടി രാജാവ് നബി(സ.അ)യുടെയും അദ്ദേഹത്തിന്റെ രണ്ട് സഹാബിമാരുടെയും ഭൗതീക ശരീരം മദീനയിൽ നിന്ന് ഈജിപ്തിലേക്ക് മാറ്റാൻ ശ്രമിച്ചിരുന്നു. ഈ ശരീരങ്ങൾ മറവ് ചെയ്യാൻ ധാരാളം പണം ചിലവഴിച്ച് ഒരു കെട്ടിടം ഫത്ത്മി അവിടെ പണിയുകയും ചെയ്തിരുന്നു. ആ രാജാവ് അബു അൽ ഫത്തഹ് എന്നയാളിനെ ഈ വൃത്തികെട്ട പദ്ധതിക്കായി നിയോഗിക്കുകയും ചെയ്തു. അബു അൽ ഫത്തഹ് മദീനയിലെത്തിയപ്പോൾ അവിടുത്തെ ജനങ്ങൾ ഇക്കാര്യം അറിഞ്ഞു. ഖാറി സൽബാനി ഖുർആനിലെ താഴെയുള്ള വചനം അവിടെ ഓതി.

(വി.ഖു. തൗബ: 12 13 )

وَإِن نَّكَثُوٓا أَيْمَـٰنَهُم مِّنۢ بَعْدِ عَهْدِهِمْ وَطَعَنُوا فِى دِينِكُمْ فَقَـٰتِلُوٓا أَئِمَّةَ ٱلْكُفْرِ
إِنَّهُمْ لَآ أَيْمَـٰنَ لَهُمْ لَعَلَّهُمْ يَنتَهُونَ ﴿12﴾ أَلَا تُقَـٰتِلُونَ قَوْمًا نَّكَثُوٓا أَيْمَـٰنَهُمْ
وَهَمُّوا بِإِخْرَاجِ ٱلرَّسُولِ وَهُم بَدَءُوكُمْ أَوَّلَ مَرَّةٍ أَتَخْشَوْنَهُمْ فَٱللَّهُ أَحَقُّ أَن
تَخْشَوْهُ إِن كُنتُم مُّؤْمِنِينَ ﴿13﴾

*ഇനി അവർ കരാറിലേർപ്പെട്ടതിന് ശേഷം തങ്ങളുടെ ശപഥങ്ങൾ ലംഘിക്കുകയും നിങ്ങളുടെ മതത്തെ പരിഹസിക്കുകയും ചെയ്യുകയാണെങ്കിൽ സത്യനിഷേധത്തിന്റെ നേതാക്കളോട് നിങ്ങൾ യുദ്ധം ചെയ്യുക തീർച്ചയായും അവർക്ക് ശപഥങ്ങളേയില്ല. അവർ വിരമിച്ചേക്കാം.*

*തങ്ങളുടെ ശപഥങ്ങൾ ലംഘിക്കുകയും റസൂലിനെ പുറത്താക്കാൻ മുതിരുകയും ചെയ്ത ഒരു ജനവിഭാഗത്തോട് നിങ്ങൾ യുദ്ധം ചെയ്യുന്നില്ലേ"?അവരാണല്ലോ നിങ്ങളോട് ആദ്യ തവണ (യുദ്ധം) തുടങ്ങിയത്. അവരെ നിങ്ങൾ ഭയപ്പെടുകയാണോ? എന്നാൽ നിങ്ങൾ ഭയപ്പെടാൻ ഏറ്റവും അർഹതയുള്ളത് അല്ലഹുവെയാണ്. നിങ്ങൾ വിശ്വാസികളാണെങ്കിൽ.*

മദീനയിലെ ജനങ്ങൾ കോപിഷ്ടരാവുകയും അബു അൽ ഫത്തഹിനെയും അവന്റെ പട്ടാളക്കാരെയും കൊല്ലാൻ പോവുകയും ചെയ്തു. അബൂ അൽ ഫത്തഹ് പേടിച്ചുപോയി അവൻ പറഞ്ഞു, ഈജിപ്തിലെ രാജാവ് എന്നെ കൊല്ലുകയാണെങ്കിൽ പോലും ഞാൻ ഈ പ്രവൃത്തി ചെയ്യുകയില്ല.

അതിന്നിടയിൽ അന്ന് വൈകുന്നേരം ഒരു കൊടുങ്കാറ്റ് മദീനയിലൂടെ ആഞ്ഞടിച്ചു. ധാരാളം വീടുകൾക്ക് ക്ഷതമേറ്റു. കുറച്ചാളുകളും മൃഗങ്ങളും കൊല്ലപ്പെട്ടു. ഇത് മദീനയിൽ നിന്ന് അബു അൽ ഫത്തഹിന് ഓടിപ്പോകാൻ ഒരു കാരണവുമായി. അല്ലാഹു പ്രവാചകനെ(സ.അ)യും അദ്ദേഹത്തിന്റെ അനുയായികളേയും ഈ കുറ്റവാളികളിൽ നിന്ന് രക്ഷപ്പെടുത്തി.

ആ രാജാവ് രണ്ടാമതും ഒരു ശ്രമം നടത്തുകയും പരാജയപ്പെ ടുകയും ചെയ്തു. ഇത് ഹിജ്റ 386ന്നും 411ന്നും ഇടയിലായിരുന്നു



## രണ്ടാമത്തെ ഗൂഢാലോചന

സംഹൗദിയുടെ വിവരണ പ്രകാരം ഹിജ്റ 557ലാണ് കൃസ്ത്യാനികൾ നടത്തിയ രണ്ടാമത്തെ ഗൂഡാലോചന നടന്നത്. സുൽത്താൻ സാംകിയായിരുന്നു ആ സമയത്ത് സിറിയ ഭരിച്ചിരുന്നത്. ഇദ്ധേഹത്തിന്റെ ഉപദേശകൻ ജമാലുദ്ദീൻ അസഫത്താനി ആയിരുന്നു. ഒരു രാത്രി സുൽത്താൻ റസൂൽ (സ.അ)യെ മൂന്ന് തവണ സ്വപ്നത്തിൽ കണ്ടു. രണ്ട് ആളുകളെ ചൂണ്ടി അവരുടെ തെറ്റായ പ്രവൃത്തിയിൽ നിന്ന് രക്ഷിക്കാൻ റസൂൽ രാജാവിനോട് ആവശ്യപ്പെടുകയായിരുന്നു.

മദീനയിലെന്തോ അസാധാരാണമായ കാര്യം നടക്കുന്നതായി രാജാവ് മനസ്സിലാക്കി. ഉടനെ അദ്ദേഹം അദ്ദേഹത്തിന്റെ ഉപദേശകൻമാരോടൊപ്പം മദീനയിലേക്ക് പുറപ്പെട്ടു.

മദീന നിവാസികൾക്കായി അദ്ദേഹം ധാരാളം വിലപിടിപ്പുള്ള സമ്മാനങ്ങൾ കരുതിയിരുന്നു. പതിനാറാമത്തെ ദിവസം അദ്ദേഹം മദീനയിലെത്തി. എല്ലാ മദീനാ നിവാസികളും നേരിട്ട് വന്ന് രാജാവിൽ നിന്ന് സമ്മാനം കൈപ്പറ്റണമെന്ന് അറിയിപ്പ് നൽകുകയും ചെയ്തു. സമ്മാനങ്ങൾ വിതരണം ചെയ്യുന്നതിനിടയിൽ സ്വപ്നത്തിൽ ദർശിക്കാനായ ആ രണ്ട് പേരെ അദ്ദേഹത്തിന് കാണാൻ കഴിഞ്ഞില്ല.

സുൽത്താൻ അന്വേഷിച്ചു.

ആരെങ്കിലും ഇനി ബാക്കിയുണ്ടോ.

അവർ പറഞ്ഞു.

രണ്ടാളുകൾ വന്നിട്ടില്ല. കാരണം അവർ വളരെ വലിയ പണക്കാരും ദൈവഭയമുള്ളവരും മറ്റുള്ളവരോട് വളരെ ബഹുമാനമുള്ളവരുമാണ്. അവർ മറ്റുള്ളവരിൽ നിന്ന് യാതൊന്നും തന്നെ വാങ്ങാറില്ല.

അവരെ രാജാവിന്റെ മുന്നിൽ കൊണ്ടു വരാൻ നിർബന്ധിച്ചു. അവസാനം അവർ രാജാവിന്റെ മുന്നിലെത്തി. സ്വപ്നത്തിലൂടെ തനിക്ക് കാണാൻ കഴിഞ്ഞവർ തന്നെയാണ് അവരെന്ന് രാജാവിന്ന് മനസ്സിലായി.

അദ്ദേഹം അവരോട് ചോദിച്ചു.

നിങ്ങൾ എവിടെ നിന്നാണ് വരുന്നത്?

അവർ പറഞ്ഞു.

ഞങ്ങൾ മൊറോക്കയിലുള്ളവരാണ്. ഞങ്ങൾ ഹജ്ജിന് വന്നവരാണ്. റസൂലിന്റെ അയൽവാസികളായി ഇവിടെ താമസിക്കാൻ

ആഗ്രഹിക്കുന്നു.

സുൽത്താൻ അവരോട് ചോദിച്ചു.

നിങ്ങൾ എവിടെയാണ് താമസിക്കുന്നത്.

പ്രവാചകന്റെ പള്ളിയുടെ തെക്ക് ഭാഗത്തുള്ള ചുമരിന്നടുത്താ യാണ് അവർ താമസിച്ചിരുന്നത്.

സുൽത്താൻ അവിടേക്ക് പോവുകയും നിലത്ത് വിരിച്ച പര വതാനി നീക്കുകയും ചെയ്തു.റസൂലിനെ മറവ് ചെയ്ത പരിശുദ്ധ അറയിലേക്ക് ഒരു തുരങ്കം കുഴിച്ചതായി കണ്ടു.

ആ രണ്ട് പേരോടും സത്യം പറയാൻ രാജാവ് ആവശ്യപ്പെട്ടു.

അവർ പറഞ്ഞു.

ഞങ്ങൾ കൃസ്ത്യാനികളാണ്. പ്രവാചകന്റെ ഭൗതീക ശരീരം കടത്തിക്കൊണ്ടു പോകാൻ അയക്കപ്പെട്ടവരാണ്. ഓരോ ദിവസവും ഞങ്ങൾ തുരങ്കം കുഴിക്കുകയും സഞ്ചികളിലാക്കി മണൽ രാത്രിത്തന്നെ ബാഖി എന്നസ്ഥലത്തേക്ക് മാറ്റുകയും ചെയ്യുമായിരുന്നു. ഞങ്ങൾ പ്രവാചകന്റെ ശവ കുടീരത്തിനെത്തിയപ്പോൾ ഭയാനകമായ കൊടുങ്കാറ്റും മിന്നലും ഞങ്ങളെ തടഞ്ഞു. ഞങ്ങൾക്ക് വലിയ ഭൂമികുലുക്കം അനുഭവപ്പെട്ടു. അപ്പോൾ നിങ്ങൾ വരികയും ഞങ്ങളെ കയ്യോടെ പിടികൂടുകയും ചെയ്തു.

സുൽത്താൻ കരയുകയും തന്നെ ഈ കർമ്മത്തിന്ന് നിയോഗിച്ചതിൽ അല്ലാഹുവിനോട് നന്ദി പറയുകയും ചെയ്തു

ഈ കുറ്റവാളികളുടെ തല ഛേദിക്കുവാൻ സുൽത്താൻ കൽപ്പിച്ചു.

റസൂലിന്റെ പരിശുദ്ധ അറക്ക് ചുറ്റും കിടങ്ങ് കുഴിക്കാൻ രാജാവ് കൽപ്പിച്ചു. ശേഷം അവിടെ ഈയ്യം ഉരുക്കി ഒഴിച്ചു. ഭൂമിക്കടിയിലൂടെ ഇത്തരത്തിൽ തുരങ്കം കുഴിച്ച് ശവകുടീരത്തിന്നടുത്തെത്താനുള്ള അവസ്ഥ അദ്ദേഹം അങ്ങനെ ഇല്ലാതാക്കി.

പരിശുദ്ധ അറക്ക് പുറത്ത് അതിന്റെ സുരക്ഷാ ഭടൻമാർക്കായി ഒരു പ്ലാറ്റ്ഫോം സുൽത്താൻ ഉണ്ടാക്കുകയും ചെയ്തു. ധാരാളം സന്ദർശകർ ഇത് അസ്ഹാബു സുഫഹാഇകൾക്കുള്ള സ്ഥലമായി കണക്കാക്കുകയും ചെയ്തു.

സംരക്ഷണഉദ്യോഗസ്ഥൻമാർക്കുള്ള പ്ലാറ്റ്ഫോം റസൂലിന്റെ പള്ളിയുടെ പുറത്തായിരുന്നെങ്കിലും അസ്ഹാബു സുഫഹാഇന്റെ



സ്ഥലം പള്ളിക്കകത്തായിരുന്നു.

അസ്ഹാബു സുഫഹഇന്റെ യഥാർത്ഥ സ്ഥലം താഴെ വിവരിക്കും പ്രകാരമാകുന്നു. സ്തൂപത്തിൽ നിന്ന് നിങ്ങൾ വടക്ക് ഭാഗത്തേക്ക് (ഖിബ്‌ലയിൽ നിന്നകലെയായി) നടന്നാൽ അഞ്ചാമത്തെ തൂണിന്നരികെയാണ് അസഹാബു സുഫാഹ്.

## മൂന്നാമത്തെ ഗൂഢാലോചന

തബ്‌റി അദ്ദേഹത്തിന്റെ പ്രശസ്ത ചരിത്ര പുസ്തകമായ റിയാദ് നദ്രാഹിൽ താഴെ പറയും പ്രകാരം രേഖപ്പെടുത്തിയിട്ടുണ്ട്. സിറിയയിലെ ഹൽബ് സിറ്റിയിൽ നിന്ന് കുറച്ചാളുകൾ മദീനയിലേക്ക് വന്നു. ആ കാലത്തെ മദീന ഗവർണ്ണർക്ക് നൽകാൻ ധാരാളം സമ്മാനങ്ങളും പണവും അവർ കരുതിയിരന്നു. അവർ നബിയേയും ഖലീഫമാരെയും മറവ് ചെയ്ത പരിശുദ്ധ അറക്കകത്ത് കയറി അബൂബക്കർ (റ.അ)യുടെയും ഉമർ (റ.അ)യുടെയും ഭൗതീക ദേഹങ്ങൾ നീക്കം ചെയ്യാൻ ആഗ്രഹിച്ചു. പണത്തോടുള്ള അത്യാർത്തി കാരണം മദീന ഗവർണ്ണർ അവരുടെ ആഗ്രഹത്തിന് സമ്മതം നൽകി. മദീന പള്ളിയുടെ മുഖ്യ സംരക്ഷകരോട് ഗവർണ്ണർ ഇപ്രകാരം ആവശ്യപ്പെട്ടു.

'രാത്രിയിൽ എപ്പോൾ വന്നാലും അവർക്ക് പള്ളിയുടെ വാതിൽ തുറന്ന് കൊടുക്കുക. കൂടാതെ അവർക്ക് വേണ്ടതൊക്കെ ചെയ്ത് കൊടുക്കുക'.

സൂക്ഷിപ്പുകാരൻ പറഞ്ഞു.

'ഇശാ നമസ്ക്കാരാനന്തരം ആരോ ബാബ് സലാമിൽ മുട്ടി വിളിച്ചു. ഞാൻ വാതിൽ തുറന്നപ്പോൾ കിളക്കാനും പൊളിക്കാനും ആവശ്യമായ ആയുധങ്ങളുമായി നാൽപ്പത് ആളുകൾ പുറത്ത് നിൽക്കുന്നത് കണ്ടു. ഗവർണ്ണറുടെ കൽപ്പനപ്രകാരം ഞാൻ അവരെ അകത്ത് പ്രവേശിപ്പിച്ചു. ഞാൻ വേദനയോടെ പള്ളിയുടെ ഒരു മൂലയിലിരുന്നു. ഈ ആളുകൾ പരിശുദ്ധ അറക്കരികിലേക്ക് കുതിച്ചു. പള്ളിയുടെ മിമ്പറിന്നരികിലേക്ക് അവരെത്തുന്നതിന്ന് മുമ്പായി ചില അസാധാരണ സംഭവങ്ങളുണ്ടായി. അവർ നിന്ന ഇടം പിളർന്ന് അവർ അവരുടെ ആയുധങ്ങൾ സഹിതം ഭൂമിയിലേക്ക് താഴ്ത്തപ്പെട്ടു'.

സൂക്ഷിപ്പുകാരൻ തുടർന്നു.

ഗവർണ്ണർ ഉൽക്കണ്ഠാകുലനായി പുറത്ത് കാത്തിരിക്കുകയായിരുന്നു. കുറേ നേരത്തെ കാത്തിരിപ്പിന് ശേഷം ഗവർണ്ണർ എന്നെ വിളിച്ച് അകത്ത് കയറിയവരെ കുറിച്ച് ചോദിച്ചു. ഞാൻ കണ്ടതായ സംഭവത്തെ കുറിച്ച് ഗവർണ്ണറോട് പറഞ്ഞു. അദ്ദേഹം അത് വിശ്വസിക്കാതെ എന്നെ ഭ്രാന്തനെന്ന് വിളിച്ചു.

യാഥാർത്ഥ്യം അദ്ദേഹത്തിന്റെ കണ്ണ് കൊണ്ട് കാണാൻ ഞാൻ അദ്ദേഹത്തെ അകത്തേക്ക് വിളിപ്പിച്ചു. ഗവർണ്ണർ ഭൂമിയുടെ പിളർപ്പ് കണ്ട് എന്നോട് പറഞ്ഞു

ഈ കാര്യം മറന്നേക്കൂ. ആരോടും ഇതേ കുറിച്ച് പറയരുത്. ആരോടെങ്കിലും പറഞ്ഞാൽ ഞാൻ നിന്റെ തല വെട്ടിക്കളയും.

അല്ലാഹുവിന്റെ ശത്രുക്കൾ തന്ത്രങ്ങൾ മെനയുമ്പോൾ അല്ലാഹുവും തന്ത്രം മെനയുന്നു. എന്തായാലും അല്ലാഹുവാണ് നല്ല തന്ത്രശാലി.

(അൽ അൻഫാൽ - 30)

وَيَمْكُرُونَ وَيَمْكُرُ ٱللَّهُ وَٱللَّهُ خَيْرُ ٱلْمَٰكِرِينَ ﴿٣٠﴾

*അല്ലാഹുവും തന്ത്രം പ്രയോഗിക്കുന്നു. എന്നാൽ അല്ലാഹുവാണ് തന്ത്രം പ്രയോഗിക്കുന്നവനിൽ മെച്ചപ്പെട്ടവൻ.*

വാസ്തവം മുഹമ്മദ് നബി (സ.അ)യോട് അല്ലാഹു വാഗ്ദത്വം ചെയ്തത് സൂറത്തുൽ മായിദയിലെ വചനമനുസരിച്ച് പാലിച്ചു.

وَٱللَّهُ يَعْصِمُكَ مِنَ ٱلنَّاسِ

*ജനങ്ങളിൽ നിന്ന് അല്ലാഹു നിന്നെ രക്ഷിക്കുന്നതാണ്.*

മുമ്പ് പ്രസ്താവിച്ചത് പോലെ ജനങ്ങളുടെ എല്ലാ പദ്ധതികളും പരാജയപ്പെടുകയും റസൂലിന്റെ അൽഭുതങ്ങൾ ഗൂഡാലോചനക്കിടയിൽ വെളിവാക്കപ്പെടുകയും ചെയ്തു.



# ചില പ്രധാനപ്പെട്ട സ്ഥലങ്ങൾ

## മസ്ജിദുൽ ഇജാബ

ഇത് അൻസാർ ആശുപത്രിക്കടുത്താണ് സ്ഥിതി ചെയ്യുന്നത്. മുസ്ലിം പ്രസ്താവിച്ച പ്രകാരം റസൂൽ (സ.അ)യും സഹാബത്തും ഇവിടെ വെച്ച് രണ്ട് റക്അത്ത് നമസ്ക്കാരം നിർവ്വഹിച്ചിട്ടുണ്ട്. നമസ്ക്കാരാനാന്തരം റസൂൽ ഇവിടെ വെച്ച് നീണ്ട പ്രാർത്ഥന നടത്തിയിരുന്നു. റസൂൽ (സ.അ) അവിടുത്തെ സഹാബത്തിനോട് ഇങ്ങനെ പറഞ്ഞു.

ഈ പ്രാർത്ഥനയിൽ ഞാൻ അല്ലാഹുവിനോട് മൂന്ന് കാര്യങ്ങൾക്കായി അപേക്ഷിച്ചു.

അതിൽ രണ്ടു കാര്യങ്ങൾ അനുവദിച്ചു. ഒരെണ്ണം തള്ളിക്കളഞ്ഞു.

ഒന്നാമതായി ഞാൻ അല്ലാഹുവിനോടായി അപേക്ഷിച്ചത് വരൾച്ചയും ക്ഷാമവും കൊണ്ട് എന്റെ ഉമ്മത്തിനെ നശിപ്പിക്കരുതെന്നായിരുന്നു.

രണ്ടാമതായി ചോദിച്ചത് എന്റെ ഉമ്മത്തിന്നെ മുക്കിക്കൊന്ന് നശിപ്പിക്കരുതെന്നാണ്.

മൂന്നാമത്തേത് എന്റെ ഉമ്മത്തുകളെ തമ്മിൽ പോരാടുന്നതിൽ നിന്ന് രക്ഷിക്കണമേ എന്നാണ്.

## മസ്ജിദ് അബി സർ

അബ്ദു റഹ്മാന് ബിൻ അൗഫ് വിവരിച്ച കാര്യം ഇമാം ബാഹിഖി അദ്ദേഹത്തിന്റെ ഷാബുൽ ഈമാൻ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

അബ്ദു റഹ്മാൻ (സ.അ) പറഞ്ഞു.

ഞാനും റസൂലും (സ.അ) ഈ പള്ളിയിൽ നിന്ന് രണ്ട് റക്കഅത്ത് നമസ്ക്കാരം നിർവ്വഹിച്ചു. നമസ്ക്കാരനാന്തരം നബി(സ.അ) കൂടുതലായി ഒരു സുജൂദ് ചെയ്തു. റസൂൽ (സ.അ) യുടെ ഈ സുജൂദ് അങ്ങേയറ്റം നീളുകയും ചെയ്തു. റസൂൽ (സ.അ) സുജൂദിന്നിടയിൽ വഫാത്തായി പോയോ എന്ന് കരുതി ഞാൻ വല്ലാതെ ഉൽക്കണ്ഠാകുലനാകുകയും ആ ധാരണയിൽ ഞാൻ നിശബ്ദനായി കരയുകയും ചെയ്തു. നീണ്ട സുജൂദിന്ന് ശേഷം റസൂൽ (സ.അ) തല ഉയർത്തിയപ്പോൾ ഞാൻ കരയുന്നതായി കണ്ടു.

അവിടുന്ന് ചോദിച്ചു.

നിങ്ങൾക്കെന്ത് പറ്റി.

ഞാൻ എനിക്ക് തോന്നിയിരുന്നതായ കാര്യം പറഞ്ഞു.

റസൂൽ (സ.അ) എന്നോട് പറഞ്ഞു.

ആര് നമസ്ക്കാരം നിർവ്വഹിക്കുകയും എനിക്കായി സലാം നിർവ്വഹിക്കുകയും ചെയ്യുന്നുവോ അല്ലാഹു അവർക്ക് സമാധാനം നൽകുകയും അവർക്കായി നമസ്ക്കാരം നിർവ്വഹിക്കുകയും ചെയ്യുന്നതാണ് എന്ന് ജിബ്രീൽ (അ.സ) എന്നെ അറിയിച്ചിരുന്നു. അതിനാൽ നീണ്ട സുജൂദ് ചെയ്ത് ഞാൻ അല്ലാഹുവിനോട് നന്ദി പ്രകാശിപ്പിക്കുകയായിരുന്നു.

## മസ്ജിദ് അൽ ഗമാമ

പ്രവാചകന്റെ പള്ളിയുടെ തൊട്ടു പടിഞ്ഞാറുള്ളതാണ് ഈ പള്ളി. ഇവിടെ വെച്ച് റസൂൽ (സ.അ) പെരുന്നാൾ നമസ്ക്കാരം നിർവ്വഹിച്ചിരുന്നു.

## മസ്ജിദ് അൽ ജുമുഅഃ

മസ്ജിദ് ഖുബയിൽ നിന്ന് ഒരു കിലോ മീറ്റർ വടക്കാണ് ഈ പള്ളി. ബനു സലീം ഗോത്രം ഇവിടെയാണ് താമസിച്ചത്. റസൂൽ (സ.അ) ഖുബയിൽ നിന്ന് മദീനയിലേക്കുള്ള യാത്രയിൽ ആദ്യത്തെ ജുമുഅ നിർവ്വഹിച്ചതിവിടെയാണ്.

## ജന്നത്തുൽ ബഖീഅ്

റസൂൽ (സ.അ) ഈ ഖബർസ്ഥാനിയിൽ മറമാടപ്പെട്ടവർക്കായി



പ്രർത്ഥിച്ചിരുന്നു. അബു ഹുറൈറ വിവരിച്ച പ്രകാരം ഒരു പ്രാർത്ഥന ഇപ്രകാരമാണ്.

"ഹേ വിശ്വസിച്ചവരേ അല്ലാഹുവിന്റെ സമാധാനം നിങ്ങൾക്കു ണ്ടായിരിക്കട്ടെ. നിങ്ങളോടൊപ്പം ഞങ്ങളും വേഗമെ ത്താൻ അല്ലാഹു ആഗ്രഹിക്കുന്നു. റസൂലിന്റെ കുടുംബത്തിൽപെട്ട താഴെ പറയപ്പെടു ന്നവരെ അവിടെയാണ് മറമാടിയത്.

റസൂൽ (സ.അ)യുടെ പെൺ മക്കളായ ഫാത്തിമ (റ.അ), റുഖിയ്യ (റ.അ), ഉമ്മുകുൽസു (റ.അ), സൈനബ്(റ.അ)യും മകനായ ഇബ്രാഹിം എന്നിവരെയും

റസൂൽ (സ.അ) യുടെ ഭാര്യമാരിൽ ഖദീജ (റ.അ), യും മൈമൂന(റ.അ), ഒഴികെ മറ്റുള്ളവരെയും.

റസൂൽ (സ.അ) യുടെ കാരണവർ അബ്ബാസ്, ബാപ്പയുടെ അമ്മായിമാരായ സഫിയ , ആത്തിഖ , എന്നിവരേയും.

റസൂൽ (സ.അ)ന്റെ പേരമകൻ ഹസ്സൻ (റ.അ), അലി (റ.അ) യുടെ ഉമ്മ ഫാത്തിമ ബിന്ദ് അസദ് എന്നിവരേയും.

അഖീൽ ബിൻ അബൂതാലിബ് (റ.അ) അബ്ദുള്ള ബിൻ ജാഫർ ബിൻ അബൂ താലിബ് (റ.അ) എന്നിവരെയും ഇവിടെയാണ് മറമാടിയത്.

കൂടാതെ നബിയുടെ അനുചരൻമാരായ ഉസ്മാന് ബിൻ മൗസും (റ.അ). ഉസ്മാന് ബിൻ അഫാൻ (റ.അ), ഖുനൈസ് ബിൻ ഹസ്ഫ (റ.അ), സഅദ് ബിൻ അബീ വഖാസ് (റ.അ), അബൂ സഈദ് ഖുർദി(റ.അ), അബ്ദുറഹ്മാൻ ബിൻ മസ്ഊദ് (റ.അ), അസദ് ബിൻ സുററാ (റ.അ), സഅദ് ബിൻ മൗസ് (റ.അ) കൂടാതെ ആയിരക്കണക്കിന് മറ്റുള്ളവരേയും ഇവിടെയാണ് മറമാടിയത്.

ഇമാം മാലിഖ്, ഇമാം നാഫി, സൈനുൻ ആബിദീൻ, ജാഫർ സാദിഖ്, ഹലീമ സഅദിയ, എന്നിവരേയും അവിടെയാണ് മറമാടിയത്. അല്ലാഹുവിന്റെ കരുണ അവരിലൊക്കെ ചൊരിയുമാറാകട്ടെ.

## സഖിഫ ബനൂ സഈദ

നഗരത്തിലെ അല്ലെങ്കിൽ സമൂഹത്തിലെ യോഗസ്ഥലം എന്നർത്ഥം. അബൂബക്കർ (റ.അ) ആദ്യ ഖലീഫയായതിന് ശേഷം ഇവിടെയാണ് ഇസ്ലാമിക സമ്മേളനങ്ങൾ നടത്തിയിരുന്നത്. ഇത് മസ്ജിദുന്നബവിയിലെ ബാബ് സൗദിന്നും ഖറം ഹോട്ടലിന്നിടയിലാണ്.

ഇപ്പോൾ ഇതിന്റെ പകുതി സ്ഥലം വൈദ്യുതി നിലയവും പകുതി സ്ഥലം പൂന്തോട്ടവുമാണ്.

## മസ്ജിദ് ബനു ഹറം

ഇത് മസ്ജിദ് ഫത്തഹിൽ നിന്ന് അര കിലോമീറ്റർ പടിഞ്ഞാറ് മാറിയാണ്. അഹ്സാബ് യുദ്ധസമയത്ത് ഒരു ഡസൻ ആളിന്നുള്ള ഭക്ഷണം ആയിരങ്ങൾ ഭക്ഷിച്ച അൽഭുതവും ഇവിടെ വെച്ചാണ് സംഭവിച്ചത്. ( ബുഹാരി)

## മസ്ജിദ് റയാഹ്

ഇത് റയാഹ് മലക്ക് മുകളിൽ ഉസ്മാന് ബിൻ അഫാൻ തെരുവിലാണ്. കിടങ്ങ് കുഴിക്കുന്ന അവസരത്തിൽ റസൂൽ (സ.അ)യുടെ ടെന്റ് ഈ മലയിലായിരുന്നു. അതിന്നാലാണ് ഈ പള്ളി പണിതത്. പാറ പൊട്ടിച്ചതായ അൽഭുതങ്ങൾ നടന്നത് ഈ മലയുടെ തെക്ക് വടക്ക് ഭാഗത്താണ്.

## മസ്ജിദ് മുസ്തറഹ്

ഇത് സയ്യിദ് ഷഹാദത്ത് റോഡിലാണ് സ്ഥിതി ചെയ്യുന്നത്. റസൂൽ (സ.അ) അവിടുത്തെ അനുചരൻമാരും ഉഹ്ദ് യുദ്ധാനന്തരം ഇവിടെയാണ് ദീർഘ നേരം വിശ്രമിച്ചിരുന്നത്.

## മസ്ജിദ് ഷൈഖാൻ

സയ്യിദ് ഷഹാദ റോഡിൽ മസ്ജിദ് മുസ്താറിന്നടുത്താണ് ഈ പള്ളി. ഉഹ്ദ് യുദ്ധത്തിന്ന് പോകുമ്പോൾ ഒരു രാത്രി റസൂൽ (സ.അ)യും ഇവിടെ താമസിക്കുകയും മഗ്രിബ്, ഇഷാ നമസ്ക്കാരങ്ങൾ നിർവ്വഹിക്കുകയും ചെയ്തിരുന്നു. മുസ്ലിം പട്ടാളം ഉഹ്ദിലേക്ക് മാർച്ച് ചെയ്തപ്പോൾ കപടവിശ്വാസിയായ അബ്ദുള്ള ബിൻ ഒബേയും അനുയായികളും ഇവിടെ വെച്ചാണ് മദീനയിലേക്ക് മടങ്ങിത്.



# പ്രവാചകന്റെ പള്ളിയുടെ അന്തഃപുരം

ധാരാളം ചരിത്രകാരൻമാർ പ്രവാചകന്റെ പള്ളിയുടെ അന്തർ ഭാഗത്തെ കുറിച്ച് വിവരിച്ചിട്ടുണ്ട്. ഉദാഹരണത്തിന് ശൈഖ് ദഹ്ലവി (ഹി 958–ഹി 1052) അദ്ദേഹത്തിന്റെ മദീനയുടെ ചരിത്രം എന്ന ഗ്രന്ഥത്തിൽ താഴെ പറയുന്ന കാര്യങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. ഇത് പ്രവാചകന്റെ പള്ളിയെക്കുറിച്ചുള്ള രേഖാചിത്രത്തോടൊപ്പം നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്.

### പ്രതിനിധികളുടെ സ്തൂപം.

അതിലിപ്രകാരം എഴുതിയിട്ടുണ്ട് هذه اسطوانة الوفود

ഇവിടെയാണ് റസൂൽ (സ.അ) സന്ദർശകരെ സ്വീകരിച്ചിരുന്നത്. ആ കൂടിച്ചേരലുകളിൽ നബിക്ക് ചുറ്റും നബിയുടെ പ്രധാനപ്പെട്ട അനുചരൻമാർ ഇരിക്കാറുണ്ടായിരുന്നു.

### സുരക്ഷാ ഭടൻമാരുടെ സ്തൂപം

അതിലിപ്രകാരം എഴുതിയിട്ടുണ്ട്. هذه اسطوانة الحرس സുരക്ഷാ ഭടൻമാർ ഇവിടെയാണ് നിന്നിരുന്നത്.

മത്രി പറഞ്ഞു.

അവിടെ ആയിഷ (റ.അ) യുടെ കുടിലിൽ നിന്ന് ഈ സ്തൂപത്തിന്ന് നേരെ എതിരായി ഒരു വാതിലുണ്ടായിരുന്നു. അതിലൂടെയാണ് പ്രവാചകൻ (സ.അ) മസ്ജിദ് നബവിയിലേക്ക് വന്നിരുന്നത്.

### കിടക്ക സ്തൂപം

അതിലിപ്രകാരം എഴുതിയിട്ടുണ്ട്. هذه اسطوانة السرير

അബ്ദുള്ള ബിൻ ഉമർ (റ.അ) യുടെ വിവരണത്തിൽ ഇങ്ങനെകാണാം. റസൂൽ ഇഅ്ത്തിക്കാഫിന്നിടയിൽ ഇവിടെയാണ് കിടന്നിരുന്നത്.

## അബൂ ലുബാബഃയുടെ സ്തൂപം

അതിലിപ്രകാരം എഴുതിയിട്ടുണ്ട്. هذه اسطوانة أبي لبابه

തഫ്സീൻ ഇബ്നു കതീറിന്റെ വിവരണത്തിൽ ഇങ്ങനെകാണാം. റസൂൽ (സ.അ) ജൂത ഗോത്രമായ ബനു ഖുറൈസക്കാരെ അവരുടെ വഞ്ചനക്ക് ശിക്ഷിക്കുവാൻ ആഗ്രഹിച്ചു. അങ്ങനെ അബു ലുബൈബയെ മദ്ധ്യസ്ഥനായി നിയോഗിച്ചു. അദ്ദേഹത്തിന്റെ പിശകു കാരണം അവർക്കുള്ള ശിക്ഷയെകുറിച്ച് റസൂൽ (സ.അ)യുടെ രഹസ്യം വെളിവാക്കിപ്പോയി. ഉടനെ അദ്ദേഹം പിശക് മനസ്സിലാക്കുകയും അല്ലാഹു അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിക്കുന്നത് വരെ ഒരു മരത്തിൽ സ്വയം കെട്ടിയിട്ട അവസ്ഥയിൽ കിടന്നു. ഏഴ് ദിവസം കഴിഞ്ഞ് അദ്ദേഹത്തിന്റെ പശ്ചാത്താപം സ്വീകരിച്ചതായി ദിവ്യസന്ദേശം റസൂൽ (സ.അ)ക്ക് കിട്ടിയ ശേഷം അദ്ദേഹം സ്വയം കയറഴിച്ച് മോചിതനായി. വിശ്വസിച്ചേൽപ്പിച്ചത് അനുമതിയില്ലാതെ വെളിപ്പെടുത്തുന്നത് നബിയുടെ അനുചരൻമാർ കടുത്ത അപരാധമായാണ് കണ്ടിരുന്നത്. അത് തിരുത്തുന്നതിന്ന് അവർ അങ്ങേയറ്റം വരെ പോയിരുന്നു.

## ആയിഷ (റ.അ) യുടെ സ്തൂപം

അതിലിപ്രകാരം എഴുതിയിട്ടുണ്ട്. هذه اسطوانة عائشة

റസൂൽ (സ.അ)ഇപ്രകാരം പറഞ്ഞതായി ആയിഷ (റ.അ) വിവരിക്കുന്നു.

അവിടമാകുന്നു മസ്ജിദു നബവി ശരീഫിലെ ഏറ്റവും പ്രധാനപ്പെട്ട സ്ഥലം. അത് ജനങ്ങളറിഞ്ഞിരുന്നുവെങ്കിൽ നമസ്ക്കാരത്തിന്നായി ആ സ്ഥലം കിട്ടാൻ നറുക്കിടുമായിരുന്നു. ഒരു ദിവസം നബിയുടെ അനുചരൻമാർ ആയിഷ (റ.അ) യോട് ഈ സ്ഥലത്തെപ്പറ്റി ചോദിച്ചു.

അവർ അത് വെളിപ്പെടുത്താൻ വിമുഖത കാണിച്ചു. നബിയുടെ അനുചരൻമാർ പോവുകയും അവരുടെ മരുമകനായ അബ്ദുള്ള ബിൻ സുബൈർ ഇപ്പോഴത്തെ ആയിഷ (റ.അ)യുടെ സ്തൂപത്തിന്നരികെ നമസ്ക്കാരം നിർവ്വഹിക്കുകയും ചെയ്തു. അനുചരൻമാർ കരുതിയത് ആയിഷ (റ.അ) അബ്ദുള്ള ബിൻ സുബൈറിനോട് ആ സ്ഥലത്തെ കുറിച്ച് പറഞ്ഞിട്ടുണ്ടാവുമെന്നാണ്.



നബി (സ.അ) ഖിബ്ല അൽ അഖ്സയിൽ നിന്ന് മക്കയിലെ ഖഅബയിലേക്ക് മാറ്റിയതിന്ന് ശേഷം കുറേ ദിവസം ഈ സ്ഥലത്ത് നിന്ന് കൊണ്ട് നമസ്ക്കാരത്തിന് നേതൃത്വം നൽകിയിരുന്നു. പിന്നീട് അദ്ദേഹം ഇപ്പോൾ മിഹ്റാബ് നബവി എന്നറിയപ്പെടുന്ന സ്ഥലത്ത് നിന്നാണ് നമസ്ക്കാരത്തിന് നേതൃത്വം നൽകിയത്.

## മുഖല്ലക സ്തൂപം

അതിലിപ്രകാരം എഴുതിയിട്ടുണ്ട്. هذه اسطوانة مخلقه

ജാബർ (റ.അ)യിൽ നിന്ന് ബുഹാരി ഇപ്രകാരം വിവരിക്കുന്നു. റസൂൽ (സ.അ) ജുമുഅഃ പ്രസംഗത്തിന്നിടയിൽ അവിടെ കുഴിച്ചിട്ട ഒരു ഈത്തപ്പനത്തടിയിലേക്ക് ചായുമായിരുന്നു. (അവിടെയാണ് ഈ സ്തൂപം) അൻസാറുകൾ ബഹുമാനത്തോടെ റസൂലി (സ.അ) നോട് ചോദിച്ചു. അങ്ങ് സമ്മതിക്കുകയാണെങ്കിൽ നമുക്ക് അങ്ങക്കായി ഒരു മിമ്പർ പണിയാം. റസൂൽ ആയതിന് അനുമതി നൽകുകയും അപ്രകാരം മൂന്ന് പടികളുള്ള ഒരു മിമ്പർ ഉണ്ടാക്കുകയും ചെയ്തു. റസൂൽ (സ.അ) ഈ മിമ്പറിൽ ഇരുന്ന് ജനങ്ങളെ അഭിസംബോധനം ചെയ്യവേ ആ ഈത്തപ്പഴത്തിന്റെ തടി ഒരു കൊച്ചു കുഞ്ഞിനെപോലെ കരയുന്നതാണ് നബി(സ.അ)യുടെ അനുചരൻമാർ കണ്ടത്. റസൂൽ (സ.അ) കരയുന്ന ആ ഈത്തപ്പനത്തടിക്കടുത്തേക്ക് നടന്നടുക്കുകയും അതിനെ കെട്ടിപ്പിടിക്കുകയും ചെയ്തു. ആ മരം നിശ്ശബ്ദമാവുകയും പിന്നെ ഗർഭിണിയായ പെണ്ണൊട്ടകത്തെ പോലെ തേങ്ങിക്കരയുകയും ചെയ്തു. അല്ലാഹു നബി (സ.അ) യുടെ സാമീപ്യത്തൽ നിന്നു തന്നെ വേർപ്പെടുത്തിയത് ഓർത്താണ് മരം തേങ്ങിക്കരഞ്ഞത്. ആ മരത്തിന് ഖലൂഖ് എന്ന സുഗന്ധ ലേപനം പുരട്ടുകയും ആയത് മുഖല്ലാഖ് സ്തൂപം എന്നറിയപ്പെടുകയും ചെയ്തു.

## മെഹ്റാബു നബവി

റസൂൽ (സ.അ)യുടെ കാലത്തോ നാല് ഖലീഫമാരുടെ കാലത്തോ പ്രവാചകന്റെ പള്ളിയിൽ മിഹ്റാബ് ഉണ്ടായിരുന്നില്ല. ഹിജ്റ 91ൽ ഉമർ ബിൻ അബ്ദുൽ അസീസാണ് പ്രാർത്ഥനക്കായി മിഹ്റാബ് ഉണ്ടാക്കിയത്. നിങ്ങൾ ഈ മിഹ്റാബിൽ നമസ്ക്കരിക്കാൻ നിൽക്കുമ്പോൾ നിങ്ങളുടെ സുജൂദിന്റ സ്ഥലം നബി (സ.അ) നമസ്ക്കാരത്തിന് നിന്ന സ്ഥലമാണ്. നബി (സ.അ) സുജൂദ്

ചെയ്തിരുന്ന സ്ഥലം പൂർണ്ണമായും മറച്ച് കൊണ്ടാണ് അവിടെ കട്ടിയുള്ള ഒരു മതിൽ കെട്ടിയിട്ടുള്ളത്.

## മെഹ്റാബ് ഉസ്മാനി

ഈ സ്ഥലത്ത് നിന്ന് കൊണ്ടാണ് ഖലീഫ ഉസ്മാൻ (റ.അ) നമസ്ക്കാരം നിർവ്വഹിച്ചത്. ഇപ്പോഴും ഇമാം ഇവിടെ നിന്നാണ് നമസ്ക്കാരത്തിന്ന് നേതൃത്വം നൽകുന്നത്. ഉമർബിൻ അബ്ദുൽ അസീസാണ് ഈ മിഹ്റാബ് പണിതത്.

## മെഹ്റാബ് ഹനഫി

മുമ്പ് നാല് പ്രധാനപ്പെട്ട ഇമാമുകൾ അവരുടെ നമസ്ക്കാരങ്ങൾ പ്രത്യേകമായ ചെറിയ സമയ വ്യത്യസ്ഥങ്ങളിലായാണ് പ്രവാചകന്റെ പള്ളിയിൽ നിർവ്വഹിച്ചിരുന്നത്. ഹനഫി ഇമാം ഈ സ്ഥലത്ത് നിന്നാണ് നമസ്ക്കാരം നിർവ്വഹിച്ചത്. ഇപ്പോൾ മാത്രമാണ് ഒരു കൂട്ടമായി ഹംബലി ഇമാമിന്റെ ചിന്താധാരക്കനുസൃതമായി നമസ്ക്കാരം പ്രവാചകന്റെ പള്ളിയിൽ നടക്കാൻ തുടങ്ങിയത്. ഇതിന്ന് പിന്നീട് സൗദി ഭരണകൂടം അനുമതി നൽകി.

## മെഹ്റാബ് തഹ്ജ്ജുദ്

റസൂൽ (സ.അ) ഇവിടെ വെച്ചാണ് തഹജ്ജുദ് നമസ്ക്കാരം നിർവ്വഹിച്ച് വന്നിരുന്നത്.

## മിമ്പർ (പുൽപിറ്റ്)

അബൂ ഹുറൈറ (റ.അ)യിൽ നിന്ന് ബുഹാരിയും മുസ്ലിമും ഇങ്ങനെരേഖപ്പെടുത്തുന്നു. റസൂൽ (സ.അ) പറഞ്ഞു. എന്റെ ഭവനത്തിന്നും എന്റെ മിമ്പറിന്നമിടയിലുള്ള സ്ഥലം സ്വർഗ്ഗത്തിലെ ചെറിയ പൂന്തോട്ടമാകുന്നു. അന്തിമ വിചാരണ നാളിൽ എന്റെ മിമ്പർ കൗസറിന്ന് മുകളിലായിരിക്കും. വ്യത്യസ്ഥ മുസ്ലിം ഭരണാധികാരികൾ അതാത് സമയങ്ങളിൽ മസ്ജിദുന്നബവിയിലേക്ക് മിമ്പറുകൾ കൊടുത്തയച്ചിരുന്നു. ഹിജ്റ 998ലെ മൂന്നാം ഒട്ടമൻ സാമ്രാജ്യത്തിന്റെ സുൽത്താൻ മുറാദ് നൽകിയതാണ് ഇപ്പോഴുള്ള മിമ്പറ.

## സുരക്ഷാ ഭടൻമാരുടെ പ്ലാറ്റ് ഫോം

നിങ്ങൾ പള്ളിയിലേക്ക് ബാബ് ജിബ്രീലിലൂടേ പ്രവേശിക്കുകയാണെങ്കിൽ ഇത് നിങ്ങളുടെ വലത് വശത്തായിരിക്കും സുൽത്താൻ നൂറുദ്ധീൻ സംഗിയാണിത് പണിതത്. ഇത് പല സന്ദർശകരും കരുതിയത് പോലെ സുഫഹ അല്ല.



## സുഫഹയുടെ സ്ഥലം

സുഫഹ എന്നാൽ തണലുള്ള സ്ഥലം എന്നർത്ഥം. പാവപ്പെട്ടവരും ഭവനനരഹിതരും താമസിക്കാൻ ഇവിടെമാണ് ഉപയോഗിച്ചിരുന്നത്. അവർ ഇസ്ലാമിനെകുറിച്ചുള്ള വിവരം നേടുകയും പല വിധത്തിലും ഇസ്ലാമിനെ സേവിക്കുകയും ചെയ്തിട്ടുണ്ട്. നിങ്ങൾ ആയിഷ സ്തൂപത്തിൽ നിന്ന് എതിർദിശയിലേക്ക് ഖിബ്ലയുടെ ഭാഗത്തേക്ക് നടക്കുകയാണെങ്കിൽ സുഫഹ് അഞ്ചാമത്തെ സ്തൂപത്തിന്ന് ശേഷമാണ്. ഹിജ്റ ഏഴാം വർഷം റസൂൽ പള്ളി വിപുലീകരിച്ചപ്പോൾ സുഫഹ് പത്ത് മീറ്റർ വടക്ക് ഭാഗത്തേക്ക് മസ്ജിദ് നബവിയുടെ രൂപ രേഖയിൽ കാണുന്ന പ്രകാരം മാറ്റിയിരുന്നു.

## ബിർഹാ

നിങ്ങൾക്ക് പള്ളിയിലേക്ക് അതിന്റ ഇടത് ഭാഗത്തെ ബാബ് ഫഹ്ദിലൂടെ പ്രവേശിക്കുകയാണെങ്കിൽ ഈ കിണർ 15 മീറ്ററോളം മൂന്ന് വട്ടമായി അയൊളപ്പെടുത്തിയിട്ടുണ്ട്. റസൂൽ (സ.അ) വരുകയും ഇവിടെ നിന്ന് വെള്ളം കുടിക്കുകയും ചെയ്തിട്ടുണ്ട്. ഈ കിണറും അതിന് ചുറ്റുമുള്ള സ്ഥലവും അബൂ തൽഹാ (റ.അ)യുടെ ഉടമസ്തഥയിലായിരുന്നു. ഇതിൽ നിന്ന് നബിയുടെ അനുചരൻമാർ ഖുർആൻ വചനങ്ങളും അല്ലാഹുവിന്റെ നേർമാർഗ്ഗവും സ്വമേധയാ ഉൾക്കൊണ്ടിരുന്നു എന്ന് മനസ്സിലാവുന്നു.

## അബൂബക്കറിന്റെ ഭവനം

നിങ്ങൾ മിമ്പറിൽ നിന്ന് ബാബ് സിദ്ദിലേക്ക് നടക്കുമ്പോൾ ഈ ഭവനം അഞ്ചാമത്തെ തൂണിന്നരികിൽ ബാബ് സിദ്ദീഖിന്റെ രേഖയിലാണ് സ്ഥിതി ചെയ്യുന്നത്. ഒരു ദിവസം റസൂൽ (സ.അ) പറഞ്ഞു. നബിയുടെ പള്ളിയിലേക്കുള്ള എല്ലാ വാതിലുകളും അടക്കുക. അബൂബക്കറിന്റെ വീടിന്റ വാതിൽ ഒഴിച്ച്. ഇത് അബൂബക്കർ രണ്ടാം ഖലീഫ ആയേക്കുമെന്നതിന്റെ പ്രവചനമായിരുന്നു. (ബുഹാരി)'

## LAYOUT OF THE INTERIOR OF THE PROPHET'S MOSQUE




**Bir Ha** is located just inside Bab Fahd
(Note: Site 19 is not shown on scale in this layout)



1. സന്ദർശകരുടെ സ്തൂപം
2 സുരക്ഷാ ഭടൻമാരുടെ സ്തൂപം
3 കിടക്ക സ്തൂപം
4 അബൂലുബായുടെ സ്തൂപം
5. ആയിഷ സ്തൂപം
6. മുഖല്ലഖ സ്തൂപം
7 മെഹ്റാബു നബവി
8. മെഹ്റാബു ഉസ്മാനി
9. മെഹ്റാബ് ഹനഫി
10 മെബ്റാബു തഹജ്ജുദ്
11. പുൽപിറ്റ് (മിമ്പർ)
12. മുഹദ്ദിന്റെ സ്ഥാനം
13. തഹജ്ജുദിന്റ സ്ഥാനം
14. സുരക്ഷാ ഭടൻമാരുടെ സ്ഥാനം
15. സുഫ്ഫഹയുടെ സ്ഥാനം
16. ബാബ് ബാഖി.
17. ബാബ് ജിബ്രീൽ
18. ബാബ് നിസാ
19. ബിർഹാ
20. ബാബ് സലാം
21. അബൂബക്കറിന്റ ഭവനം




**Map of Madina Munawwara**

- 1- Shuhada Uhud
- 2- Masjid Al-Mustrah
- 3- Masjid Qiblatain
- 4- BirOsman
- 5- Khandak (Battle of Ahzab)
- 6- Masjid Nabawi
- 7- Masjid Abi Zar
- 8- Masjid Ejabah
- 9- Masjid Jumah
- 10- Masjid Quba
- 11- BanuNadir
- 12- Madina Hospital
- 13- Quraiza Mountain



# ഇംതിയാസ് അഹമ്മദിന്റെ പുസ്തകങ്ങളെ കുറിച്ച് വായനക്കാരുടെ കത്തുകൾ

*ഹലോ ഇംതിയാസ്, ഞാൻ ഷഹനാസ് ബീഗം, ഒരു ബ്രിട്ടീഷ് ഇന്ത്യൻ മുസ്ലിമാണ്. ഞാൻ ജനിച്ചതും വളർന്നതും ബ്രിട്ടനിലാണ്. ഇന്ത്യയിലോ, മറ്റേതെങ്കിലും മുസ്ലിം രാജ്യത്തേക്കോ ഞാൻ പോയിട്ടില്ല. ആയതിനാലാവാം ബ്രിട്ടനിലെ മറ്റു യുവതികളെ പോലെ ഇസ്ലാമിനെ മനസ്സിലാക്കാൻ എനിക്കും പ്രയാസം നേരിട്ടത്. മൂന്നാം വയസ്സ് മുതൽ സ്വകാര്യ അദ്ധ്യാപകരിലൂടെ ഇസ്ലാമിനെ കുറിച്ച് പഠിച്ചെങ്കിലും പൂർണ്ണമായി ഉൾക്കൊള്ളാൻ പ്രയാസമായിരുന്നു. എന്നിരുന്നാലും ഞാൻ വായിച്ച ഇസ്ലാമിക പുസ്തകങ്ങളിൽ എന്നെയേറെ ആകർഷിച്ചത് നിങ്ങളുടെ പുസ്തകങ്ങളാണ്. എന്റെ സഹോദരൻ അവ സിറിയയിൽ നിന്നാണ് കൊണ്ടു വന്നത്. വളരെ ലളിതവും സുതാര്യവുമായും കാര്യങ്ങൾ മനസ്സിലാക്കുവാൻ അത് എന്നെ സഹായിച്ചിട്ടുണ്ട്. ഒരു നിയമ വിദ്യാർത്ഥി എന്ന നിലയിൽ ഖുർആന്റെ ഇംഗ്ലീഷ് പരിഭാഷ എനിക്ക് വായിക്കുവാൻ സമയം കിട്ടാറില്ല. അതുകൊണ്ട്തന്നെ നിങ്ങളുടെ പുസ്തകങ്ങൾ എനിക്ക് വളരെ മഹത്തരമായി അനുഭവപ്പെടുന്നു.*

**5-11-2001** **ഷഹനാസ്. യു.കെ**

***നി**ങ്ങളുടെ സ്പീച്ചസ് ഫോർ ആൻ എൻക്വയറിംഗ് മൈന്റ് എന്ന പുസ്തകം എനിക്ക് ധാരാളം വിവരങ്ങൾ സമ്മാനിക്കുകയും വല്ലാത്ത അനുഭൂതി പകരുകയും ചെയ്തിരുന്നു. ഖുർആനിലെ വിധിവിലക്കുകൾ ഹദീസ്, ഫിഖ്ഹ് എന്നിവയെ കുറിച്ചുള്ള വളരെ അസാധാരാണമായതും ഏറെ വായിക്കപ്പെട്ടതുമായ ഒരു പുസ്തകമാണിത്. സൗത്ത് ആഫ്രിക്കയിലെ മദ്രസകളിലെ സിലബസ്സിൽ ഇതിൽ പറഞ്ഞ കാര്യങ്ങൾ ഉൾപ്പെടുത്തേണ്ടവയാണെന്ന് എനിക്കു തോന്നി. അതിനായി ഇത് പ്രസിദ്ധീകരിക്കാൻ ഞാൻ നിങ്ങളുടെ അനുമതി പ്രതീക്ഷിക്കുകയാണ്. ദീൻ പ്രചരിപ്പിക്കാനുള്ള ശ്രമത്തിന് അല്ലാഹു നിങ്ങൾക്ക് തക്കതായ പ്രതിഫലം തരട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.*

***6-1-02 നിസാർ അഹമ്മദ് താലിയ, സൗത്ത് ആഫ്രിക്ക.***

***വി**ശുദ്ധ ഖുർആനിലെയും ഹദീസിലെയും അറിവിന്റെ എണ്ണിയാലൊടുങ്ങാത്ത മുത്തുകളുടെ ഭണ്ഡാകാരമാണ് വാസ്തവത്തിൽ നിങ്ങളുടെ റിമൈന്റേർസ് ഫോർ പീപ്പിൾ ഓഫ് അണ്ടർസ്റ്റാന്റിംഗ് എന്ന പുസ്തകം. വ്യത്യസ്ത ജീവിതത്തിലെ സൂക്ഷ്മ യാഥാർത്ഥ്യങ്ങളും അത് നേരിടുവാനുള്ള ഉപദേശങ്ങളും ഇതിലടങ്ങിയിട്ടുണ്ട്. എഴുത്തുകാരന്റെ ശൈലി എന്നെ വളരെ ആകർഷിച്ചു. അത് ലളിതവും വേഗത്തിൽ ഉൾക്കൊള്ളാനാവുന്നതുമാണ്.*

***ജൂൺ 2001 ഡോ.അസ്ഗർ അലി ഷെയ്ഖ്, മദീന.***



***വാ**യന തുടങ്ങി അവസാനിപ്പിക്കുന്നത് വരെ ഞാൻ ഇന്റർനാഷണൽ മുസ്ലിം യൂത്ത് എന്ന പുസ്തകം നിലത്ത് വെച്ചിട്ടില്ല. ഇസ്ലാമിനെ അറിയാൻ ആഗ്രഹിക്കുന്ന അമുസ്ലിങ്ങൾക്ക് ഈ പുസ്തകം ഒരനുഗ്രഹമാണ്. മുസ്ലിങ്ങൾക്ക് വിശ്വാസത്തിന്റെ തനിമ ഉൾക്കൊള്ളാനും അതെങ്ങനെ പ്രചരിപ്പിക്കണം എന്നും ഇത് വ്യക്തമാക്കുന്നുണ്ട്. അല്ലാഹു നിങ്ങളെ ഈ ലോകത്തും പരലോകത്തും അനുഗ്രഹിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.*

***മാർച്ച് 2002 ജാഫർ ഖാസിം.***

***ഞാ**ൻ ഈ അടുത്ത് ഹിന്ദുമതത്തിൽ നിന്ന് ഇസ്ലാമിലെത്തിയ ആളാണ്. എം.ബി.എക്കാരനായ ഞാൻ ഒരു കോളേജ് അദ്ധ്യാപകനാണ്. നിങ്ങളുടെ മൂന്ന് പുസ്തകങ്ങൾ ഞാൻ വായിച്ചു. നിങ്ങളുടെ ലളിതമായ ശൈലി എനിക്ക് വളരെ കൗതുകമായി തോന്നി. ഇസ്ലാമിക പുസ്തക ലോകത്തിലേക്കുള്ള നിങ്ങളുടെ സംഭാവന അനുമോദിക്കത്തക്കത്തതാണ്. ഇത്തരത്തിലുള്ളവ ഇനിയും ഞാൻ പ്രതീക്ഷിക്കുന്നു.*

***28-05-03 മുഹമ്മദ് സുബൈർ, ഇന്ത്യ.***

***നി**ങ്ങളുടെ ഇന്റർനാഷണൽ മുസ്ലിം യൂത്ത് എന്ന പുസ്തകം വളരെ ആകർഷണീയമാണ്., ചെറുപ്പക്കാർ എങ്ങനെയാണ് ഇസ്ലാം മതം ആശ്ലേഷിക്കുകയും അവരുടെ ജീവിതം മൊത്തമായി മാറ്റുകയും ചെയ്യുന്നതെന്ന് ഞാൻ അൽഭുതപ്പെട്ടുപോയിട്ടുണ്ട്.. അവസാനം സ്വയം സമർപ്പിച്ചവരായി ഇസ്ലാമിനെ അവർ സേവിക്കുകയും ചെയ്യുന്നു. അത്തരത്തിലുള്ള ഒരാളെ വേൾക്കാൻ ഞാൻ ആഗ്രഹിക്കുന്നു.*

***ഡിസ. 2003 സലീമ മദ്ദോർ, അൽജീരിയ.***

***ഞാ**ൻ ദി ട്രൂ സ്റ്റോറീസ് ഓഫ് അമേരിക്കൻ ന്യൂ മുസ്ലിംസ് എന്ന പുസ്തകം വായിച്ചു. അത് ആകർഷകമായി എനിക്ക് തോന്നുകയും നിങ്ങളുടെ ആയുസ് യഥാർത്ഥ അധിപനായി അല്ലാഹു നീട്ടിത്തരട്ടെയെന്ന് പ്രാർത്ഥിക്കുകയും ചെയ്തു. മുസ്ലിം യുവതികളായ ഞങ്ങൾ നിങ്ങളുടെ കാൽപ്പാടുകൾ പിന്തുടരുന്നതാണ്. നിങ്ങളെ പോലെ ഞങ്ങളെയും സൽക്കർമ്മികളായ വിശ്വാസികളായി അല്ലാഹു പരിഗണിക്കട്ടെയെന്ന് ഞാൻ പ്രാർത്ഥിക്കുന്നു.*

***14-09-08 അമീൻ ഷഹദ, മഹമ, ഘാന, ആഫ്രിക്ക.***

***നി**ങ്ങളുടെ സ്പീച്ചസ് ഫോർ ഏൻ എൻക്വയറിംഗ് മൈന്റ് എന്ന പുസ്തകം എനിക്ക് മദീനയിൽ വെച്ച് ദാനമായി കിട്ടി. അത് എന്നെ നേർവഴിയിലേക്ക് നയിക്കുകയും അറിവ് നൽകുകയും ചെയ്തത് അൽഭുതകരമായി എനിക്ക് തോന്നുന്നു. തീർച്ചയായും നിങ്ങളുടെ പരിശ്രമം ഒരു സമ്പാദ്യം തന്നെയാണ്. അതിലുള്ള അറിവും ദീർഘ ദർശനവും ഇസ്ലാമിന്റെ വികസനത്തിന് എണ്ണിയാലൊടുങ്ങാത്ത സംഭാവനയാണ്. ഈ പുസ്തകം ഞങ്ങൾ നൈജീരിയയിലെ ഹൗസ ഭാഷയിലേക്ക് പരിഭാഷ ചെയ്യുവാനായി നിങ്ങളുടെ അനുമതി തേടുന്നു.*

***മുഹമ്മദ് അൽ അമീൻ തുക്കൂർ,***
***13-9-07 നൈജീരിയ, ആഫ്രിക്ക.***

***നി**ങ്ങളുടെ സ്പീച്ചസ് ഫോർ ഏൻ എൻക്വയറിംഗ് മൈന്റ് എന്ന പുസ്തകത്തിലൂടെ ഞാൻ കടന്നുപോയപ്പോൾ പ്രയാസമേറിയ വിഷയം നിങ്ങൾ വളരെ സുന്ദരമായി കൈകാര്യം ചെയ്തതായി എനിക്ക് തോന്നി. ഇത് ഇസ്ലാമിക ആവശ്യത്തിനായി ഉപയോഗിക്കുവാൻ ഞാൻ നിങ്ങളുടെ അനുമതി ചോദിക്കുന്നു.*

***28-01-01 മുഹമ്മദ് നുരാനി, കെനിയ, ആഫ്രിക്ക.***



***ഞാ**ൻ വായിച്ച പുസ്തകങ്ങളിൽ നിങ്ങളുടെ സ്പീച്ചസ് ഫോർ ഏൻ എൻക്വയറിംഗ് മൈന്റ് ഏറ്റവും നല്ലതാണ്. പുസ്തകത്തിന്റെ പേര് പോലെ തന്നെ ഉള്ളടക്കവും എനിക്ക് വേഗത്തിൽ ഉൾക്കൊള്ളാൻ കഴിഞ്ഞു. ഓരോ അദ്ധ്യായത്തിലും ശരിയാംവണ്ണം കാര്യങ്ങൾ വിലയിരുത്തപ്പെട്ടിട്ടുണ്ട്. പുസ്തകം ഇപ്പോഴും എന്റെ മേശപ്പുറത്തുണ്ട്. ജനങ്ങൾക്ക് മനസ്സിലാവുന്ന തരത്തിലേക്ക് നിങ്ങളുടെ ശ്രമം വിജയിച്ചിട്ടുണ്ട്. അല്ലാഹുവിന്റെ സഹായം നിങ്ങൾക്കുണ്ടാവട്ടെ*

***29-11-01 ഡോ. ഷക്കീൽ ഫാറൂഖി, മദീന.***

***ഞാ**ൻ നിങ്ങളുടെ രണ്ട് പുസ്തകം മാത്രമേ വായിച്ചിട്ടുള്ളു. സുന്ദരമായിരിക്കുന്നു. ഞാൻ ധാരാളം ഇസ്ലാമിക ഗ്രന്ഥങ്ങൾ വായിച്ചിട്ടുണ്ട്. പക്ഷെ ഇത്രമാത്രം വിവരണങ്ങൾ അതിലൊന്നും എനിക്ക് കാണാൻ കഴിഞ്ഞിട്ടില്ല. എന്നെ പോലുള്ള ചെറുപ്പക്കാരുടെ കാര്യങ്ങൾ ചർച്ച ചെയ്യപ്പെട്ടത് നന്നായിരിക്കുന്നു.*

***11-03-02 സാഖിയ, യു.കെ.***

***നി**ങ്ങളുടെ ഇന്റർനാഷണൽ മുസ്ലിം യൂത്ത് വായിക്കവെ ഞാനറിയാതെ കരഞ്ഞു പോയി. കൂടുതൽ മുസ്ലിം സഹോദരൻമാർ ഇസ്ലാമിക പ്രചരണത്തിനായി അത്യപൂർവ്വമായ കാര്യങ്ങൾ ധാരാളം പ്രവർത്തിക്കുന്നതായി ഞാനറിയുന്നു. എനിക്കൊന്നും ചെയ്യാനാവാത്തതിൽ ഞാൻ ലജ്ജിക്കുന്നു.*

***23-04-03 അബ്ദുറഹീംബബരാൻ, ഫിലിപ്പൈൻസ്.***

*ഇന്റർനാഷണൽ മുസ്ലിം യൂത്ത് വായിച്ചപ്പോൾ ഞാൻ വികാരാധീതനായി. ഇസ്ലാമിന്റെ സുരക്ഷയ്ക്കായി പ്രവർത്തിക്കാനുള്ള കഴിവ് നൽകി അല്ലാഹു നിങ്ങളെ അനുഗ്രഹിക്കട്ടെ.*

***4-02-03 അൻവർ കമാൽ, കുവൈറ്റ്.***

*അസ്സലാമു അലൈക്കും ഞാൻ സാഫത്ത് ബീഗം. ബർമ്മയിലുള്ള മുസ്ലിമാണ്. നിങ്ങളുടെ ഇന്റർനാഷണൽ മുസ്ലിം യൂത്ത് എനിക്ക് വല്ലാതെ ഇഷ്ടമായി. അത് വായിച്ച ശേഷം സത്യമറിയാനും ഇസ്ലാമിക ജീവിതത്തിൽ പ്രാവർത്തികമാക്കാനും ഞാൻ ശ്രദ്ധിക്കുന്നു. ഇസ്ലാമിന്റെ പ്രചരണത്തിന് ഇത് വളരെ അനുമോദനമർഹിക്കുന്നതാണ്.*

***2-05-03 സാഫത്ത് ബീഗം, അക ടിൻ സു ഖിൻ, ബർമ്മ.***

*ഞാൻ നൈജീരയായിലെ ഒഗുൺ സ്റ്റേറ്റിലെ ബോലറിൻവ ഹബീബത്ത് അതിശക്ക എന്നവരാണ്. നിങ്ങളുടെ സ്പീച്ചസ് ഫോർ ഏൻ എൻക്വയറിംഗ് മൈന്റ് വായിക്കുകയും എന്റെ ജീവിതം അതിലൂടെ ഉൾക്കൊള്ളുകയുമാണ്. ഇത് എന്റെ ജീവിതത്തിലെ ഏറ്റവും വലിയ അനുഗ്രഹമാണ്. ഇത് പോലുള്ള പുസ്തകം ഭൂമിയിൽ മറ്റൊന്നില്ലെന്ന് ഞാൻ വിശ്വസിക്കുന്നു. അല്ലാഹുവിന്റെ അനുഗ്രഹം നിങ്ങളിൽ ഇനിയും വർഷിക്കട്ടെ.*

***12-05-04 ബോലറിൻവ ഹബീബത്ത്, നൈജീരിയ.***



# ഇവർക്ക് നന്ദി രേഖപ്പെടുത്തുന്നു

1. അൽ ശൈഖ് മുഹമ്മദ് ബിൻ അബ്ദുള്ള അസ്ബിയൻ (ചെയർമാൻ അമൂർ ഹർമൈൻ ശരീഫൈൻ.)
2. അൽ ശൈഖ് സ്വാലിഹ് ബിൻ ഹമീദ് റൈസ് മജ്ലിസ് ശൂറ
3. അൽ ശൈഖ് സ്വാലിഹ് ബിൻ മുഹമ്മദ് അൽ ത്വാലിബ് (ജഡ്ജ് ഹൈക്കോടതി മക്ക മുക്കറമ.)
4. അൽ ശൈഖ് ഡോ. സൗദ് ബിൻ ഇബ്രാഹിം അൽ ശരീം ജഡ്ജ് ഹൈക്കോടതി മക്ക മുക്കറമ. (റിട്ടേർഡ്)
5. അൽ ശൈഖ് ഡോ. അബ്ദുൽ റഹ്മാൻ ബിൻ അബ്ദുൽ അസീസ് അൽ സദിസ് (പ്രൊഫസർ ജാമിയ ഉമ്മുൽ ഖറ മക്ക)
6. അൽ ശൈഖ് ഡോ. അസ്മ ബിൻ അബ്ദുള്ള ഹയാത്ത് (പ്രൊഫസർ ജാമിയ ഉമ്മുൽ ഖറ മക്ക)
7. അൽ ശൈഖ് ഡോ. മഹർ അൽ മആഖാലി (പ്രൊഫസർ ജാമിയ ഉമ്മുൽ ഖറ മക്ക)
8. അൽ ശൈഖ് ഡോ. ഔദ് ബിൻ അബ്ദുള്ള അൽ ജൗഹഹി (പ്രൊഫസർ ജാമിയ ഉമ്മുൽ ഖറ മക്ക)
9. അൽ ശൈഖ് ഡോ. ഫൈസൽ അൽഖസാവി (പ്രൊഫസർ ജാമിയ ഉമ്മുൽ ഖറ മക്ക)
10. അൽ ശൈഖ് ഡോ. ഖാലിദ് അൽ ഖാമദി (പ്രൊഫസർ ജാമിയ ഉമ്മുൽ ഖറ മക്ക)

എന്നിവരായ മക്ക ഹറമിലെ പ്രധാനപ്പെട്ടവരോട് നന്ദി പറയുന്നു.

**മദീന മുനവ്വറയിലെ പ്രധാനപ്പെട്ടവരായ താഴെ പറഞ്ഞവരോടും നന്ദി രേഖപ്പെടുത്തുന്നു.**

1 അൽ ശൈഖ് ഡോ. അലീ ബിൻ അബ്ദുൽ റഹ്മാനി അൽ ഖദീഫി ( പ്രൊഫസർ കോലേജുൽ ഖുർആൻ ജാമിഅ അൽ ഇസ്ലാമിയ, മദീന മുനവ്വറ)

2. അൽ ശൈഖ് ഡോ. അബ്ദുൽ ബാരി അൽ സബീതി (പ്രൊഫസർ ടീച്ചർ ട്രയിനിംഗ് കോളേജ് മദീന മുനവ്വറ)

3. അൽ ശൈഖ് ഡോ. ഹുസൈൻ അൽ ശൈഖ് ( ജഡ്ജ് ഹൈക്കോടതി, മദീന മുനവ്വറ)

4. അൽ ശൈഖ് ഡോ. സ്വാലിഹ് ബദിർ ( ജഡ്ജ് ഹൈക്കോടതി, മദീന മുനവ്വറ)

5. അൽ ശൈഖ് ഡോ. അബ്ദുൽ ഹസ്സൻ അൽ ഖാസിമി ( ജഡ്ജ് ഹൈക്കോടതി, മദീന മുനവ്വറ).

❍ ❍ ❍